എൽ. എസ്. എസ്., യു. എസ്. എസ്., എൻ. എം. എം. എസ്., എൻ. ടി. എസ്.

മെരിറ്റ് സ്കോളർഷിപ്പ് പരീക്ഷകളുടെ

# അവസ്ഥാപഠനം

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (എസ്.സി.ഇ.ആർ.ടി.)

കേരളം – 2019

## പഠനസമിതി അംഗങ്ങൾ

**ഡോ. അഞ്ജു ഐ.**

ഐ.എ.എസ്.ഇ., തൃശ്ശൂർ

**ഡോ. ബിന്ദു ശ്രീധർ**

അസി.പ്രൊഫ., ബി.എഡ് കോളേജ്, നെല്ലിമൂട്

**ഡോ. ബിന്ദു റ്റി.എസ്.**

എച്ച്.എസ്.എസ്.റ്റി., ഗവ.ഹയർ സെക്കന്ററി സ്കൂൾ, അഷ്ടമുടി, കൊല്ലം

**ഡോ. ടി. വി. കുഞ്ഞിരാമൻ**

സ്റ്റേറ്റ് കരിക്കുലം സ്റ്റിയറിംങ് കമ്മിറ്റി അംഗം

**ഡോ. ലിഡ്സൺ രാജ്**

ജി.സി.ടി.ഇ., തിരുവനന്തപുരം

**ഡോ. കെ. രാജേശ്വരി**

ജി.സി.ടി.ഇ., കോഴിക്കോട്

**ഡോ. സെലിൻ പെരേര**

റിട്ട. പ്രൊഫ. എം.ജി. യൂണിവേഴ്സിറ്റി

**ശ്രീമതി. സുഗധ എം.**

ഡി.ഡി.ഇ., ക്യൂ.ഐ.പി., തിരുവനന്തപുരം

**ഡോ. പി.കെ. തിലക്**

റിസർച്ച് ഓഫീസർ (റിട്ട.), എസ്.സി.ഇ.ആർ.ടി.

**ഡോ. ജെ. എക്സമ്മാൾ**

റിട്ട. പ്രൊഫ. കേരള യൂണിവേഴ്സിറ്റി

**ഡോ. മഞ്ജു ശങ്കർ കെ.**

ജൂനിയർ റിസർച്ച് ഫെലോ,
എസ്.സി.ഇ.ആർ.ടി., കേരളം

**ഡോ. പി. ശശിധരൻ**

ഫാക്കൽറ്റി, ഡയറ്റ്, പാലക്കാട്

**ശ്രീ. അലിയാർ എ.**

ട്രെയിനർ, ബിആർസി, ആലത്തൂർ

**ശ്രീ. ദിലീപ് റ്റി.സി.**

യു.പി.എസ്.എ., ഒനിയൻ വെസ്റ്റ് യു.പി. സ്കൂൾ, തലശ്ശേരി, കണ്ണൂർ

**ശ്രീ. ഹരിദാസൻ**

ട്രെയിനർ, ബിആർസി, ചെറുപ്പളശ്ശേരി

**ശ്രീ. മണിലാൽ കെ.കെ.**

ഹെഡ്മാസ്റ്റർ, ഡി.ഐ.യു.പി.എസ്., കണ്ണൂർ

**ശ്രീ. പ്രജീഷ് വേങ്ങ**

യു.പി.എസ്.എ., തിരുവങ്ങാടി ചാലിയ യു.പി. എസ്. സ്കൂൾ, തലശ്ശേരി, കണ്ണൂർ

**ശ്രീ. രത്നാകരൻ പി.**

റിട്ട. ഡയറ്റ് ഫാക്കൽറ്റി, തിരുവനന്തപുരം

**ശ്രീ. സജീന്ദ്രൻ കെ. പി.**

യു.പി.എസ്.എ., ശ്രീനാരായണ വിലാസം എസ്.ബി. സ്കൂൾ, പുന്നോൽ, തലശ്ശേരി

**ശ്രീ. സുഗതൻ പിള്ള**

ട്രെയിനർ, ബിആർസി, കൊല്ലങ്കോട്

**ശ്രീമതി. ഷൈനി ജോസ്**

യു.പി.എസ്.എ., എസ്.ജെ.യു.പി.എസ്., നാരക്കാനം, ഇടുക്കി

**ശ്രീ. ഷിരോഷിലാൽ ദാമോദരൻ**

എൽ.പി.എസ്.എ., നാവല്ലൂർ യു.പി.എസ്. സ്കൂൾ, ചൊക്ലി, കണ്ണൂർ

**ശ്രീ. എം. തമ്പാൻ**

സീനിയർ ലക്ചറർ (റിട്ട), ഡയറ്റ്, കോഴിക്കോട്

**ശ്രീ. വേണുഗോപാലൻ നായർ**

ട്രെയിനർ, ബിആർസി, പട്ടാമ്പി

**ശ്രീമതി. പാർവതി സുധാകർ**

ജൂനിയർ റിസർച്ച് ഫെലോ,
എസ്.സി.ഇ.ആർ.ടി., കേരളം

**അക്കാദമിക് കോഡിനേറ്റർ**

**ലിജിയ വി.എസ്.**

റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി, തിരുവനന്തപുരം

# മുഖവുര

കേരള വിദ്യാഭ്യാസത്തിൽ മെരിറ്റ് സ്കോളർഷിപ്പുകളുടെ സ്ഥാനം വളരെ വലുതാണ്. മഹത്തരമാണ്. സ്കോളർഷിപ്പ് പരീക്ഷകളിൽ പങ്കെടുക്കാനും വിജയം വരിക്കാനും എല്ലാ വിദ്യാർത്ഥികളും ആഗ്രഹിക്കുന്നു. ഒരു വ്യക്തിയുടെ വിദ്യാഭ്യാസ കാലഘട്ടത്തിൽ ഏറ്റവും തിളക്കമേറിയ നേട്ടം അയാൾക്ക് പഠന കാലത്ത് ലഭ്യമായിട്ടുള്ള സ്കോളർഷിപ്പ് വിജയങ്ങളായിരിക്കും. വിദ്യാർത്ഥി എന്ന നിലയിൽ ആത്മാഭിമാനം കൊള്ളാൻ സ്കോളർഷിപ്പ് വിജയങ്ങൾ കൊണ്ട് സാധിക്കുന്നു. ഏതൊരു രക്ഷിതാവിന്റേയും അഭിലാഷമാണ് മക്കൾ മെരിറ്റ് സ്കോളർഷിപ്പ് നേടുക എന്നുള്ളത്. വിദ്യാലയങ്ങളെ ഇന്ന് വിലയിരുത്തുന്നതിനുള്ള നിലവാര സൂചകങ്ങളിലൊന്ന് സ്കോളർഷിപ്പുകൾ ലഭിച്ച കുട്ടികളുടെ എണ്ണമാണ്. മികവിന്റെ പര്യായമായാണ് സ്കോളർഷിപ്പിനെ ഇന്ന് സമൂഹം പരിഗണിക്കുന്നത്. ഒപ്പം കുട്ടികൾക്ക് പഠന സമയത്ത് ലഭ്യമാകുന്ന ഒരു സാമ്പത്തിക സ്രോതസ്സായും ഇതിനെ കണക്കാക്കാം.

ഉയർന്ന ചിന്താശേഷി ആവശ്യമായ സർഗ്ഗാത്മകത, വിമർശനാത്മകത, നിഗമനരൂപീകരണം, പ്രശ്നനിർദ്ധാരണം എന്നീ ശേഷികൾ എത്രത്തോളം ആർജ്ജിച്ചിട്ടുണ്ടെന്ന് കണ്ടെത്താനും ഇത്തരം മത്സരപരീക്ഷകൾ സഹായകമാണ്. നിതാന്തമായ പരിശ്രമവും ബുദ്ധിയുടെ പരിപോഷണവും പ്രായോഗികതയും ശേഷികളുടെ സമർത്ഥമായ വിനിമയവും ഫലപ്രദമായി ഒത്തുചേർന്നാൽ മാത്രമേ സ്കോളർഷിപ്പ് പരീക്ഷകളിൽ വിജയിക്കാൻ കഴിയുകയുള്ളൂ. ക്ലാസ്സ്റൂം പഠനങ്ങൾക്കപ്പുറത്തേക്ക് കുട്ടികൾ നയിക്കപ്പെടണം. ശാസ്ത്രത്തിലും ഗണിതത്തിലും ഭാഷയിലും നേടേണ്ട ആശയങ്ങളും നൈപുണികളും അതിന്റെ അർത്ഥവ്യാപ്തിയോടെ ഉൾക്കൊണ്ടിരിക്കണം. പൊതുവിജ്ഞാനം എന്നും പുതുക്കപ്പെടുന്ന വിജ്ഞാനമാവണം. പരീക്ഷയെ അനായാസേന അഭിമുഖീകരിക്കാനുള്ള മാനസികശേഷി കൈവരിക്കാൻ ഇത്തരം സന്ദർഭങ്ങൾ പ്രയോജനപ്പെടുന്നു. അധ്യാപകരുടെയും രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും നിസ്സീമമായ പിന്തുണ ഇത്തരം പരീക്ഷകൾക്കുള്ള തയ്യാറെടുപ്പിന് അത്യന്താപേക്ഷിതമാണ്.

പരീക്ഷയ്ക്കുള്ള കുട്ടികളുടെ തിരഞ്ഞെടുപ്പ് മുതൽ സ്കോളർഷിപ്പ് വിതരണം വരെയുള്ള ഒട്ടനവധി ഘട്ടങ്ങളിലൂടെ സൂക്ഷ്മമായി കടന്നു പോകേണ്ട ഒരു ബൃഹത്പ്രക്രിയയാണിത്. വിദ്യാലയത്തിന്റെയും തദ്വാരാ നാടിന്റെയും യശസ്സുയർത്താൻ അഹോരാത്രം പണിയെടുത്ത് സ്കോളർഷിപ്പുകളുടെ എണ്ണം വർദ്ധിപ്പിക്കുന്ന വിദ്യാലയങ്ങളുടെ എണ്ണം നാൾക്കുനാൾ വർദ്ധിച്ചുവരികയാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായാണ് നാം ഈ നേട്ടങ്ങളെ കാണേണ്ടത്. നാഷണൽ ടാലന്റ് സേർച്ച് എക്സാമിനേഷൻ പോലെ ദേശീയ പ്രാധാന്യമുള്ള സ്കോളർഷിപ്പ് പരീക്ഷകളിൽ കേരളത്തിന്റെ നില ഇനിയും ഉയരേണ്ടതുണ്ട്. കേരള വിദ്യാഭ്യാസത്തിന് കൂടുതൽ തെളിച്ചം പകരാൻ മെരിറ്റ് സ്കോളർഷിപ്പ് അവസ്ഥാപഠനത്തിന് കഴിയട്ടെ എന്ന് ആത്മാർത്ഥമായി ആശംസിക്കുന്നു.

**ഡോ. ജെ. പ്രസാദ്**

ഡയറക്ടർ, എസ്.സി.ഇ.ആർ.ടി.

# ഉള്ളടക്കം


| | | |
|---|---|---|
| | സംക്ഷിപ്തം | 05 |
| 1. | ആമുഖം | 12 |
| 2. | രീതിശാസ്ത്രം | 16 |
| 3. | ദത്തങ്ങളുടെ വിശകലനവും വ്യാഖ്യാനവും | 20 |
| 4. | കണ്ടെത്തലുകളും നിർദ്ദേശങ്ങളും | 64 |
| | അനുബന്ധം | i - xliv |

# സംക്ഷിപ്തം

വിദ്യാഭ്യാസ മേഖലയിൽ കേരളം ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെക്കാൾ ബഹുദൂരം മുന്നിലാണ്. മികച്ച വിജയം ഈ മേഖലയിൽ കൈവരിക്കുന്ന കുട്ടികൾ വർഷംതോറും വർദ്ധിച്ചു വരുന്നു. ഇവരിൽ നല്ലൊരു ശതമാനംപേരും പഠനകാലത്ത് ഒന്നോ അതിലധികമോ സ്കോളർഷിപ്പ് പരീക്ഷകൾ പല ശ്രേണികളിൽ എഴുതിയിട്ടുള്ളവരും വിജയം കൈവരിച്ചിട്ടുള്ളവരുമാണ്. അവരുടെ പഠന മികവിനെ സാക്ഷ്യപ്പെടുത്തുന്ന അക്കാദമിക നേട്ടങ്ങളിൽ ശ്രദ്ധേയമാണ് മെരിറ്റ് സ്കോളർഷിപ്പ് പരീക്ഷകളിലെ വിജയങ്ങൾ. സർഗ്ഗാത്മകതയുടേയും വിശകലനാത്മകയുടേയും നിഗമനരൂപീകരണത്തിന്റേയും പ്രശ്നനിർദ്ധാരണത്തിന്റേയും സമ്മിശ്രമായ പ്രയോഗം മത്സരപരീക്ഷകളിലെ വിജയം സുനിശ്ചിതമാക്കുന്നു. കേരള വിദ്യാഭ്യാസത്തിൽ ലോവർ പ്രൈമറി തലത്തിൽ എൽ.എസ്.എസ്., അപ്പർ പ്രൈമറി തലത്തിൽ യു.എസ്.എസ്., സെക്കന്ററി തലത്തിൽ കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പുകളായ എൻ.എം.എം.എസ്. എൻ.ടി.എസ്. എന്നിവയാണ് നിലവിലുള്ള പ്രധാനപ്പെട്ട സ്കോളർഷിപ്പ് പരീക്ഷകൾ. സംസ്ഥാനതലങ്ങളിൽ നടത്തപ്പെടുന്ന എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പ് പരീക്ഷകളിൽ മികച്ച പ്രകടനമാണ് കുട്ടികൾ കൈവരിക്കുന്നത്. ദേശീയതലത്തിൽ നടത്തി വരുന്ന എൻ.എം.എസ്.ഇ. യിൽ സംസ്ഥാനത്തിനായി നീക്കി വച്ചിരിക്കുന്ന ക്വാട്ട കേരളം നികത്തുന്നു. എന്നാൽ എൻ.റ്റി.എസ്.ഇ.യിൽ സംസ്ഥാനതലത്തിൽ (ഒന്നാംഘട്ടം) മികച്ച നേട്ടം കൈവരിക്കുന്ന പ്രതിഭാശാലികളായ കുട്ടികൾ ദേശീയതലത്തിൽ (രണ്ടാം ഘട്ടം) വിജയം കൈവരിക്കുന്നില്ല എന്നതും ഏറെ ശ്രദ്ധിക്കേണ്ടതാണ്.

2016-17 വർഷത്തിൽ അപേക്ഷിച്ചവരുടെ എണ്ണത്തിൽ വർദ്ധന ഉണ്ടായിട്ടുണ്ട്. 2017-18 വർഷം വീണ്ടും കുറഞ്ഞതായി കാണുന്നു. പാസ്സായവരുടെ എണ്ണത്തിൽ 2015-16 വർഷത്തേക്കാളും (0.19%) കുറവാണ് (0.12%) 2016-17 ൽ ഉള്ളത്. 2017-18 വർഷത്തെ ഫലം വിലയിരുത്തിയപ്പോൾ വിജയശതമാനം 0.22% ആണെന്ന് കണ്ടെത്തി. എൻ.റ്റി.എസ്. പരീക്ഷയിൽ കേരളം ഏറെ പിന്നിലാണെന്ന വസ്തുത, മെറിറ്റ് സ്കോളർഷിപ്പ് പരീക്ഷകളുടെ അവസ്ഥാപഠനത്തിലേക്ക് നമ്മെ നയിക്കുന്നു.

### പഠനത്തിന്റെ ആവശ്യകത

കേരളം വളരെ മുന്നോട്ടാണെങ്കിലും നിദാന്ത പരിശ്രമത്തിലൂടെ നേടിയെടുക്കാവുന്ന സ്കോളർഷിപ്പ് പരീക്ഷകളുടെ കാര്യത്തിൽ നമ്മുടെ കുട്ടികൾ പിന്നിലാണ്. കഠിനാദ്ധ്വാനത്തിൽ അധിഷ്ഠിതവും വ്യതിരക്തവും പ്രോത്സാഹജനകവുമായ ഒരു കുതിച്ചു ചാട്ടം ഈ മേഖലയിൽ ഉണ്ടായാൽ മാത്രമേ നാഷണൽ സ്കോളർഷിപ്പുകളായ എൻ.എം.എം.എസ്., എൻ.റ്റി.എസ്. പോലുള്ള മെരിറ്റ് സ്കോളർഷിപ്പ് പരീക്ഷകളിൽ കേരളത്തിന് തനതായ വ്യക്തിമുദ്ര പതിപ്പിക്കുവാൻ കഴിയുകയുള്ളൂ. ദിശാബോധം നൽകാനും വിജയത്തിനാവശ്യമായ മതിയായ പിന്തുണ നൽകാനും ദേശീയ അന്തർദേശീയ നിലവാരത്തിലേക്ക് കുട്ടികളുടെ വൈജ്ഞാനിക മേഖലയ്ക്ക് വികാസം പ്രാപിക്കാനും ഉതകുന്ന തരത്തിലുള്ള മികച്ച വിദ്യാഭ്യാസമാണ് ഈ കാലഘട്ടത്തിന്റെ ആവശ്യം.

മെരിറ്റ് സ്കോളർഷിപ്പുകളെ കുറിച്ച് സംസ്ഥാനത്ത് സംഘടിപ്പിക്കുന്ന ആദ്യ പഠനമാണിത്. ശാസ്ത്രീയമായ പഠനം നടത്തി അതിന്റെ വിശദാംശങ്ങൾ പരിശോധിച്ച്, അതിനനുഗുണമായി സംവിധാനങ്ങളെ മെച്ചപ്പെടുത്തിയാൽ മാത്രമേ പ്രതിഭകളായ കുട്ടികൾക്ക് മെരിറ്റ് സ്കോളർഷിപ്പുകൾ മുതൽക്കൂട്ടാവുകയുള്ളൂ. ഈ ആവശ്യം മുൻനിർത്തിയാണ് എസ്.സി.ഇ.ആർ.ടി.യുടെ ആഭിമുഖ്യത്തിൽ മെരിറ്റ് സ്കോളർഷിപ്പ് പരീക്ഷകളുടെ അവസ്ഥാപഠനം നടത്തിയത്.

**പഠനത്തിന്റെ ലക്ഷ്യം**

എൽ.എസ്.എസ്., യു.എസ്.എസ്., എൻ.എം.എം.എസ്., എൻ.റ്റി.എസ്. എന്നീ നാലു സ്കോളർഷിപ്പ് പരീക്ഷകളുടെ നിലവിലുള്ള അവസ്ഥാപഠനം.

**പഠനത്തിന്റെ ഉദ്ദേശ്യങ്ങൾ**

1. എൽ.എസ്.എസ്., യു.എസ്.എസ്., എൻ.എം.എം.എസ്., എൻ.റ്റി.എസ്. സ്കോളർഷിപ്പ് പരീക്ഷകളിലെ

    i. കുട്ടികളുടെ തിരഞ്ഞെടുപ്പ്

    ii. പരീക്ഷാ നടത്തിപ്പ്

    iii. സ്കോളർഷിപ്പ് വിതരണം

    എന്നിവയിലെ കാര്യക്ഷമത വിലയിരുത്തുന്നതിന്

2. എൽ.എസ്.എസ്., യു.എസ്.എസ്., എൻ.എം.എം.എസ്., എൻ.റ്റി.എസ്. പരീക്ഷകളിലെ കുട്ടികളുടെ പ്രകടനവും അവരുടെ സാമൂഹിക-സാമ്പത്തിക നിലവാരവും വിശകലനം ചെയ്യുന്നതിന്

3. എൽ.എസ്.എസ്., യു.എസ്.എസ്., എൻ.എം.എം.എസ്., എൻ.റ്റി.എസ്. പരീക്ഷകൾക്ക് കുട്ടികളെ സജ്ജരാക്കുന്നതിനുള്ള സംവിധാനങ്ങൾ വിലയിരുത്തുന്നതിന്

4. എൽ.എസ്.എസ്., യു.എസ്.എസ്., എൻ.എം.എം.എസ്., എൻ.റ്റി.എസ്. സ്കോളർഷിപ്പ് പരീക്ഷകളിലെ ചോദ്യപേപ്പറുകൾ വിദ്യാർത്ഥി സൗഹൃദപരമാണോ എന്ന് കണ്ടെത്തുന്നതിന്

5. എൽ.എസ്.എസ്., യു.എസ്.എസ്., എൻ.എം.എം.എസ്., എൻ.റ്റി.എസ്. സ്കോളർഷിപ്പ് പരീക്ഷകളുടെ സംഘാടനം, ഉള്ളടക്കം, തിരഞ്ഞെടുക്കൽ രീതി, തുടർപ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങൾ രൂപപ്പെടുത്തുന്നതിന്.

**പഠനത്തിന്റെ രീതിശാസ്ത്രം**

സർവ്വേരീതിയാണ് ഈ പഠനത്തിനായി അവലംബിച്ചിരിക്കുന്ന രീതിശാസ്ത്രം.

**പഠനരീതി**

- പഠനം നടത്തേണ്ടുന്ന ജില്ലകൾ/കേന്ദ്രങ്ങൾ, വിദ്യാലയങ്ങൾ, സാമ്പിളുകൾ എന്നിവ ആശയരൂപീകരണ ശില്പശാലയിലൂടെ നിശ്ചയിച്ചു.
- പഠനത്തിന് ആവശ്യമായ മേഖലകളെ അടിസ്ഥാനമാക്കി കുട്ടികൾ, അധ്യാപകർ, രക്ഷകർത്താക്കൾ എന്നിവരിൽ നിന്ന് ദത്തങ്ങൾ ശേഖരിക്കാൻ ചോദ്യാവലികൾ തയ്യാറാക്കി.
- തിരഞ്ഞെടുക്കപ്പെട്ട ജില്ലകളിലെ വിവിധ പരീക്ഷാകേന്ദ്രങ്ങൾ സന്ദർശിച്ച്, ദത്തങ്ങൾ ശേഖരിച്ചു.
- ശേഖരിച്ച ദത്തങ്ങൾ വിശകലനം ചെയ്ത് ക്രോഡീകരിച്ചു.

**ദത്തശേഖരണോപാധികൾ**

എൽ.എസ്.എസ്, യു.എസ്.എസ്, എൻ.എം.എം.എസ്., എൻ.റ്റി.എസ്. പരീക്ഷകളുടെ 2016, 2017, 2018 വർഷങ്ങളിലെ ചോദ്യപേപ്പർ, 2018 ലെ പരീക്ഷാഫലം ഈ പരീക്ഷകളിൽ വിജയികളായ

കുട്ടികളുടെ സാമൂഹിക സാമ്പത്തിക അവസ്ഥ എന്നീ രേഖകൾ വിശകലനത്തിന് വിധേയമാക്കിയിട്ടുണ്ട്.

### ദത്തശേഖരണ വിശകലനരീതി

വിവിധ കേന്ദ്രങ്ങളിൽ നിന്നും ശേഖരിച്ച ദത്തങ്ങൾ ആദ്യം ജില്ലാതലത്തിലും പിന്നീട് സംസ്ഥാനതലത്തിലും ക്രോഡീകരിച്ചു. ശതമാനവും ലളിതമായ മറ്റു സ്ഥിതിവിവരസാങ്കേതികതന്ത്രങ്ങളും ഉപയോഗിച്ച് വിശകലനം ചെയ്തു.

### സാമ്പിൾ

കണ്ണൂർ, പാലക്കാട്, ഇടുക്കി, കൊല്ലം എന്നീ നാല് ജില്ലകളിലെ വിവിധ വിദ്യാലയങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട കുട്ടികളും അവരുടെ അധ്യാപകരും രക്ഷിതാക്കളുമാണ് പഠനത്തിന്റെ സാമ്പിൾ.

### കണ്ടെത്തലുകൾ

#### എൽ.എസ്.എസ്.

- പരീക്ഷ എഴുതുന്നതിനു വേണ്ടി 55% പേർക്ക് പ്രത്യേക പരിശീലന ക്ലാസ്സുകളും 48% പേർക്ക് ചോദ്യമാതൃക വച്ചുള്ള പരിശീലനവും 6% കുട്ടികൾക്ക് വിദഗ്ധരുടെ പ്രവർത്തനവും അധിക സഹായമായി സ്കൂളിൽ നിന്നു ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാകുന്നു. പ്രത്യേക പരിശീലന ക്ലാസ്സുകൾ പകുതിയിലേറെ പേർക്കും സ്കൂളിൽ നിന്നും ലഭിച്ചിട്ടുണ്ട്. എന്നാൽ ചോദ്യമാതൃകകളുടെ പരിശീലനം ഏതാണ്ട് പകുതിയോളം കുട്ടികൾക്ക് ലഭിച്ചിട്ടില്ലെന്ന് പഠനം തെളിയിക്കുന്നു.
- പകുതിയിലേറെ (57%) പേർക്കും ഗണിതമായിരുന്നു വിഷമം. 25% പേർക്ക് ഇംഗ്ലീഷും 10% പേർക്ക് പരിസര പഠനവും 11% പേർക്ക് പൊതുവിജ്ഞാനവും 3% പേർക്ക് ഭാഷാവിഷയങ്ങളും വിഷമമായിരുന്നുവെന്ന് മനസ്സിലാക്കാം.
- സ്കോളർഷിപ്പിന് അർഹരായ 16 കുട്ടികളിൽ, 13 പേർ (81%) ഒ.ബി.സി. വിഭാഗത്തിൽ ഉൾപ്പെട്ടതാണ്. 2 കുട്ടികൾ (13%) ജനറൽ വിഭാഗത്തിലും 1 കുട്ടി (6%) എസ്.സി. വിഭാഗത്തിലും ഉൾപ്പെടുന്നു.
- പരീക്ഷയ്ക്കു വേണ്ടി കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകേണ്ടതിന്റെ ആവശ്യകതയോട് 88% അധ്യാപകർ യോജിച്ചപ്പോൾ, 11% പേർ മാത്രമാണ് ഇതുമായി ഏറെക്കുറെ യോജിച്ചത്. എന്നാൽ വിയോജിപ്പ് പ്രകടിപ്പിച്ചത് കേവലം 1% അധ്യാപകർ മാത്രമാണ് എന്ന് പഠനം വ്യക്തമാക്കുന്നു.
- പരീക്ഷയുടെ വിവിധ ഘട്ടങ്ങളിലെ മോണിറ്ററിങ് രീതി വളരെ നല്ലതാണെന്ന അഭിപ്രായത്തോട് യോജിക്കുന്ന അധ്യാപകർ 71% ആയിരിക്കെ, ഈ അഭിപ്രായത്തോട് ഏറെക്കുറെ യോജിക്കുന്നവർ 28% മാണ്. കേവലം 1% അധ്യാപകർ മാത്രമാണ് ഇതിനോട് വിയോജിക്കുന്നത്.
- എൽ.എസ്.എസ്. പരീക്ഷയുടെ തുടക്കം മുതൽ ഫലപ്രഖ്യാപനം വരെ മോണിറ്ററിങ് നല്ല രീതിയിലാണെന്നാണ് അധ്യാപകരുടെ അഭിപ്രായമെന്ന് പഠനം തെളിയിക്കുന്നു.
- കുറച്ചു കുട്ടികൾക്ക് സർട്ടിഫിക്കറ്റ് സമയത്ത് ലഭിച്ചിട്ടില്ല എന്ന് രക്ഷിതാക്കൾ ചൂണ്ടിക്കാണിച്ചു.

**യു.എസ്.എസ്.**

- പരീക്ഷയ്ക്കു വേണ്ടി സഹായം ലഭിച്ച ഇടങ്ങൾ എന്ന പ്രസ്താവനയോട് 98% കുട്ടികളും അധ്യാപകരാണ് സഹായിച്ചത് എന്ന് വ്യക്തമാക്കി. 86% കുട്ടികളെ രക്ഷിതാക്കളും സഹായിച്ചിട്ടുണ്ട്.
- സർവ്വേയിൽ പങ്കെടുത്ത 127 കുട്ടികളിൽ 11 പേർ സ്കോളർഷിപ്പിന് അർഹരായി. ഇതിൽ 2 (18%) കുട്ടികൾ ജനറൽ വിഭാഗത്തിലുള്ളവരും 9 (82%) കുട്ടികൾ ഒ.ബി.സി. വിഭാഗത്തിലുള്ളവരുമാണെന്ന് പഠനത്തിൽ നിന്നും മനസ്സിലാക്കാം. എസ്.സി./എസ്.ടി. വിഭാഗത്തിലുള്ളവരുടെ പ്രാതിനിധ്യം അർഹത നേടിയവരുടെ പട്ടികയിലില്ല.
- പരീക്ഷ എഴുതാൻ പ്രയാസമേറിയ വിഷയത്തെ സംബന്ധിച്ച് ഗണിതത്തിൽ 79.4%വും ഭാഷയിൽ 7.2%വും ഇംഗ്ലീഷിൽ 7%വും സാമൂഹ്യശാസ്ത്രത്തിൽ 4%വും പരിസരപഠനത്തിൽ 2.2%വും രേഖപ്പെടുത്തി.
- 2016 മുതൽ 2018 വരെയുള്ള ചോദ്യപേപ്പർ വിശകലനം നടത്തിയപ്പോൾ ഗണിതത്തിൽ ഭൂരിപക്ഷം ചോദ്യങ്ങളും (75% മുതൽ 100% വരെ) ഉയർന്ന ചിന്താശേഷി ആവശ്യമുള്ളതാണെന്ന് കണ്ടെത്തി.
- വിദ്യാലയത്തിൽ നിന്നും കൂടുതൽ പിന്തുണ എന്ന പ്രസ്താവനയ്ക്കുള്ള പ്രതികരണത്തിൽ 22% പേർ മാതൃക പരീക്ഷ വേണമെന്നും 13% പേർ ഒ.എം.ആർ. ഷീറ്റ് പരിശീലനം വേണമെന്നും 23% വിദഗ്ധരുടെ ക്ലാസുകൾ വേണമെന്നും ആവശ്യപ്പെട്ടു.
- പരീക്ഷയ്ക്കുവേണ്ടി പ്രത്യേക പരിശീലനം ആവശ്യമാണെന്ന് 87% പേർ പറഞ്ഞപ്പോൾ 8% മാത്രമാണ് ഇതുമായി വിയോജിച്ചത്. 5% ഏറെക്കുറേ യോജിച്ചു.
- സ്കോളർഷിപ്പ് പരീക്ഷയുടെ പ്രക്രിയ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശമായി 29% അധ്യാപകർ ഇരട്ടമൂല്യ നിർണ്ണയം വേണമെന്നും 23% പേർ പുനർമൂല്യനിർണ്ണയം വേണമെന്നും അഭിപ്രായപ്പെട്ടതായി പഠനം കണ്ടെത്തി.

**എൻ.എം.എം.എസ്.ഇ.**

- പരീക്ഷയെ സംബന്ധിച്ചും ഇതിന്റെ വിവിധ ഘട്ടങ്ങളെക്കുറിച്ചും പ്രാധാന്യത്തെക്കുറിച്ചും അറിയാവുന്നവരാണ് ഭൂരിപക്ഷം അധ്യാപകരും (78%). എന്നാൽ 22% പേർക്ക് പരീക്ഷയെക്കുറിച്ച് വലിയ ധാരണയില്ലെന്ന് പഠനം രേഖപ്പെടുത്തുന്നു.
- പ്രാഥമിക പരീക്ഷയെഴുന്നതിനുള്ള പരിശീലനം 62% പേർക്ക് ലഭ്യമായെന്നും, എന്നാൽ 38% കുട്ടികൾ പ്രാഥമിക പരിശീലനം ലഭിക്കാതെയാണ് പരീക്ഷയെഴുതിയതെന്നും പഠനം വ്യക്തമാക്കുന്നു.
- ഏറ്റവും കൂടുതൽ കുട്ടികൾക്ക് പരിശീലനം ലഭിച്ചത് അവർ പഠിക്കുന്ന വിദ്യാലയത്തിൽ നിന്നാണ് (57%). രക്ഷിതാക്കൾ വഴി പരിശീലനം ലഭിച്ചവർ കേവലം 14% വും മറ്റ് സ്രോതസ്സുകളെ ആശ്രയിച്ചവർ 2% വുമാണ്.
- ചോദ്യങ്ങൾ വായിച്ച് പൂർണ്ണമായും ഗ്രഹിക്കാൻ സാധിച്ച കുട്ടികൾ 71% ആണ്. എന്നാൽ 32% കുട്ടികൾക്ക് ഭാഗികമായി മാത്രമേ ചോദ്യങ്ങൾ ഗ്രഹിക്കാൻ കഴിഞ്ഞുള്ളൂ. തീർത്തും ഗ്രഹിക്കാൻ കഴിയാതിരുന്നവർ 2% കുട്ടികളാണ്.
- പരീക്ഷയ്ക്ക് പ്രത്യേക പരിശീലനം നൽകണമെന്ന അഭിപ്രായത്തോട് ബഹുഭൂരിപക്ഷം (89%) അധ്യാപകരും യോജിച്ചപ്പോൾ 10% പേർ ഏറെക്കുറെ യോജിക്കുകയും 4% പേർ അഭിപ്രായത്തോട് വിയോജിക്കുകയും ചെയ്തു.

- കൂടുതലായി കിട്ടണമെന്നു കരുതുന്ന പിന്തുണകൾ എന്ന പ്രസ്താവനയോട് പ്രതികരിച്ചവരിൽ 66% പേർ പാഠപുസ്തകവുമായി ബന്ധപ്പെട്ട അധികപ്രവർത്തനം വേണമെന്നും 40% പേർ കൈപുസ്തകം വേണമെന്നും 21% പേർ പ്രത്യേക പരിശീലനം വേണമെന്നും അഭിപ്രായപ്പെട്ടു. 22% പേർ മാതൃകാ പരീക്ഷയും 9% പേർ ഒ.എം.ആർ. പരിശീലനവും വേണമെന്ന് ആവശ്യപ്പെടുകയുണ്ടായി.

**എൻ.ടി.എസ്.ഇ.**

- സ്കോളർഷിപ്പ് പരീക്ഷയെ കുറിച്ച് 48% കുട്ടികൾ രക്ഷിതാവിൽ നിന്ന് അറിഞ്ഞു. 32% പേർ വിദ്യാലയത്തിൽ നിന്നും 22% പേർ ഇന്റർനെറ്റ് സംവിധാനം വഴിയും 22% പേർ സുഹൃത്തിൽ നിന്നും 4% പേർ പത്രത്തിൽ നിന്നും പരീക്ഷയെക്കുറിച്ച് അറിഞ്ഞു എന്ന് പഠനം സൂചിപ്പിക്കുന്നു.
- എൻ.റ്റി.എസ്. ൽ നിലവിൽ കേരളത്തിന്റെ വിജയ ശതമാനം തൃപ്തികരമാണ് എന്ന പ്രസ്താവനയോട് 21% അധ്യാപകർ യോജിച്ചപ്പോൾ 27% ഏറെക്കുറെ യോജിക്കുകയും 52% യോജിക്കുന്നില്ല എന്നും അഭിപ്രായപ്പെട്ടു.
- കുട്ടികളുടെ സാമൂഹിക സാമ്പത്തിക സ്ഥിതി പരീക്ഷാ വിജയത്തെ സ്വാധീനിക്കുന്നുണ്ട് എന്ന പ്രസ്താവനയോട് 44% അധ്യാപകർ യോജിച്ചപ്പോൾ 46% ഏറെക്കുറെ യോജിക്കുകയും 10% യോജിക്കുന്നില്ല എന്നും അഭിപ്രായപ്പെട്ടു.
- 58% കുട്ടികൾക്കും പ്രാഥമിക പരീക്ഷ എഴുതുന്നതിന് പരിശീലനം ലഭിച്ചിരുന്നു. എന്നാൽ 42% പേർക്ക് ഇത് ലഭിച്ചിട്ടില്ലെന്ന് പഠനം വ്യക്തമാക്കുന്നു.
- പ്രധാന പരീക്ഷയക്ക് 42% പേർക്ക് എസ്സിഇആർടി യിൽ നിന്നാണ് പരിശീലനം ലഭിച്ചത്. 12% പേർക്ക് മറ്റുള്ളവർ (കോച്ചിങ് സെന്റർ) വഴിയും. 6% പേർക്ക് രക്ഷിതാവിൽ നിന്നും സഹായം ലഭിച്ചതായിട്ടാണ് കണ്ടെത്തിയിട്ടുള്ളത്.
- പഠന മികവുള്ളവരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനുള്ള സംവിധാനം എന്ന നിലയിൽ എൻ.റ്റി.എസ്സ്. പരീക്ഷ കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകേണ്ടത് ആവശ്യമാണ് എന്ന പ്രസ്താവനയോട് ഭൂരിപക്ഷം അധ്യാപകരും (88%) യോജിച്ചപ്പോൾ 9% ഏറെക്കുറെ യോജിക്കുകയും 3% യോജിക്കുന്നില്ല എന്നും അഭിപ്രായപ്പെട്ടു.
- എൻ.ടി.എസ്. പരീക്ഷയ്ക്ക് വേണ്ടി എസ്സിഇആർടി നടത്തുന്ന പരിശീലനം തൃപ്തികരമാണ് എന്ന പ്രസ്താവനയോട് 20% പേർ യോജിച്ചപ്പോൾ 43% ഏറെക്കുറെ യോജിക്കുകയും 37% യോജിക്കുന്നില്ല എന്നും അഭിപ്രായപ്പെട്ടു.
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സന്നദ്ധ സംഘടനകളിൽ നിന്നും അധിക പ്രവർത്തനത്തിനുള്ള സഹായം വേണമെന്ന് 22% അധ്യാപകരും വിദഗ്ധരുടെ ക്ലാസ് വേണമെന്ന് 36% പേരും മോഡൽ പരീക്ഷ നടത്തണമെന്ന് 31% പേരും പ്രത്യേക കൈപ്പുസ്തകം ലഭ്യമാക്കണമെന്ന് 17% പേരും അഭിപ്രായപ്പെട്ടു.

## നിർദ്ദേശങ്ങൾ

**എൽ.എസ്.എസ്.**

- പ്രതിഭാധനരായ വിദ്യാർത്ഥികളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിന് അനുയോജ്യമായ കൂടുതൽ പ്രവർത്തനങ്ങൾ വിദ്യാലയങ്ങളിൽ നടപ്പിലാക്കേണ്ടതാണ്.
- തുടക്കം മുതൽ ഫലപ്രഖ്യാപനം വരെയുള്ള വിവിധ ഘട്ടങ്ങൾ ഫലപ്രദമായ മോണിറ്ററിങിന് വിധേയമാക്കേണ്ടതാണ്.

- പരീക്ഷയിൽ പങ്കെടുക്കുന്ന എല്ലാ വിഭാഗത്തിലുംപെടുന്ന കുട്ടികളുടെ എണ്ണം ആനുപാതികമായി വർദ്ധിപ്പിക്കേണ്ടതാണ്.

**യു.എസ്.എസ്.**

- സ്കോളർഷിപ്പ് പരീക്ഷകളിലെ വിജയം അക്കാദമിക നിലവാരത്തിന് പൂരകമായതിനാലും വിദ്യാഭ്യാസ നിലവാരം ഉയർത്തേണ്ടുന്ന ഉത്തരവാദിത്വം തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങളിൽ നിക്ഷിപ്തമായതിനാലും സജീവമായ ഇടപെടൽ ഈ കാര്യത്തിൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ ഭാഗത്ത് ഉണ്ടാകേണ്ടതാണ്.
- ഡിപ്പാർട്ട്മെന്റ് തലത്തിൽ ഔദ്യോഗികമായി തന്നെ യു.എസ്.എസ്. മോക്ക് പരീക്ഷ നട ത്തുകയും പരീക്ഷാർത്ഥികളായ മുഴുവൻ കുട്ടികൾക്കും ചോദ്യ മാതൃകകളും ഒ.എം. ആർ. രീതികളും പരിചയപ്പെടാനും അവസരമൊരുക്കണം.
- എല്ലാ പരീക്ഷാ വിഷയങ്ങൾക്കും പ്രത്യേക പരിശീലനങ്ങൾ ആവശ്യമാണ്. എന്നാൽ കുട്ടികൾക്ക് ഏറ്റവും കൂടുതൽ വിഷമം അനുഭവപ്പെടുന്ന വിഷയങ്ങളായ ഗണിതം, ഇംഗ്ലീഷ് എന്നിവയ്ക്ക് അടിസ്ഥാനപരവും സമഗ്രവുമായ കോച്ചിങ് നൽകേണ്ടത് ആവശ്യമാണ്.
- വിദ്യാലയത്തിൽ വെച്ച് ലഭിക്കുന്ന സ്കോളർഷിപ്പ് പരിശീലനം ഒരു പരിധി വരെ കുട്ടി കളെ സ്കോളർഷിപ്പ് നേടുന്നതിന് സഹായിക്കുന്നു. ക്ലാസ്റൂം അനുഭവങ്ങൾക്ക് പുറമെ മികവുറ്റ പരിശീലനം കുട്ടികൾക്ക് ലഭിക്കാൻ വിദ്യാലയവും തദ്ദേശസ്വയം ഭരണ സ്ഥാപ നങ്ങളും സന്നദ്ധ സംഘടനകളും കൈകോർക്കണം. ഇത്തരത്തിലുള്ള തീരുമാനമു ണ്ടാകാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കണം.
- വിദ്യാലയത്തിൽവെച്ച് ലഭിക്കുന്ന സ്കോളർഷിപ്പ് പരിശീലനം ഒരു പരിധി വരെ കുട്ടി കളെ സ്കോളർഷിപ്പ് നേടുന്നതിന് സഹായിക്കുന്നു. ക്ലാസ്റൂം അനുഭവങ്ങൾക്ക് പുറമെ മികവുറ്റ പരിശീലനം കുട്ടികൾക്ക് ലഭിക്കാൻ വിദ്യാലയവും തദ്ദേശസ്വയംഭരണ സ്ഥാപ നങ്ങളും സന്നദ്ധ സംഘടനകളും കൈകോർക്കണം.
- യു.എസ്.എസ്. പരീക്ഷ പോലുള്ള മത്സരപരീക്ഷകളുടെ പ്രാധാന്യത്തെക്കുറിച്ച് രക്ഷി താക്കൾക്ക് യഥാസമയം ബോധവത്ക്കരണം നൽകുന്നതിനുള്ള ക്ലാസ്സുകൾ സംഘടിപ്പി ക്കുകയും രക്ഷിതാക്കളുടെ ഭാഗത്തുനിന്ന് പരീക്ഷാർത്ഥികൾക്ക് ലഭ്യമാകേണ്ട പിന്തുണ ലഭിക്കുന്നുവെന്ന് ഉറപ്പു വരുത്തുകയും വേണം.

**എൻ.എം.എം.എസ്.**

- പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിക്കേണ്ടതിനു വേണ്ട യോഗ്യത, അപേക്ഷിക്കേണ്ട തീയ തി, ആവശ്യമായ രേഖകൾ എന്നിവ മുഴുവൻ കുട്ടികളും മുൻകൂട്ടി അറിയാൻ വേണ്ട നട പടികൾ വിദ്യാലയത്തിന്റെ നേതൃത്വത്തിൽ നടത്താൻ കഴിയുന്ന വിധത്തിൽ വിദ്യാഭ്യാ സവകുപ്പിന്റെ സർക്കുലർ യഥാസമയം വിദ്യാലയത്തിൽ എത്തിക്കേണ്ടതാണ്.
- കൈപ്പുസ്തകങ്ങൾ, മാതൃകാ പരീക്ഷാ സഹായികൾ, പരീക്ഷാ പാഠങ്ങൾ എന്നിവ തയ്യാറാക്കുന്നതിലും അവ യഥോചിതം പരിചയപ്പെടുത്തുന്നതിലും, ലഘുഭക്ഷണം, കൂട്ടായ പഠനത്തിനാവശ്യമായ സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തുന്നതിനും മുഴുവൻ പ്രാദേശിക ഭരണകൂടങ്ങളും സാമൂഹ്യ-സന്നദ്ധസംഘടനകളും മുൻകൈ എടുക്കേണ്ട താണ്. കുട്ടികൾക്ക് പ്രത്യേക പരീക്ഷാപരിശീലനം ആവശ്യമാണെന്ന് പഠനം വ്യക്തമാക്കുന്നു.

- പരീക്ഷാ തയ്യാറെടുപ്പിനുവേണ്ട വിദഗ്ധ പരിശീലനങ്ങൾ കുട്ടികൾക്കും അധ്യാപകർക്കും വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ നൽകണ്ടേതാണ്.
- പരീക്ഷയ്ക്ക് അപേക്ഷിക്കാനുള്ള യോഗ്യതകളിൽ ഒന്നായ വരുമാനത്തിന്റെ പരിധി ഉയർത്തി പരമാവധി കുട്ടികൾക്ക് അവസരം ലഭ്യമാക്കുക, സ്കോളർഷിപ്പ് തുകയും സർട്ടിഫിക്കറ്റും വേഗത്തിൽ ലഭ്യമാക്കുക, ആനുകാലിക ചോദ്യങ്ങൾ ഉൾപ്പെടുത്തുക എന്നിവയും ശ്രദ്ധിക്കേണ്ടതുണ്ട്.

**എൻ.റ്റി.എസ്.**

- പരീക്ഷാ ചോദ്യങ്ങൾ സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സിലബസ് നിലവാരത്തിലുള്ളവയാണെന്നും കേരളാ സിലബസിൽ പഠിച്ചു വരുന്ന കുട്ടികൾക്ക് പ്രയാസമേറിയതാണെന്നുമുള്ള രക്ഷിതാക്കളുടെ അഭിപ്രായം മാനിച്ചുകൊണ്ട് സിലബസ് ഏകീകരിച്ചുള്ള ചോദ്യങ്ങൾ തയ്യാറാക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതുണ്ട്.
- പരീക്ഷയിൽ ഓരോ ജില്ലയിൽ നിന്നും ഏറ്റവും മികച്ച വിദ്യാർത്ഥികളെ പങ്കെടുപ്പിക്കാൻ ജില്ലാതലത്തിൽ തിരഞ്ഞെടുപ്പ് പരീക്ഷ നടത്താൻ വേണ്ടുന്ന നടപടികൾ കൈക്കൊള്ളേണ്ടതാണ്.
- സംസ്ഥാനതലത്തിൽ തിരഞ്ഞെടുത്ത എല്ലാ കുട്ടികളേയും ഉൾക്കൊള്ളിച്ച് പരിശീലനങ്ങൾ സംഘടിപ്പിക്കേണ്ടതാണ്. ചില കുട്ടികൾക്ക് ഇത്തരം പരിശീലനങ്ങൾ ലഭിക്കുന്നില്ല എന്ന പരാതി ഇതുവഴി ഒഴിവാക്കാം.
- കേരള സംസ്ഥാനത്തിന്റെ വിജയശതമാനം മെച്ചപ്പെടുത്താൻ കേരളം നടത്തുന്ന പ്രാഥമിക പരീക്ഷയിൽ വിജയികളാകുന്ന വിദ്യാർത്ഥികൾക്ക് എസ്.സി.ഇ.ആർ.ടി. നൽകി വരുന്ന പരിശീലനം 25% മോ അതിലേറെയോ വിദ്യാർത്ഥികളെ അടുത്ത ഘട്ടത്തിലും വിജയിപ്പിക്കുവാൻ പ്രാപ്തരാക്കുന്ന തരത്തിലുള്ളതാകണം. അതിനായി വിദഗ്ധ സമിതി രൂപീകരിച്ച് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം.
- പരീക്ഷയെ സംബന്ധിക്കുന്ന ധാരണ കുട്ടികൾക്കും രക്ഷിതാക്കൾക്കും കൃത്യതപ്പെടുത്താനുള്ള ഉത്തരവാദിത്വം സ്കൂൾ ഏറ്റെടുക്കണം. സ്കൂൾതലത്തിൽ ഇതിനായി പ്രത്യേകം നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഉപസംഹാരം**

വിവിധ ഏജൻസികൾ ഏറ്റെടുത്ത് നടപ്പിലാക്കേണ്ട നിർദ്ദേശങ്ങളാണ് പഠനത്തിന്റെ ഭാഗമായി നൽകിയിട്ടുള്ളത്. നടപ്പിലാക്കേണ്ട ഉത്തരവാദിത്തങ്ങൾ ഏതെന്ന് സ്വയം ബോധ്യപ്പെടുകയും നാം ഓരോരുത്തരും അതിന്റെ ഭാഗമായി തീരുകയും ചെയ്യേണ്ടതുണ്ട്. നിർവ്വഹണം എപ്പോഴും കൂട്ടായ്മയിലൂടെയും ചർച്ചയിലൂടെയുമാകണം. ലക്ഷ്യത്തെ മുൻനിർത്തി ഇതര മാർഗ്ഗങ്ങളിൽക്കൂടെ മുന്നേറുവാൻ നാം പ്രാപ്തരാവുകയും, സമൂഹത്തെ പ്രാപ്തമാക്കുകയും വേണം.

# 1. ആമുഖം

*വിവിധ ഗ്രന്ഥകാരന്മാരിൽ നിന്നു സ്വരൂക്കൂട്ടിയ പദങ്ങളുടെയും വാചകങ്ങളുടെയും ആശയങ്ങളുടെയും ശേഖരം കുട്ടികളുടെ തലയിൽ കുത്തിനിറക്കലല്ല ശരിയായ വിദ്യാഭ്യാസം. മറിച്ച് അവരുടെ അറിയാനുള്ള കഴിവിനെ പുറംലോകത്തേക്ക് തുറന്നുവെക്കലാണ്. അങ്ങനെ ചെയ്താൽ ഒരു മരത്തിലെ മുകുളത്തിൽ നിന്നും ഇലകളും പൂക്കളും കായ്കളും പുറപ്പെടുന്നത് പോലെ അവരുടെ മനസ്സിൽ നിന്നും ജീവസ്സുള്ള ഒരു ജലപ്രവാഹം തന്നെ നിർഗളിക്കും.*

*വിദ്യാഭ്യാസം* എന്ന പദത്തിന് ബൃഹത്തായ അർത്ഥമാണുള്ളത്. പരമ്പരാഗത പഠനരീതികളിൽ നിന്നും വ്യതിചലിച്ചുകൊണ്ട് ആരംഭിച്ച പഠനപ്രക്രിയ വൈവിധ്യമാർന്ന വിഭവങ്ങൾ പ്രയോജനപ്പെടുത്തുന്ന നിലയിലേക്ക് മുന്നേറുകയുണ്ടായി. വിദ്യാഭ്യാസ മേഖലയിൽ വന്ന ഈ മുന്നേറ്റം വിവിധ മേഖലകളിൽ നടത്തിയിട്ടുള്ള വൈവിധ്യമാർന്ന ഗവേഷണ പഠനങ്ങളുടെ പരിണിത ഫലമാണ്. കുട്ടികൾ, അധ്യാപകർ, രക്ഷിതാക്കൾ എന്നിവർ സമൂഹവുമായി ഇഴുകിച്ചേർന്ന് കൈവരിച്ച നേട്ടങ്ങളാണ് നമ്മുടെ മുമ്പിലുള്ളത്. ഇന്ന് മികവിന്റെ കേന്ദ്രങ്ങളാണ് കേരളത്തിലെ വിദ്യാലയങ്ങൾ. എന്നാൽ വിവിധ തലങ്ങളിൽ പഠനം പൂർത്തിയാക്കിയ കുട്ടികളിൽ എത്രപേർ ദേശീയ-അന്തർദേശീയ രംഗങ്ങളിലെ അക്കാദമിക മികവുകൾ (like scholarship) നേടിയിട്ടുണ്ടെന്ന് പരിശോധിക്കേണ്ടതുണ്ട്. മികച്ച വിദ്യാഭ്യാസവും വിദ്യാഭ്യാസ നേട്ടങ്ങളും കൈക്കുമ്പിളിലായിട്ടും ദേശീയതലത്തിലുള്ള പരീക്ഷകളിൽ പങ്കെടുക്കുന്ന കേരളത്തിലെ ബഹുഭൂരിപക്ഷം കുട്ടികൾക്കും വിജയം കൈപ്പിടിയിലൊതുക്കുവാൻ കഴിയുന്നില്ലെന്ന വസ്തുത മറ്റൊരു ഗവേഷണ പഠനത്തിലേക്ക് നമ്മെ നയിക്കുന്നു.

## എന്താണ് സ്കോളർഷിപ്പ് പരീക്ഷകൾ?

സ്കൂൾതലത്തിലെ വർദ്ധിച്ചുവരുന്ന കൊഴിഞ്ഞ് പോക്ക് (dropouts), ലിംഗവിവേചനം എന്നിവ കുറയ്ക്കുവാനും, ഉന്നത വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുക പങ്കാളിത്തം വർദ്ധിപ്പിക്കുക, മിടുക്കരായ കുട്ടികൾക്ക് തുടർ വിദ്യഭ്യാസത്തിന് സാമ്പത്തിക സഹായം ലഭ്യമാക്കുക തുടങ്ങിയവയാണ് സ്കോളർഷിപ്പ് പരീക്ഷകളിലൂടെ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ലക്ഷ്യമിടുന്നത്.

നാൾക്കുനാൾ ഏറി വരുന്ന വിദ്യാഭ്യാസ ചെലവുകൾ പ്രതിഭാശാലികളായ, നിർധന വിദ്യാർഥികൾക്ക് ഉന്നതവിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ നഷ്ടമാക്കുന്നു. വിദൂരങ്ങളായിരിക്കുന്ന അവരുടെ സ്വപ്നസാക്ഷാത്ക്കാരത്തിന്റെ ചവിട്ടുപടികളാണ് സ്കോളർഷിപ്പ് പരീക്ഷകൾ തദവസരത്തിൽ സ്കോളർഷിപ്പ് പരീക്ഷകൾ കാലഘട്ടത്തിന്റെ ആവശ്യമായി മാറിയിരിക്കുന്നു.

പി.എച്ച്.ഡി. വരെയുള്ള ഉന്നതവിദ്യഭ്യാസത്തിന് കൈത്താങ്ങാവാൻ പ്രൈമറി തലം മുതൽ ഒട്ടനവധി, സ്കോളർഷിപ്പ് പരീക്ഷകളുണ്ട്. ഐർലന്റ്, ഓസ്ട്രേലിയ, ചൈന, ഫ്രാൻസ് തുടങ്ങി മറ്റ് രാജ്യങ്ങളിൽ സ്കോളർഷിപ്പോടെ വിവിധ മേഖലകളിൽ കുട്ടിയുടെ അഭിരുചിക്കനുസരിച്ച് പഠിക്കുവാൻ അനേകം സ്കോളർഷിപ്പ് പരീക്ഷകൾ ഇന്നുണ്ട്. എന്നാൽ ഇത്തരം പരീക്ഷകളിൽ ദേശീയതലത്തിൽ പോലും വിജയിച്ച് മുന്നേറുവാൻ കേരളത്തിലെ കുട്ടികൾക്ക് തടസ്സം നിൽക്കുന്ന ഘടകങ്ങളെ കണ്ടെത്തി ദൂരികരിക്കുവാനാവശ്യമായ നിർദ്ദേശങ്ങൾ കൈക്കൊള്ളേണ്ടതാണ്.

## പഠനത്തിന്റെ ആവശ്യകതയും പ്രാധാന്യവും

വിവിധതരം സ്കോളർഷിപ്പ് പരീക്ഷകൾ ഇന്ന് നിലവിലുണ്ട്. ദേശീയ അന്തർദേശീയ സ്കോളർഷിപ്പ് പരീക്ഷകൾ എഴുതുന്നവരുടെ എണ്ണം വർഷംതോറും വർദ്ധിച്ച് വരികയാണ്. സംസ്ഥാനതലത്തിൽ നടത്തുന്ന ഇത്തരത്തിലുള്ള പരീക്ഷകൾക്കായി അധ്യാപകരും രക്ഷ

കർത്താക്കളും നിരന്തര പരിശീലനവും പ്രോത്സാഹനവും നല്കി കുട്ടികളെ സജ്ജരാക്കുന്നു. ഇതിൽ വിജയിക്കുന്ന (ബൗദ്ധികമായി) ഉന്നതശ്രേണിയിലുള്ള ഭൂരിഭാഗം കുട്ടികൾക്കും ദേശീയതലത്തിൽ വിജയിക്കാനാകുന്നില്ല. ഇതിനുദാഹരണമാണ് എൻ.റ്റി.എസ്. പരീക്ഷയിലെ കേരളത്തിന്റെ ശുഷ്ക്കിച്ച വിജയശതമാനം. ഒന്നാം ഘട്ടത്തിൽ (സംസ്ഥാനതലം) മികച്ച നേട്ടം കൈവരിച്ച് ദേശീയതലത്തിൽ പരീക്ഷ എഴുതുന്നതിൽ വിരലിലെണ്ണാവുന്നവർ മാത്രം വിജയികളാകുന്നു.

സാക്ഷരതയിലും വിദ്യാഭ്യാസത്തിലും മികച്ച നേട്ടങ്ങൾ കൈവരിച്ചിട്ടുള്ള കേരളം, ദേശീയതലത്തിലെ സ്കോളർഷിപ്പ് പരീക്ഷകളുടെ വിജയത്തിലും തനതായ/വ്യക്തിമുദ്ര പതിപ്പിക്കേണ്ടതുണ്ട്. അതുകൊണ്ട് തന്നെ പ്രതിഭകളായ കുട്ടികൾക്ക് സ്കോളർഷിപ്പ് നഷ്ടപ്പെടുന്നതിന് പിന്നിലെ യഥാർത്ഥ കാരണങ്ങൾ അനാവരണം ചെയ്യാൻ ദേശീയ സംസ്ഥാന പരീക്ഷകളുടെ നടത്തിപ്പ്, ചോദ്യങ്ങളുടെ നിലവാരം, ഭാഷാശൈലി, ചോദ്യരൂപങ്ങൾ, പിന്തുണാസഹായങ്ങൾ, കുട്ടികളുടെ സാമൂഹിക സാമ്പത്തിക നിലവാരം തുടങ്ങിയവ വിശദമായി മനസ്സിലാക്കേണ്ടതുണ്ട്. ഇതിന്റെ നിജസ്ഥിതി മനസ്സിലാക്കി കൂടുതൽ കുട്ടികളെ സ്കോളർഷിപ്പിന് അർഹരാക്കുവാൻ 2016, 2017, 2018 വർഷങ്ങളിലെ എൽ.എസ്.എസ്, യു.എസ്.എസ്., എൻ.എം.എം.എസ്., എൻ.റ്റി.എസ്. പരീക്ഷകളുടെ മേൽ സൂചിപ്പിച്ച മേഖലകളെ ആധാരമാക്കിയുള്ള ഒരു പഠനം നടത്തുന്നു.

എൻ.സി.ഇ.ആർ.ടി. യുടെ ആഭിമുഖ്യത്തിൽ 1989 ൽ ഡിപ്പാർട്ട്മെന്റ് ഓഫ് നോൺ ഫോർമൽ എഡ്യുക്കേഷൻ ആന്റ് എഡ്യുക്കേഷൻ ഓഫ് ഷെഡ്യൂൾഡ് കാസ്റ്റ് ആന്റ് ഷെഡ്യൂൾഡ് ട്രൈബ്സ്, പ്രൊഫസർ എൽ.ആർ.എൽ. ശ്രീവാസ്തവയെ പ്രൊജക്റ്റ് ഡയറക്ടറാക്കി ഏറ്റെടുത്ത് നടത്തിയ പഠനമാണ് *An Evaluative Study of PreMatric Scholarship Scheme for Scheduled Caste and Scheduled Tribe Students*. മൂന്ന് ഘട്ടങ്ങളിലായി നടത്തിയ പഠനത്തിന്റെ മൂന്നാം ക്ലസ്റ്ററിൽ കേരളത്തെ പരിഗണിച്ചെങ്കിലും ഒന്നാം ഘട്ടത്തിൽ പഞ്ചാബ്, ഹിമാചൽ പ്രദേശ്, പശ്ചിമ ബംഗാൾ, ഉത്തർപ്രദേശ് എന്നീ നാല് സംസ്ഥാനങ്ങളിലെ അവസ്ഥകൾ മാത്രമാണ് പഠനവിധേയമാക്കിയത്. എസ്.സി, എസ്.ടി വിഭാഗത്തിലെ പ്രി-മെട്രിക് സ്കോളർഷിപ്പ് നേടുന്നതിലൂടെ ലഭ്യമാകുന്ന സാമ്പത്തിക സഹായവും മറ്റ് ആനുകൂല്യങ്ങളും പഠനത്തെ പ്രോത്സാഹിപ്പിക്കാൻ കുട്ടികൾക്ക് സഹായകമായിട്ടുണ്ടോ, സ്കോളർഷിപ്പ് നേടുന്നതിനുള്ള നിമയങ്ങളും രീതികളും എങ്ങനെ ബാധിക്കുന്നു, ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് കാലവിളംബം സംഭവിക്കുന്നുണ്ടോ, കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ, പ്രയാസങ്ങൾ അവ പരിഹരിക്കാവുന്ന മാർഗ്ഗങ്ങൾ എന്നിവ ശാസ്ത്രീയ പഠനത്തിലൂടെ കണ്ടെത്തി റിപ്പോർട്ട് സമർപ്പിക്കുക എന്നതായിരുന്നു ഈ പഠനത്തിന്റെ ലക്ഷ്യമായി പറഞ്ഞിട്ടുള്ളത്.

2015 മുതൽ 2018 വരെ ദേശീയതല സ്കോളർഷിപ്പ് പരീക്ഷകളായ എൻ.ടി.എസ്., എൻ.എം.എം.എസ്. പരീക്ഷകളിൽ പങ്കെടുത്ത കേരളത്തിലെ കുട്ടികളുടെ താരതമ്യ പഠനത്തിന്റെ വിശദാംശങ്ങൾ പട്ടിക 1.1 ലും 1.2 ലും രേഖപ്പെടുത്തിയിട്ടുണ്ട്.

**പട്ടിക 1.1**
**വാർഷികാനുപാത താരതമ്യ പഠനം – എൻ.റ്റി.എസ്.**

| വർഷം | അപേക്ഷകരുടെ എണ്ണം | എഴുതിയവർ | പാസ്സായവർ | വിജയ ശതമാനം (%) |
|---|---|---|---|---|
| 2015 - 16 | 13112 | 12103 | 23 | 0.19 |
| 2016 - 17 | 14612 | 13418 | 17 | 0.12 |
| 2017 - 18 | 11981 | 10912 | 24 | 0.22 |

കേരളത്തിലെ കുട്ടികളുടെ നിലവാരം മേൽപട്ടികയിലൂടെ വ്യക്തമാണ്. വ്യതിരിക്തവും പ്രോത്സാഹന ജനകവുമായ ഒരു കുതിച്ചുച്ചാട്ടം നടത്തിയാൽ മാത്രമേ സ്കോളർഷിപ്പ് വിജയം പ്രതീക്ഷിത നിലവാരത്തിലെത്തുകയുള്ളൂ. നിലവിലുള്ള സംവിധാനങ്ങളിൽ മാറ്റപ്പെടേണ്ടവയും നില നിർത്തേണ്ടവയും വേർതിരിച്ച് മനസ്സിലാക്കാനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതായിട്ടുണ്ട്.

മെരിറ്റ് സ്കോളർഷിപ്പ് പരീക്ഷകളെക്കുറിച്ച് ഗവേഷണ പഠനങ്ങളൊന്നും കേരളത്തിൽ കാര്യമായി നടന്നിട്ടില്ല എന്ന് അനുബന്ധ പഠനങ്ങൾ സൂചിപ്പിക്കുന്നു. വിവിധ ഡയറ്റുകളുടെ ആഭിമുഖ്യത്തിൽ എൽ.എസ്സ്.എസ്സ്., യു.എസ്സ്.എസ്സ് പരീക്ഷകളെക്കുറിച്ചുള്ള ജില്ലാ സബ്ബ് ജില്ലാതല ഫല വിശകലനം, പിന്തുണാ സംവിധാനങ്ങളുടെ ഏകോപനത്തിലേക്ക് നയിക്കുന്ന ദത്ത സമഹാരണം, അവ ചിട്ടപ്പെടുത്തൽ തുടങ്ങിയ പ്രവർത്തനങ്ങളാണ് നേരിയ തോതിൽ നടന്നുകൊണ്ടിരിക്കുന്നത്. സ്കോളർഷിപ്പ് ലഭിക്കുന്നതിലൂടെ ഒരു കുട്ടിയുടെ ഭാവി തന്നെ മാറ്റിമറിക്കാൻ പര്യാപതമായ നാഷണൽ മെരിറ്റ് സ്കോളർഷിപ്പുകളായ എൻ.എം.എം.എസ്., എൻ.ടി.എസ്. തുടങ്ങിയവയെ സംബന്ധിക്കുന്ന ആധികാരിക പഠനങ്ങൾ പ്രതിഭകളായ കുട്ടികൾക്ക് വഴികാട്ടിയായി മാറാനും രക്ഷിതാക്കൾക്കും അധ്യാപകർക്കും കുട്ടികളെ എങ്ങനെയൊക്കെ തയ്യാറെടുപ്പിക്കണമെന്നതിനെക്കുറിച്ചുള്ള ദിശാസൂചകമാകാനും കാരണമാവും. അതിനാൽ ഈ പഠനം കേരള വിദ്യാഭ്യാസ ചരിത്രത്തിൽ നാഴികകല്ലായി മാറുമെന്നും വളർന്നു വരുന്ന വിദ്യാർത്ഥി സമൂഹത്തിന് ആശ്രയിക്കാവുന്ന ആധികാരിക രേഖയാകുമെന്നുള്ളതും സുനശ്ചിതമാണ്.

## പഠനത്തിന്റെ തലക്കെട്ട്

കേരളത്തിലെ കുട്ടികൾ എഴുതിവരുന്ന പ്രധാനപ്പെട്ട നാല് സ്കോളർഷിപ്പ് പരീക്ഷകളെ ആധാരമാക്കി നടത്തുന്ന ഈ പഠനത്തിന് **എൽ.എസ്.എസ്., യു.എസ്.എസ്., എൻ.എം.എം.എസ്., എൻ.റ്റി.എസ്. മെരിറ്റ് സ്കോളർഷിപ്പ് പരീക്ഷകളുടെ അവസ്ഥാപഠനം എന്ന തലക്കെട്ടാണ് നല്കിയിരിക്കുന്നത്.**

**എൽ.എസ്.എസ്. (ലോവർ പ്രൈമറി സ്കൂൾ സ്കോളർഷിപ്പ്) പരീക്ഷ**: കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ (ഗവൺമെന്റ്/എയ്ഡഡ്/അംഗീകാരമുള്ള അൺഎയ്ഡഡ്) നാലാം ക്ലാസിൽ പഠിക്കുന്ന കുട്ടികൾക്ക് വേണ്ടി നടത്തുന്ന പരീക്ഷയാണിത്. ഒന്നാം ടേം പരീക്ഷയിൽ മലയാളം, ഇംഗ്ലീഷ്, ഗണിതം, പരിസരപഠനം എന്നീ വിഷയങ്ങൾക്ക് 'എ' ഗ്രേഡ് നേടിയിട്ടുള്ള വിദ്യാർത്ഥികൾ ഈ പരീക്ഷ എഴുതാൻ യോഗ്യരാണ്. മേൽപറഞ്ഞ വിഷയങ്ങളിൽ ഏതെങ്കിലും ഒന്നിൽ 'ബി' ഗ്രേഡ് ലഭിച്ച കുട്ടികൾ ഉപജില്ലാതല കലാ-കായിക-പ്രവൃത്തിപരിചയ മേളയിൽ ഏതെങ്കിലും ഇനത്തിൽ എ ഗ്രേഡോ ഒന്നാം സ്ഥാനമോ നേടിയിട്ടുണ്ടെങ്കിൽ അവർക്കും എൽ.എസ്.എസ്. പരീക്ഷ എഴുതാവുന്നതാണ്.

**യു.എസ്.എസ്. (അപ്പർപ്രൈമറി സ്കൂൾ സ്കോളർഷിപ്പ്) പരീക്ഷ** : കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ (ഗവൺമെന്റ/എയ്ഡഡ്/അംഗീകാരമുള്ള അൺഎയ്ഡഡ്) ഏഴാം ക്ലാസിൽ പഠിക്കുന്ന കുട്ടികൾക്ക് യു.എസ്.എസ്. പരീക്ഷ എഴുതാവുന്നതാണ്.

ഏഴാം ക്ലാസിലെ ഒന്നാം ടേം പരീക്ഷയിൽ ലഭിച്ച ഗ്രേഡുകൾ അടിസ്ഥാനമാക്കിയാണ് കുട്ടികളെ തെരഞ്ഞെടുക്കുന്നത്. ഇതിനായി രണ്ട് മാനദണ്ഡങ്ങളാണ് നിർദ്ദേശിക്കുന്നത് - എല്ലാ വിഷയങ്ങളിലും 'എ' ഗ്രേഡ്, ഭാഷാ വിഷയങ്ങളിൽ '3' പേപ്പറിൽ എ ഗ്രേഡ്, ഒന്നിൽ ബി ഗ്രേഡും ശാസ്ത്ര വിഷയങ്ങളിൽ രണ്ടിന് 'എ' ഗ്രേഡും ഒന്നിന് 'ബി' ഗ്രേഡും നേടിയവർക്ക് കലാ-കായിക-പ്രവൃത്തി പരിചയ മേളയിൽ ഉപജില്ലാതലത്തിൽ 'എ' ഗ്രേഡോ ഒന്നാം സ്ഥാനമോ ലഭിച്ചിരിക്കണം.

**എൻ.എം.എം.എസ്: (നാഷണൽ മീൻസ് കം മെരിറ്റ് സ്കോളർഷിപ്പ് എക്സാമിനേഷൻ)**: അധ്യയന വർഷം കേരളത്തിലെ ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിൽ എട്ടാം ക്ലാസിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കു മാത്രമേ എൻ.എം.എം.എസ്. പരീക്ഷയ്ക്ക് പങ്കെടുക്കാൻ അർഹതയുള്ളൂ. തൊട്ട് പിന്നിലെ അധ്യയന വർഷം ഏഴാം ക്ലാസിൽ വാർഷിക പരീക്ഷയിൽ 55%ത്തിൽ

കുറയാതെ മാർക്ക് നേടിയവരും 50% മാർക്ക് ലഭിച്ച എസ്സി, എസ്ടി കുട്ടികൾക്കും പങ്കെടുക്കാം. പ്രതിവർഷ വരുമാനം 1,50,000 രൂപയിൽ കവിയാത്ത രക്ഷാകർത്താക്കളുടെ കുട്ടികൾക്ക് മാത്രമേ പരീക്ഷ എഴുതുവാൻ കഴിയുകയുള്ളൂ.

**എൻ.ടി.എസ്.ഇ. (നാഷണൽ ടാലന്റ് സർച്ച് എക്സാമിനേഷൻ)**: ഒന്നാം തവണ പത്താം ക്ലാസിൽ പഠിക്കുന്ന കുട്ടികൾക്കാണ് ഈ സ്കോളർഷിപ്പ് പരീക്ഷ നടത്തുന്നത്. ഗവൺമെന്റ് എയ്ഡഡ്, അൺഎയ്ഡഡ് തുടങ്ങിയ വിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് ഒമ്പതാം ക്ലാസിലെ വാർഷിക പരീക്ഷയിൽ 75% മോ അതിൽ കൂടുതലോ മാർക്ക് ലഭിച്ചാൽ ഈ പരീക്ഷ എഴുതാവുന്നതാണ്.

## രീതിശാസ്ത്രം

സർവ്വേരീതിയാണ് ഈ പഠനത്തിന് അവലംബിച്ചിരിക്കുന്ന രീതിശാസ്ത്രം.

## സാമ്പിൾ

പ്രൈമറിതലം മുതൽ സെക്കന്ററിതലം വരെയുള്ള തിരഞ്ഞെടുക്കപ്പെട്ട കുട്ടികൾ, അവരുടെ അധ്യാപകർ, രക്ഷിതാക്കൾ എന്നിവരെയാണ് പഠന സാമ്പിളായി നിശ്ചയിച്ചിട്ടുള്ളത്.

## ഉപാധികൾ

ദത്തശേഖരണത്തിനായി മൂന്നുതരം ഉപാധികളാണ് ഉപയോഗിച്ചിട്ടുള്ളത്.

- കുട്ടികൾക്കുള്ള ചോദ്യാവലി
- അധ്യാപകർക്കുള്ള ചോദ്യാവലി
- രക്ഷിതാക്കൾക്കുള്ള ഫോക്കസ് ഗ്രൂപ്പ് ചർച്ചാ സൂചകങ്ങൾ

## പഠനത്തിന്റെ പരിമിതി

കേരളത്തിലെ പതിനാലു ജില്ലകളിൽ കേവലം നാലു ജില്ലകളിലായി (കണ്ണൂർ, പാലക്കാട്, ഇടുക്കി, കൊല്ലം) പഠനം പരിമിതപ്പെടുത്തിയിരിക്കുന്നു.

എൽ.എസ്.എസ്., യു.എസ്.എസ്., എൻ.എം.എം.എസ്., എൻ.ടി.എസ്. നാലു സ്കോളർഷിപ്പ് പരീക്ഷകൾ മാത്രമേ പഠനത്തിന്റെ പരിധിയിൽ വരുന്നുള്ളൂ. വിദ്യാഭ്യാസ മേഖലയിൽത്തന്നെയുള്ള ഇതര സ്കോളർഷിപ്പുകളെക്കുറിച്ച് ഈ പഠനം പരിഗണിക്കുന്നില്ല.

നാല് ജില്ലകളിലെ തിരഞ്ഞെടുക്കപ്പെട്ട കുട്ടികളും അവരുടെ അധ്യാപകരും രക്ഷിതാക്കളുമാണ് പഠനത്തിന്റെ സാമ്പിൾ. കേരളത്തിലെ വിദ്യാർത്ഥി പോപ്പുലേഷൻ, അധ്യാപക പോപ്പുലേഷൻ, രക്ഷിതാക്കൾ എന്നിവരെ പരിഗണിക്കുമ്പോൾ വളരെ കുറഞ്ഞ ഒരു സംഖ്യ മാത്രമാണ് പഠന വിധേയമാക്കാൻ സാധിച്ചിട്ടുള്ളത്.

## സ്ഥിതിവിവര സാങ്കേതികത്വം

ശേഖരിച്ച ദത്തങ്ങളുടെ വിശകലനവും വ്യാഖ്യാനവും ശതമാന വിശകലനം വഴി നിർവ്വഹിക്കുകയുണ്ടായി.

# 2. രീതിശാസ്ത്രം

## ആമുഖം

അക്കാദമികമായി മികവു പുലർത്തുന്ന വിദ്യാർഥികളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ എന്ന നിലയിൽ വിവിധ സ്കോളർഷിപ്പുകൾ എത്രത്തോളം ഫലപ്രദമാണ് എന്ന അന്വേഷണമാണ് പഠനം ലക്ഷ്യമാക്കുന്നത്. കണ്ണൂർ, പാലക്കാട്, ഇടുക്കി, കൊല്ലം എന്നീ നാല് ജില്ലകൾ കേന്ദ്രീകരിച്ച് ശേഖരിച്ച വിവരങ്ങൾ വിശകലനത്തിനായി പ്രയോജനപ്പെടുത്തിയിരിക്കുന്നു. വിദ്യാർഥികൾ, അധ്യാപകർ, രക്ഷിതാക്കൾ എന്നിവരുടെ അഭിപ്രായങ്ങളും കാഴ്ചപ്പാടും ക്രോഡീകരിച്ചിട്ടുണ്ട്. റിസൾട്ട് വിശകലനം, ചോദ്യപേപ്പറുകളുടെ അപഗ്രഥനം എന്നിവയും പഠനത്തിനായി ഉപജീവിക്കുന്നു. ഗവേഷണപ്രക്രിയയുടെ രീതി (പഠനരീതി), ഗവേഷണവിധേയമായ സമൂഹം (പോപ്പുലേഷൻ), വിവര ശേഖരണത്തിനായി തിരഞ്ഞെടുത്ത വിഭാഗങ്ങൾ (സാമ്പിൾ), ഉപകരണങ്ങളും ഉപാധികളും, ദത്തങ്ങളുടെ സ്വഭാവം തുടങ്ങിയവരുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

## പഠനരീതി

ഈ പഠനത്തിന്റെ ഉദ്ദേശ്യസാധൂകരണത്തിനായി സർവ്വേ രീതി ഉപയോഗിച്ചിരിക്കുന്നു. കണ്ണൂർ, പാലക്കാട്, ഇടുക്കി, കൊല്ലം ജില്ലകളിലെ പ്രൈമറിതലം മുതൽ സെക്കന്ററി തലം വരെയുള്ള തിരഞ്ഞെടുക്കപ്പെട്ട കുട്ടികൾ, അധ്യാപകർ എന്നിവരിൽ നിന്ന് സർവ്വേ രീതി ഉപയോഗിച്ചും ഫോക്കസ് ഗ്രൂപ്പ് ചർച്ചയിലൂടെ (FGD)യും പഠനത്തിനാവശ്യമായ ദത്തങ്ങൾ രക്ഷിതാക്കളിൽ നിന്നും ശേഖരിക്കുകയുണ്ടായി.

**പോപ്പുലേഷൻ:** കേരളത്തിൽ മെറിറ്റ് സ്കോളർഷിപ്പ് പരീക്ഷകളിൽ പങ്കെടുക്കുന്ന നാലാംതരത്തിലെയും ഏഴാംതരത്തിലെയും ഹയർസെക്കന്ററി തലങ്ങളിലെയും ഹൈസ്കൂൾ ക്ലാസുകളിലെയും കുട്ടികളും അവരുടെ രക്ഷിതാക്കളും അധ്യാപകരുമാണ് ഈ പഠനത്തിന്റെ പോപ്പുലേഷൻ.

**സാമ്പിൾ:** പഠനത്തിന്റെ സാമ്പിളായി പ്രൈമറിതലം മുതൽ സെക്കന്ററിതലം വരെയുള്ള കുട്ടികൾ, അധ്യാപകർ, രക്ഷിതാക്കൾ എന്നിവരെയാണ് തിരഞ്ഞെടുത്തത്.

**കുട്ടികൾ**: ഓരോ ജില്ലയിൽ നിന്നും എൽ.എസ്.എസ്., യു.എസ്.എസ്. പരീക്ഷകളിൽ പങ്കെടുത്ത 25 കുട്ടികൾ വീതവും എൻ.എം.എം.എസ്. പരീക്ഷയിൽ പങ്കെടുത്ത 50 വീതം കുട്ടികളും എൻ.ടി.എസ്. പരീക്ഷയിൽ സംസ്ഥാന തലത്തിൽ പങ്കെടുത്ത 50 കുട്ടികളെയുമാണ് സാമ്പിളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കുട്ടികളുടെ സാമ്പിളിന്റെ വിശകലന പട്ടിക 2.1 ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 2.1**

**സാമ്പിൾ വിശകലനം – കുട്ടികൾ**

| ജില്ല | എൽ.എസ്.എസ്. | യു.എസ്.എസ്. | എൻ.എം.എം.എസ്. | എൻ.ടി.എസ്. |
|---|---|---|---|---|
| കണ്ണൂർ | 25 | 25 | 50 | 50 |
| പാലക്കാട് | 25 | 25 | 50 | |
| ഇടുക്കി | 25 | 25 | 50 | |
| കൊല്ലം | 25 | 25 | 50 | |
| ആകെ | 100 | 100 | 200 | 50 |

**അധ്യാപകർ:** എൽ.എസ്.എസ്., യു.എസ്.എസ്. പരീക്ഷകളെ സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിക്കാൻ ജില്ലാതലത്തിൽ 25 അധ്യാപകർ വീതവും എൻ.എം.എം.എസ്. പരീക്ഷാ വിവരങ്ങൾ ശേഖരിക്കാൻ ഓരോ ജില്ലയിൽ നിന്നും 25 അധ്യാപകരേയും എൻ.ടി.എസ്. പരീക്ഷാ വിവരങ്ങൾ ശേഖരിക്കാൻ സംസ്ഥാന തലത്തിൽ 50 അധ്യാപകരെയുമാണ് സാമ്പിളായി തിരഞ്ഞെടുത്തത്. അധ്യാപകരുടെ സാമ്പിളിന്റെ വിശകലനം പട്ടിക 2.2 ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 2.2**

**സാമ്പിൾ വിശകലനം – അധ്യാപകർ**

| ജില്ല | എൽ.എസ്.എസ്. | യു.എസ്.എസ്. | എൻ.എം.എം.എസ്. | എൻ.ടി.എസ്. |
|---|---|---|---|---|
| കണ്ണൂർ | 25 | 25 | 25 | 50 |
| പാലക്കാട് | 25 | 25 | 25 | |
| ഇടുക്കി | 25 | 25 | 25 | |
| കൊല്ലം | 25 | 25 | 25 | |
| ആകെ | 100 | 100 | 200 | 50 |

**രക്ഷിതാക്കൾ:-** എൽ.എസ്.എസ്., യു.എസ്.എസ്., എൻ.എം.എം.എസ്., പരീക്ഷകൾ നടക്കുന്ന 2 വീതം ജില്ലാ കേന്ദ്രങ്ങളിൽ സന്നിഹിതരാകുന്ന രക്ഷിതാക്കളും 8 എൽ.എസ്.എസ്. കേന്ദ്രങ്ങൾ, 8 യു.എസ്.എസ്. കേന്ദ്രങ്ങൾ, 8 എൻ.എം.എം.എസ്., കേന്ദ്രങ്ങൾ എൻ.ടി.എസ്. സംസ്ഥാന തലത്തിൽ എത്തിയിട്ടുള്ള രക്ഷിതാക്കളുമാണ് ഫോക്കസ് ഗ്രൂപ്പ് ചർച്ചയുടെ സാമ്പിൾ.

## ഉപാധികൾ

ദത്തശേഖരണത്തിനായി മൂന്നുതരം ഉപാധികളാണ് ഉപയോഗിച്ചിട്ടുള്ളത്.

1. കുട്ടികൾക്കുള്ള ചോദ്യാവലി
2. അധ്യാപകർക്കുള്ള ചോദ്യാവലി
3. രക്ഷിതാക്കൾക്കുള്ള ഫോക്കസ് ഗ്രൂപ്പ് ചർച്ചാ സൂചകങ്ങൾ

നാലുവിഭാഗം സ്കോളർഷിപ്പ് പരീക്ഷകൾക്കും (എൽ.എസ്.എസ്., യു.എസ്.എസ്., എൻ.എം.എം.എസ്., എൻ.ടി.എസ്.) മേൽസൂചിപ്പിച്ച മൂന്നു തരം ഉപാധികളും ഉപയോഗിച്ചാണ് കുട്ടികളിൽ നിന്നും അധ്യാപകരിൽ നിന്നും രക്ഷിതാക്കളിൽ നിന്നും ദത്തശേഖരണം നടത്തിയത്.

## എൽ. എസ്. എസ്.

**i. കുട്ടികൾക്കുള്ള ചോദ്യാവലി**

കുട്ടികൾക്കുള്ള ചോദ്യാവലിയിൽ പ്രതികരണങ്ങൾ രേഖപ്പെടുത്തുകയും നിർദ്ദേശങ്ങൾ വായിച്ച് അഭിപ്രായങ്ങൾ വിശദീകരിച്ച് രേഖപ്പെടുത്തുകയും ചെയ്യാനുള്ള ചോദ്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ആകെ പത്ത് ചോദ്യങ്ങളിൽ രണ്ടെണ്ണം വിശദീകരിച്ച് എഴുതേണ്ടവയാണ്. 'പരീക്ഷയെഴുതുമ്പോൾ നിങ്ങൾക്ക് അനുഭവപ്പെട്ട ബുദ്ധിമുട്ടുകൾ എന്ത്?' എന്ന ചോദ്യം അത്തരത്തിലുള്ള ഒന്നാണ്.(അനുബന്ധം-1)

**ii. അധ്യാപകർക്കുള്ള ചോദ്യാവലി**

അധ്യാപകർക്കുള്ള ചോദ്യാവലിയിൽ ആകെ 29 ചോദ്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. അതിൽ ആദ്യത്തെ 20 ചോദ്യങ്ങളിൽ അനുയോജ്യമായ പ്രതികരണം രേഖപ്പെടുത്താനുള്ളതും, (ഉദാ: കുട്ടികളുടെ സാമൂഹിക സാമ്പത്തിക സ്ഥിതി പരീക്ഷാ വിജയത്തെ സ്വാധീനിക്കുന്നുണ്ടോ?)

21 മുതൽ 29 വരെയുള്ളവ പ്രതികരണങ്ങൾ വിശദീകരിച്ച് എഴുതാനുള്ളവയുമാണ്. (അനുബന്ധം-2)

**iii. രക്ഷിതാക്കൾക്കുള്ള ചർച്ചാ സൂചകങ്ങൾ**

സ്കോളർഷിപ്പ് പരീക്ഷയെക്കുറിച്ച് രക്ഷിതാക്കൾക്കുള്ള ധാരണ, കുട്ടികൾക്ക് പരീക്ഷാ തയ്യാറെടുപ്പിനായി നൽകിയിട്ടുള്ള പിന്തുണ തുടങ്ങി പത്ത് ചർച്ചാ സൂചകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. (അനുബന്ധം-3)

## യു. എസ്. എസ്.

**i. കുട്ടികൾക്കുള്ള ചോദ്യാവലി**

ചോദ്യത്തിൽ നൽകിയിട്ടുള്ള അഭിപ്രായത്തിന് നേരെ ടിക് (✓) ചെയ്യാനും വിശദമായ അഭിപ്രായം രേഖപ്പെടുത്താനുമായുള്ള '15' ചോദ്യങ്ങളുമാണ് ഈ ചോദ്യാവലിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. "നിലവിലെ പരീക്ഷാ മാതൃകയിൽ നിങ്ങൾ തൃപ്തരാണോ?," അല്ലെങ്കിൽ "ഏതെല്ലാം തരം ചോദ്യങ്ങളാണ് ഇനിയും ഉൾപ്പെടുത്തേണ്ടത്?" തുടങ്ങിയവ ചില ഉദാഹരണങ്ങളാണ്. (അനുബന്ധം-4)

**ii. അധ്യാപകർക്കുള്ള ചോദ്യാവലി**

മൊത്തം 29 ചോദ്യങ്ങളിൽ 20 എണ്ണം യോജിക്കുന്നു, ഏറെക്കുറെ യോജിക്കുന്നു, യോജിക്കുന്നില്ല എന്നീ പ്രതികരണങ്ങൾ രേഖപ്പെടുത്താനുള്ളവയാണ്. 21 മുതൽ 29 വരെയുള്ള 9 ചോദ്യങ്ങൾക്ക് വിശദമായ പ്രതികരണം രേഖപ്പെടുത്താൻ അവസരം നൽകിയിരിക്കുന്നു. (അനുബന്ധം-5)

**iii. രക്ഷിതാക്കൾക്ക് പ്രതികരിക്കാനുള്ള ചർച്ചാ സൂചകങ്ങൾ**

ചർച്ചയിൽ പങ്കെടുത്ത് അഭിപ്രായം രേഖപ്പെടുത്തുന്ന പത്ത് ചർച്ചാ സൂചകങ്ങൾ രക്ഷിതാക്കൾക്ക് ഒന്നിന് പിറകെ ഒന്നായി വാക്കാൽ നൽകി രക്ഷിതാക്കളുടെ അഭിപ്രായം ശേഖരിച്ചു. (അനുബന്ധം-6)

## എൻ. എം. എം. എസ്.

**i. കുട്ടികൾക്കുള്ള ചോദ്യാവലി**

ചോദ്യാവലിയിലെ പത്തു ചോദ്യങ്ങളിൽ ആദ്യത്തെ 5 എണ്ണം സാമൂഹിക സാമ്പത്തിക നിലവാരം അറിയാനുള്ളതും അവസാനത്തെ 9, 10 ചോദ്യങ്ങൾ വിശദമായി ഉത്തരം എഴുതാനുള്ളവയുമാണ്. ഇതിൽ പരീക്ഷ മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ കുട്ടികൾക്ക്എഴുതുവാൻ അവസരം നൽകിയിട്ടുണ്ട്. (അനുബന്ധം-7)

**ii. അധ്യാപകർക്കുള്ള ചോദ്യാവലി**

രണ്ട് വിഭാഗങ്ങളിലായി 17 ചോദ്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഒന്നാം വിഭാഗത്തിലെ 10 ചോദ്യങ്ങൾ തിരഞ്ഞെടുത്തുള്ള പ്രതികരണങ്ങൾക്കുള്ളവയും, 7 ചോദ്യങ്ങൾ സ്വന്തം അഭിപ്രായം തുറന്ന് എഴുതാനുള്ളവയുമാണ്. ഇതിൽ വിദ്യാലയങ്ങളിൽ നിന്ന് കുട്ടികൾക്ക് ലഭിക്കുന്ന പിന്തുണാ സംവിധാനമുൾപ്പെടെയുള്ളവയെക്കുറിച്ച് അധ്യാപകർ പരാമർശിക്കേണ്ടതുണ്ട്. (അനുബന്ധം-8)

**iii. രക്ഷിതാക്കൾക്ക് പ്രതികരിക്കാനുള്ള ചർച്ചാ സൂചകങ്ങൾ**

നൽകിയിരിക്കുന്ന 12 ചർച്ചാ സൂചകങ്ങൾക്കനുസരിച്ചുള്ള ചോദ്യങ്ങൾ സ്വാഭാവികമായി അവതരിപ്പിക്കുകയും പ്രതികരണങ്ങൾ രേഖപ്പെടുത്തുകയും ചെയ്തുകൊണ്ടാണ് രക്ഷിതാക്കളുടെ അഭിപ്രായങ്ങൾ സമാഹരിക്കേണ്ടത്. (അനുബന്ധം-9)

## എൻ.റ്റി.എസ്.

**i. കുട്ടികൾക്കുള്ള ചോദ്യാവലി**

പരീക്ഷയും പരീക്ഷയ്ക്ക് തയ്യാറാക്കുന്നതിനെക്കുറിച്ചും ലഭിച്ച പരീശീലനങ്ങൾ ഫലപ്രാപ്തിയെക്കുറിച്ചും പരാമർശിക്കപ്പെടുന്ന 13 ചോദ്യങ്ങളിൽ ബുദ്ധിമുട്ട് അനുഭവിക്കുന്ന ഘടകങ്ങളെ മുൻഗണനാക്രമത്തിൽ പട്ടികയിൽ രേഖപ്പെടുത്താനടക്കമുള്ള നിർദ്ദേശങ്ങൾ കുട്ടികൾക്ക് നൽകി പ്രതികരണം ആരായുന്നുണ്ട്. (അനുബന്ധം-10)

**ii. അധ്യാപകർക്കുള്ള ചോദ്യാവലി**

തിരഞ്ഞെടുക്കുന്ന പ്രതികരണങ്ങൾക്കുള്ള കാരണങ്ങൾ രേഖപ്പെടുത്താനടക്കമുള്ള 17 ചോദ്യങ്ങളും വിശദമായ നിർദ്ദേശങ്ങൾ നൽകി പരീക്ഷയെയും പരീക്ഷാ നടത്തിപ്പിനേയും സ്വാധീനിക്കാൻ പാകത്തിൽ ക്രമീകരിച്ചുള്ള 8 ചോദ്യങ്ങളുമുൾപ്പെടെ 25 ചോദ്യങ്ങളാണ് ഈ ചോദ്യാവലിയിലുള്ളത്. (അനുബന്ധം-11)

**iii. രക്ഷിതാക്കൾക്ക് പ്രതികരിക്കാനുള്ള ചർച്ചാ സൂചകങ്ങൾ**

കുട്ടികൾ അനുഭവിക്കുന്ന മാനസികസമ്മർദ്ദം ഉൾപ്പെടെ രക്ഷിതാക്കൾക്ക് നേരിട്ടനുഭവിക്കേണ്ടി വരുന്ന കുട്ടികളുടെ മനോനിലയടക്കം ചർച്ചയ്ക്ക് വിധേയമാക്കി കൊണ്ടാണ് രക്ഷിതാക്കൾക്കുള്ള 12 ചർച്ചാസൂചകങ്ങൾ പുരോഗമിക്കുന്നത്. ഇവിടെ സൂചകങ്ങൾ ചോദ്യങ്ങളായാണ് രക്ഷിതാക്കളുടെ മുമ്പിൽ അവതരിപ്പിക്കപ്പെടുന്നത്. (അനുബന്ധം-12)

**പ്രക്രിയ**: വിവിധ സ്കോളർഷിപ്പ് പരീക്ഷകളിൽ പങ്കാളികളായ കുട്ടികളെ തരംതിതിച്ച് ഓരോരുത്തർക്കും ചോദ്യാവലി നൽകി, നിർദ്ദേശങ്ങൾ അടക്കം ഉറക്കെ വായിച്ച് വിശദമാക്കിക്കൊണ്ടാണ് പൂരിപ്പിക്കാൻ അവസരം നൽകിയത്. സ്വാഭാവികമായും പൂരിപ്പിക്കലിനിടയിൽ ഉയർന്നുവരുന്ന കുട്ടികളുടെ ഭാഗത്തുനിന്നുള്ള സംശയങ്ങൾ ദൂരീകരിച്ചുകൊണ്ടാണ് ചോദ്യാവലി പൂരിപ്പിക്കൽ പൂർത്തിയാക്കിയത്.

അധ്യാപകരെ സ്റ്റാഫ് റൂമിൽവെച്ച് മൊത്തത്തിൽ അഭിമുഖീകരിച്ച് സംസാരിക്കുകയും, കാര്യങ്ങൾ വിശദമാക്കി കൊണ്ട് ചോദ്യാവലി കൈവശം നൽകുകയും ചെയ്തു. ഒരു മണിക്കൂർ സമയത്തിനുള്ളിൽ ചോദ്യാവലി പൂരിപ്പിച്ച് തിരികെ നൽകാൻ അധ്യാപകർ തയ്യാറായി.

ഉദ്ദേശ്യം പറഞ്ഞപ്പോൾ വളരെ താല്പര്യത്തോടെ തയ്യാറാക്കിയ സ്ഥലത്ത് രക്ഷിതാക്കൾ സമ്മേളിക്കുകയും തികച്ചും സന്തോഷകരമായ അന്തരീക്ഷത്തിൽ ഉന്നയിക്കപ്പെട്ട ഓരോ ചോദ്യങ്ങൾക്കും വളരെ ആവേശത്തോടെ സ്വന്തം അഭിപ്രായം തുറന്ന് പറയുകയും ചെയ്തു. അവയെല്ലാം തന്നെ ശാസ്ത്രീയ മാർഗ്ഗങ്ങളിലൂടെ രേഖപ്പെടുത്തപ്പെട്ടു. ദത്തശേഖരണത്തിനായി ടീമായാണ് വിവിധ കേന്ദ്രങ്ങളിൽ പഠനസംഘാംഗങ്ങൾ എത്തിയത്.

**സ്ഥിതിവിവര സാങ്കേതികത്വം:** ശതമാന വിശകലനമാണ് ദത്തങ്ങളെ വ്യാഖ്യാനിക്കാൻ സ്വീകരിച്ച രീതി.

# 3. ദത്തങ്ങളുടെ വിശകലനവും വ്യാഖ്യാനവും

മെറിറ്റ് സ്കോളർഷിപ്പ് പരീക്ഷകളുടെ അവസ്ഥാപഠനത്തിനുവേണ്ടി അഞ്ച് പഠനോദ്ദ്യേശങ്ങളാണ് ചിട്ടപ്പെടുത്തിയിട്ടുള്ളത്. ഈ പഠനോദ്ദ്യേശങ്ങളുടെ അടിസ്ഥാനത്തിൽ പഠന സാമ്പിളുകളായ അധ്യാപകർ, വിദ്യാർത്ഥികൾ എന്നിവരിൽ നിന്ന് ചോദ്യാവലി ഉപയോഗിച്ച് ശേഖരിച്ച വിവരങ്ങളും, രക്ഷിതാക്കളുമായി നടത്തിയ എഫ്.ജി.ഡി. യിലൂടെ ശേഖരിച്ച വിവരങ്ങളും അവയുടെ വിശകലനവുമാണ് ഈ അധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

എൽ.എസ്.എസ്., യു.എസ്.എസ്., എൻ.എം.എം.എസ്., എൻ.റ്റി.എസ്. സ്കോളർഷിപ്പ് പരീക്ഷാക്രമത്തിൽ ദത്തങ്ങളുടെ വിശദാംശങ്ങളും, വിശകലനവും ചിട്ടപ്പെടുത്തിയിരിക്കുന്നു.

**എൽ.എസ്.എസ്.**

എൽ.എസ്.എസ്.സ്കോളർഷിപ്പ് അവസ്ഥാപഠനത്തിനുവേണ്ടി വിദ്യാർത്ഥികൾ, അധ്യാപകർ എന്നിവരിൽ നിന്ന് ചോദ്യാവലി ഉപയോഗിച്ച് ശേഖരിച്ച വിവരങ്ങളും രക്ഷിതാക്കളുമായി നടത്തിയ എഫ്.ജി.ഡി. വഴി ശേഖരിച്ച വിവരങ്ങളും അവയുടെ വിശകലനവുമാണ് ചുവടെ ഉൾപ്പെടുത്തിയിരിക്കുന്നത്.

1. **എൽ.എസ്.എസ്. സ്കോളർഷിപ്പ് പരീക്ഷകളിലെ കുട്ടികളുടെ തിരഞ്ഞെടുപ്പ്, പരീക്ഷാനടത്തിപ്പ്, സ്കോളർഷിപ്പ് വിതരണം എന്നിവയിലെ കാര്യക്ഷമത വിലയിരുത്തുന്നതിന്**

**പട്ടിക 3.1**

**പരീക്ഷ എഴുതുവാൻ തിരഞ്ഞെടുത്ത വിവരം അറിഞ്ഞ സമയം**

| പ്രതികരണം | കണ്ണൂർ | | പാലക്കാട് | | ഇടുക്കി | | കൊല്ലം | | ആകെ | |
|---|---|---|---|---|---|---|---|---|---|---|
| | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം |
| ഒന്നാം പാദവാർഷിക പരീക്ഷാഫലത്തിനു ശേഷം | 20 | 34 | 11 | 22 | 6 | 10 | 12 | 28 | 49 | 23 |
| രണ്ടാം പാദവാർഷിക പരീക്ഷാഫലത്തിനുശേഷം | 30 | 52 | 38 | 75 | 45 | 78 | 27 | 63 | 140 | 67 |
| മറ്റേതെങ്കിലും സമയത്ത് | 8 | 14 | 2 | 4 | 7 | 12 | 4 | 9 | 21 | 10 |

പട്ടിക 3.1.ൽ നിന്നും, 23% കുട്ടികൾ ഒന്നാം പാദവാർഷിക പരീക്ഷാഫലത്തിന് ശേഷവും 67% കുട്ടികൾ രണ്ടാം പാദവാർഷിക പരീക്ഷഫലത്തിന് ശേഷവും 10% കുട്ടികൾ മറ്റ് സമയത്തുമാണ് എൽ.എസ്.എസ്. പരീക്ഷയിൽ തിരഞ്ഞെടുത്ത വിവരം അറിഞ്ഞതെന്ന് വ്യക്തമാകുന്നു.

ഇതിൽ നിന്നും പരീക്ഷയ്ക്ക് തിരഞ്ഞെടുത്ത വിവരം ഭൂരിഭാഗം കുട്ടികളും രണ്ടാം പാദവാർഷിക പരീക്ഷയ്ക്കുശേഷമാണ് അറിഞ്ഞത് എന്ന് മനസ്സിലാക്കാം. ഇതുമൂലം കുട്ടികൾക്ക് തയ്യാറെടുപ്പിന് വേണ്ടത്ര സമയം ലഭിക്കുന്നില്ലെന്ന് കണ്ടെത്തി.

### പട്ടിക 3.2
### പരീക്ഷ എഴുതുന്നതിന് കുട്ടികളെ തിരഞ്ഞെടുത്തതിനുള്ള അടിസ്ഥാനം

| പ്രതികരണം | കണ്ണൂർ | | പാലക്കാട് | | ഇടുക്കി | | കൊല്ലം | | ആകെ | |
|---|---|---|---|---|---|---|---|---|---|---|
| | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം |
| അധ്യാപക നിർദ്ദേശക്കിന് അനുസരിച്ച് | 10 | 17 | 8 | 16 | 11 | 15 | 16 | 37 | 45 | 20 |
| പഠനമികവുകൊണ്ട് | 40 | 69 | 37 | 73 | 41 | 71 | 24 | 56 | 142 | 64 |
| രക്ഷിതാവിന്റെ താൽപര്യം കൊണ്ട് | 4 | 7 | 4 | 8 | 1 | 2 | 10 | 23 | 19 | 9 |
| അറിയില്ല | 6 | 10 | 2 | 4 | 6 | 10 | 1 | 2 | 15 | 7 |

അധ്യാപിക നിർദ്ദേശിച്ച് 20% കുട്ടികളും പഠനമികവ് കൊണ്ട് 64% കുട്ടികളും രക്ഷിതാവിന്റെ താൽപ്പര്യം കൊണ്ട് 9% കുട്ടികളും പരീക്ഷയെഴുതുന്നതിന് തിരഞ്ഞെടുക്കപ്പെട്ടുവെന്ന് പട്ടിക 3.2 ൽ നിന്നും വ്യക്തമാകുന്നു. എന്നാൽ 7% കുട്ടികൾക്ക് അവർ തിരഞ്ഞെടുക്കപ്പെട്ടതിന്റെ കാരണം വ്യക്തമല്ല എന്ന് രേഖപ്പെടുത്തി. നിലവിലുള്ള തിരഞ്ഞെടുപ്പ് മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ടാണ് ഭൂരിഭാഗം കുട്ടികളേയും എൽ.എസ്സ്.എസ്സ്. പരീക്ഷയ്ക്കു തിരഞ്ഞെടുത്തതെന്ന് കണ്ടെത്തി.

**പരീക്ഷാ നടത്തിപ്പ്**

### പട്ടിക 3.3
### പരീക്ഷ നടത്തുന്ന സമയത്തിന്റെ അനുയോജ്യത

| പ്രതികരണങ്ങൾ | കണ്ണൂർ | പാലക്കാട് | ഇടുക്കി | കൊല്ലം | ആകെ | ശതമാനം |
|---|---|---|---|---|---|---|
| യോജിക്കുന്നു | 22 | 24 | 18 | 18 | 82 | 89 |
| ഏറെക്കുറെ യോജിക്കുന്നു | 2 | - | 2 | 1 | 5 | 5 |
| യോജിക്കുന്നില്ല | 1 | 1 | 2 | - | 4 | 6 |

പട്ടിക 3.3 പ്രകാരം 89% അധ്യാപകരും ഏറ്റവും അനുയോജ്യമായ സമയത്തു തന്നെയാണ് എൽ.എസ്.എസ്. പരീക്ഷ നടക്കുന്നതെന്ന് അഭിപ്രായപ്പെട്ടു. വളരെ ചുരുക്കം അധ്യാപകർ (5%) പ്രസ്താവനയോട് ഏറെക്കുറെ യോജിക്കുകയും 6% പേർ വിയോജിക്കുകയുമാണുണ്ടായത്.

### പട്ടിക 3.4
### പരീക്ഷയുടെ വിവിധ ഘട്ടങ്ങളിലെ മോണിറ്ററിങ് രീതി

| പ്രതികരണങ്ങൾ | കണ്ണൂർ | പാലക്കാട് | ഇടുക്കി | കൊല്ലം | ആകെ | ശതമാനം |
|---|---|---|---|---|---|---|
| യോജിക്കുന്നു | 16 | 13 | 17 | 9 | 65 | 74 |
| ഏറെക്കുറെ യോജിക്കുന്നു | 8 | 12 | 5 | 1 | 26 | 28 |
| യോജിക്കുന്നില്ല | **1** | **–** | **–** | **–** | **1** | **1** |

പരീക്ഷയുടെ തുടക്കം മുതൽ ഫലപ്രഖ്യാപനം വരെയുള്ള വിവിധ ഘട്ടങ്ങളിലെ മോണിറ്ററിങ് രീതി വളരെ നല്ലതാണെന്ന അഭിപ്രായത്തോട് യോജിക്കുന്ന അധ്യാപകർ 71% ആയിരിക്കെ, ഈ അഭിപ്രായത്തോട് ഏറെക്കുറേ യോജിക്കുന്നവർ 28% ആണ്. കേവലം 1% അധ്യാപകർ മാത്രമാണ് ഇതിനോട് വിയോജിക്കുന്നത്.

എൽ.എസ്.എസ്. പരീക്ഷയുടെ തുടക്കം മുതൽ ഫലപ്രഖ്യാപനം വരെയുള്ള മോണിറ്ററിങ് നല്ല രീതിയിലാണെന്നാണ് ഭൂരിപക്ഷം അധ്യാപകരും അഭിപ്രായപ്പെട്ടു.

**പരീക്ഷ നടത്തിപ്പുമായി ബന്ധപ്പെട്ട് രക്ഷിതാക്കളുടെ അഭിപ്രായം**

- **പരീക്ഷയെകുറിച്ച്**

  പരീക്ഷാകേന്ദ്രത്തിലെ മാറ്റം കുട്ടികൾക്ക് പ്രയാസങ്ങൾ ഉണ്ടാക്കിയിട്ടില്ലെന്ന് ഭൂരിപക്ഷം രക്ഷിതാക്കളും അഭിപ്രായപ്പെട്ടു. എൽ.എസ്.എസ്. പരീക്ഷയ്ക്ക് വിവരണാത്മക ചോദ്യ ങ്ങളും ഉൾപ്പെടുത്തണമെന്ന് കുറച്ചുപേർ ആവശ്യപ്പെട്ടു. ബഹുവികല്പ ചോദ്യങ്ങളോ ടാണ് ഭൂരിപക്ഷം പേർക്കും താൽപര്യം. പരിചയമില്ലാത്ത ഇൻവിജിലേറ്റർ ഭൂരിപക്ഷം പേർക്കും പ്രയാസമുണ്ടാക്കിയില്ല. നല്ല പരിശീലനം കിട്ടാത്ത കുട്ടികൾക്ക് ഒ.എം.ആർ. ഷീറ്റിലെ രേഖപ്പെടുത്തൽ, പ്രയാസമുളവാക്കുന്നതായി ഭൂരിഭാഗംപേരും പറഞ്ഞു. ഇത്തരം പരീക്ഷകൾ ഭാവിയിലെ പി.എസ്.സി. പരീക്ഷയ്ക്ക് ഗുണകരമാകുമെന്നും കുറച്ചുപേർ പ്രതികരിച്ചു.

- **സ്കോളർഷിപ് വിതരണം**

  എൽ.എസ്.എസ്. പരീക്ഷയെഴുതിയ കുട്ടി പരീക്ഷയിലൂടെ പ്രചോദനം ഉൾക്കൊണ്ട് പിന്നീട് നല്ല പ്രകടനം കാഴ്ചവെച്ചതായി ഭൂരിപക്ഷം രക്ഷിതാക്കളും പറഞ്ഞു. കുറച്ചു കുട്ടികൾക്ക് സർട്ടിഫിക്കറ്റ് സമയത്ത് ലഭിച്ചിട്ടില്ലെന്ന് രക്ഷിതാക്കൾ ചൂണ്ടിക്കാട്ടി. ഇപ്പോ ഴത്തെ സ്കോളർഷിപ്പ് തുക മെച്ചപ്പെട്ടതാണെന്നാണ് ഭൂരിഭാഗം പേരുടേയും അഭിപ്രായം.

**2. പരീക്ഷയിലെ കുട്ടികളുടെ പ്രകടനവും അവരുടെ സാമൂഹിക–സാമ്പത്തിക നിലവാരവും വിശകലനം ചെയ്യുന്നതിന്**

മെറിറ്റ് സ്കോളർഷിപ്പ് പരീക്ഷയുടെ അവസ്ഥാപഠനം ഉദ്ദേശിച്ചുള്ള ഈ ഗവേഷണ പഠന ത്തിൽ കുട്ടികൾ സ്കോളർഷിപ്പ് പരീക്ഷ എഴുതുന്നതിനും വിജയിക്കുന്നതിനും അവരുടെ സാമൂഹിക-സാമ്പത്തിക സ്ഥിതി അടിസ്ഥാന ഘടകമാണോ എന്ന് പരിശോധിക്കുന്നതിനുമായി കുട്ടിയുടെ കുടുംബപശ്ചാത്തലം (കുടുംബ വരുമാനം, രക്ഷിതാക്കളുടെ തൊഴിൽ, കുട്ടി ഉൾപ്പെ ടുന്ന പൊതുവിഭാഗം എന്നിവ) അടങ്ങുന്ന ചോദ്യാവലി നൽകിയതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച വിവരങ്ങളും അവയുടെ അവലോകനവും വിശദീകരണവും പട്ടിക 3.5 ൽ ചേർക്കുന്നു.

പട്ടിക 3.5

**പരീക്ഷയിലെ കുട്ടികളുടെ പ്രകടനവും സാമൂഹിക–സാമ്പത്തിക നിലവാരവും**

| ജില്ലയുടെ പേര് | കുട്ടികളുടെ എണ്ണം | എം.പി.എൽ./ബി.പി.എൽ. | | | | | ഇതര വിഭാഗങ്ങൾ | | | | | വിഭാഗങ്ങൾ | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | എ.പി.എൽ | ശതമാനം | ബി.പി.എൽ | ശതമാനം | എസ്.സി./എസ്.ടി. | ശതമാനം | ഒ.ബി.സി | ശതമാനം | ജനറൽ | ശതമാനം | സ്കോളർഷിപ്പ് നേടിയവരുടെ എണ്ണം | ശതമാനം | സാമ്പത്തികം എ.പി.എൽ | സാമ്പത്തികം ബി.പി.എൽ | സാമൂഹികം ജനറൽ | സാമൂഹികം ഒ.ബി.സി | സാമൂഹികം എസ്.സി./എസ്.ടി. |
| കണ്ണൂർ | 50 | 38 | 76 | 12 | 24 | - | - | 49 | 98 | 1 | 2 | 7 | 14 | 5 | 2 | - | 7 | - |
| പാലക്കാട് | 25 | 5 | 20 | 20 | 80 | 3 | 12 | 22 | 88 | - | - | 2 | 8 | - | 2 | - | 2 | - |
| ഇടുക്കി | 28 | 11 | 39 | 17 | 61 | 3 | 11 | 7 | 25 | 18 | 64 | 2 | 7 | 1 | 1 | 2 | - | - |
| കൊല്ലം | 27 | 1 | 4 | 26 | 96 | 5 | 19 | 20 | 74 | 2 | 7 | 5 | 19 | - | 5 | - | 4 | 1 |
| ആകെ | 130 | 55 | 42 | 75 | 58 | 11 | 9 | 98 | 75 | 21 | 16 | 16 | 12.3 | 6 (38%) | 10 (62%) | 2 (13%) | 13 (81% | 1 (6%) |

ശേഖരിച്ച 130 കുട്ടികളുടെ വിവരങ്ങളിൽ നിന്നും 55 കുട്ടികൾ (42%) എ.പി.എൽ. വിഭാഗത്തിലും 75 കുട്ടികൾ (58%) ബി.പി.എൽ. വിഭാഗത്തിലും ഉൾപ്പെടുന്നുവെന്നും ഇതിൽ 98 കുട്ടികൾ (75%) ഒ.ബി.സി., 11 കുട്ടികൾ (9%) എസ്.സി., 21 കുട്ടികൾ (16%) ജനറൽ വിഭാഗത്തിലും ഉള്ള വരാണെന്ന് മനസ്സിലാക്കാം.

സർവ്വേയുടെ ഭാഗമായ കുട്ടികളിൽ 16 പേർക്കാണ് (12%) സ്കോളർഷിപ്പ് ലഭിച്ചത്. ഇതിൽ 10 കുട്ടികൾ (62%) ബി.പി.എൽ. വിഭാഗത്തിലും 6 കുട്ടികൾ (38%) എ.പി.എൽ. വിഭാഗത്തിലും പെട്ടവരാണ്.

സ്കോളർഷിപ്പിന് അർഹരായ 16 കുട്ടികളിൽ, 13 പേർ (81%) ഒ.ബി.സി. വിഭാഗത്തിൽ ഉൾപ്പെട്ടതാണ്. രണ്ട് കുട്ടികൾ (13%) ജനറൽ വിഭാഗത്തിലും 1 കുട്ടി (6%) എസ്.സി. വിഭാഗത്തിലും ഉൾപ്പെടുന്നു.

കുട്ടികളുടെ സാമൂഹിക സാമ്പത്തികസ്ഥിതി സ്കോളർഷിപ്പ് നേടുന്നതിനെ ബാധിക്കുന്നില്ല. എന്നാൽ എസ്.സി., എസ്.ടി. പോലുള്ള വിഭാഗത്തിലെ കുട്ടികളുടെ പ്രാതിനിധ്യം വളരെ കുറവാണ്. ആയതിനാൽ പരീക്ഷയിൽ പങ്കെടുക്കുന്ന എല്ലാ വിഭാഗത്തിലുംപെടുന്ന കുട്ടികളുടെ എണ്ണം ആനുപാതികമായി വർദ്ധിപ്പിക്കേണ്ടതുണ്ടെന്നാണ് പഠനത്തിൽനിന്നും മനസ്സിലാകുന്നത്.

3. പരീക്ഷയ്ക്ക് കുട്ടികളെ സജ്ജരാക്കുന്നതിനുള്ള സംവിധാനങ്ങൾ വിലയിരുത്തുന്നതിന്

**പട്ടിക 3.6**

**പരീക്ഷയ്ക്ക് തയാറാകുന്നതിനുവേണ്ടി ലഭിച്ച സഹായം**

| പ്രതികരണം | കണ്ണൂർ | | പാലക്കാട് | | ഇടുക്കി | | കൊല്ലം | | ആകെ | |
|---|---|---|---|---|---|---|---|---|---|---|
| | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം |
| അധ്യാപകർ | 57 | 98 | 44 | 86 | 49 | 84 | 34 | 79 | 184 | 88 |
| കോച്ചിങ് സെന്റർ | 2 | 3 | 0 | 0 | 1 | 2 | 3 | 7 | 6 | 3 |
| രക്ഷിതാക്കൾ | 38 | 66 | 13 | 25 | 28 | 48 | 30 | 70 | 109 | 52 |
| പഞ്ചായത്ത് | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| മുൻസിപ്പാലിറ്റി | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| കോർപ്പറേഷൻ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |

അധ്യാപകർ സഹായിച്ചത് 88%, രക്ഷിതാക്കൾ 52%, കോച്ചിങ് സെന്റർ സഹായിച്ചത് 3% എന്നിങ്ങനെയാണെന്ന് പട്ടിക 3.6 ൽ നിന്നും വ്യക്തമാകുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായം ആർക്കും ലഭ്യമായിട്ടില്ല. അധ്യാപകരാണ് പരീക്ഷയ്ക്കുവേണ്ടി കുട്ടികളെ ഏറ്റവും കൂടുതൽ സഹായിച്ചതെന്ന് മനസ്സിലാക്കാം.

**പട്ടിക 3.7**

**പരീക്ഷയ്ക്കുവേണ്ടി വിദ്യാലയത്തിൽ നിന്നും ലഭിച്ച സഹായം**

| പ്രതികരണം | കണ്ണൂർ | | പാലക്കാട് | | ഇടുക്കി | | കൊല്ലം | | ആകെ | |
|---|---|---|---|---|---|---|---|---|---|---|
| | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം |
| പ്രത്യേക പരിശീലന ക്ലാസ്സുകൾ | 38 | 66 | 26 | 51 | 22 | 38 | 29 | 67 | 115 | 55 |
| ചോദ്യമാതൃകയുടെ പരിശീലനം | 34 | 59 | 18 | 35 | 25 | 43 | 23 | 53 | 100 | 48 |
| വിദഗ്ധരുടെ ക്ലാസ്സുകൾ | 2 | 3 | 2 | 4 | 3 | 5 | 6 | 14 | 13 | 6 |

പട്ടിക 3.7 ൽ നിന്നും 55% കുട്ടികൾക്ക് പ്രത്യേക പരിശീലന ക്ലാസ്സുകളും 48% പേർക്ക് ചോദ്യമാതൃക വച്ചുള്ള പരിശീലനവും 6% പേർക്ക് വിദഗ്ധരുടെ പ്രവർത്തനവും അധിക സഹായമായി സ്കൂളിൽ നിന്നു ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാകുന്നു.

ഇതിൽനിന്നും പ്രത്യേക പരിശീലന ക്ലാസ്സുകൾ പകുതിയിലേറെ കുട്ടികൾക്കും സ്കൂളിൽ നിന്നും ലഭിച്ചിട്ടുണ്ടെങ്കിലും ചോദ്യമാതൃകകളുടെ പരിശീലനം പകുതിയോളം കുട്ടികൾക്ക് ലഭിച്ചിട്ടില്ല എന്നും മനസ്സിലാക്കാം.

4. സ്കോളർഷിപ്പ് പരീക്ഷയിലെ ചോദ്യപേപ്പർ വിദ്യാർത്ഥി സൗഹൃദപരമാണോ എന്ന് കണ്ടെത്തുന്നതിന്

പട്ടിക 3.8

പരീക്ഷയുടെ ഉത്തരങ്ങൾ എഴുതുവാൻ അനുവദിച്ച സമയത്തിന്റെ പര്യാപ്തത

| പ്രതികരണം | കണ്ണൂർ | | പാലക്കാട് | | ഇടുക്കി | | കൊല്ലം | | ആകെ | |
|---|---|---|---|---|---|---|---|---|---|---|
| | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം |
| മതിയായിരുന്നു | 56 | 97 | 49 | 96 | 56 | 97 | 34 | 79 | 195 | 94 |
| മതിയായിരുന്നില്ല | 2 | 3 | 2 | 4 | 2 | 3 | 7 | 16 | 13 | 6 |

ബഹുഭൂരിപക്ഷംപേരും (94%) പരീക്ഷ എഴുതുവാൻ അനുവദിച്ച സമയം പര്യാപ്തമായിരുന്നു എന്ന് രേഖപ്പെടുത്തി. സമയം പര്യാപ്തമല്ല എന്ന് രേഖപ്പെടുത്തിയത് 6% പേർ മാത്രമാണ്. ഭൂരിപക്ഷംപേർക്കും പരീക്ഷ എഴുതുന്നതിനുള്ള സമയം പര്യാപ്തമായിരുന്നുവെന്ന് ഇതിൽ നിന്നും മനസ്സിലാക്കാവുന്നതാണ്.

പട്ടിക 3.9

പരീക്ഷയിൽ ഏറ്റവും പ്രയാസമേറിയ വിഷയങ്ങൾ

| പ്രതികരണം | കണ്ണൂർ | | പാലക്കാട് | | ഇടുക്കി | | കൊല്ലം | | ആകെ | |
|---|---|---|---|---|---|---|---|---|---|---|
| | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം |
| ഗണിതം | 31 | 53 | 28 | 55 | 31 | 53 | 28 | 65 | 118 | 57 |
| ഭാഷ | 3 | 5 | 1 | 2 | 3 | 5 | 3 | 0 | 0 | 3 |
| പരിസരപഠനം | 6 | 10 | 2 | 4 | 7 | 12 | 7 | 7 | 16 | 10 |
| ഇംഗ്ലീഷ് | 0 | 34 | 13 | 25 | 16 | 28 | 16 | 4 | 9 | 25 |
| പൊതുവിജ്ഞാനം | 8 | 14 | 8 | 16 | 3 | 5 | 4 | 9 | 9 | 11 |

പകുതിയിലേറെ (57%) പേർക്കും ഗണിതമായിരുന്നു വിഷമം. 25% പേർക്ക് ഇംഗ്ലീഷും 11% പേർക്ക് പൊതുവിജ്ഞാനവും 10% പേർക്ക് പരിസരപഠനവും 3% പേർക്ക് ഭാഷാ വിഷയങ്ങളും വിഷമമായിരുന്നുവെന്ന് പഠനത്തിൽ നിന്നും മനസ്സിലാക്കാം.

പട്ടിക 3.10

വിഷയങ്ങൾ പ്രയാസമാകാനുള്ള കാരണം

| പ്രതികരണം | കണ്ണൂർ | | പാലക്കാട് | | ഇടുക്കി | | കൊല്ലം | | ആകെ | |
|---|---|---|---|---|---|---|---|---|---|---|
| | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം |
| ഈ വിഷയത്തിൽ ഞാൻ പിന്നാക്കമാണ് | 15 | 26 | 12 | 24 | 18 | 31 | 8 | 19 | 53 | 25 |
| ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കാൻ കഴിയുന്നില്ല | 23 | 40 | 27 | 53 | 32 | 55 | 23 | 53 | 105 | 50 |
| മറ്റുള്ളവ | 20 | 34 | 12 | 24 | 10 | 17 | 10 | 23 | 52 | 25 |

പട്ടിക 3.10 ൽ നിന്നും 50% പേർക്ക് ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കാൻ കഴിയുന്നില്ലെന്നും 25% പേർ വിഷയത്തിൽ പിന്നാക്കമായിരുന്നുവെന്നും 25% പേർക്ക് മറ്റുള്ളവയുമാണ് വിഷയം പ്രയാസമാകാനുള്ള കാരണമായി രേഖപ്പെടുത്തിയത്.

ചോദ്യങ്ങൾ കുട്ടികൾക്ക് വായിച്ച് മനസ്സിലാക്കാൻ കഴിയുന്ന തരത്തിൽ വിദ്യാർത്ഥി സൗഹൃദ പരമാവണമെന്ന് ഇതിൽ നിന്നും മനസ്സിലാക്കാം.

**പട്ടിക 3.11**

**പരീക്ഷയിൽ ഉത്തരമെഴുതാൻ പ്രയാസം അനുഭവപ്പെട്ട ചോദ്യമാതൃകകൾ**

| പ്രതികരണം | കണ്ണൂർ | | പാലക്കാട് | | ഇടുക്കി | | കൊല്ലം | | ആകെ | |
|---|---|---|---|---|---|---|---|---|---|---|
| | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം |
| ശരിയുത്തരം തിരഞ്ഞെടുത്ത് എഴുതാൻ | 8 | 14 | 9 | 18 | 11 | 19 | 12 | 28 | 40 | 19 |
| ഒറ്റവാക്കിൽ ഉത്തരമെഴുതാൻ | 3 | 22 | 21 | 41 | 17 | 29 | 16 | 37 | 67 | 32 |
| വിശദീകരിച്ച് ഉത്തരമെഴുതാൻ | 40 | 69 | 21 | 41 | 30 | 52 | 16 | 37 | 107 | 51 |

വിശദീകരിച്ച് ഉത്തരമെഴുതാൻ പ്രയാസം അനുഭവപ്പെടുന്നുവെന്ന് 51% വിദ്യാർഥികളും 32% പേർക്ക് ഒറ്റവാക്കിൽ ഉത്തരമെഴുതാനും 19% പേർക്ക് ശരിയുത്തരം തിരഞ്ഞെടുത്തെഴുതാനും പ്രയാസം അനുഭവപ്പെട്ടതായി രേഖപ്പെടുത്തി. ആയതിനാൽ വിശദീകരിച്ച് ഉത്തരമെഴുതേണ്ട ചോദ്യങ്ങൾ കൂടുതൽ വിദ്യാർത്ഥി സൗഹൃദപരമാക്കണമെന്ന് മനസ്സിലാക്കാം.

**പട്ടിക 3.12**

**പരീക്ഷയുടെ ചോദ്യരീതി**

| പ്രതികരണങ്ങൾ | കണ്ണൂർ | പാലക്കാട് | ഇടുക്കി | കൊല്ലം | ആകെ | ശതമാനം |
|---|---|---|---|---|---|---|
| യോജിക്കുന്നു | 14 | 8 | 5 | 10 | 37 | 40 |
| ഏറെക്കുറെ യോജിക്കുന്നു | 11 | 13 | 13 | 10 | 47 | 51 |
| യോജിക്കുന്നില്ല | – | – | 4 | 4 | 8 | 9 |

പട്ടിക 3.12 ൽ നിന്നും സ്കോളർഷിപ്പ് പരീക്ഷാചോദ്യങ്ങൾ വിദ്യാർത്ഥി സൗഹൃദമാണെന്ന് 40% അധ്യാപകർ അഭിപ്രായപ്പെട്ടപ്പോൾ 51% അധ്യാപകർ ഏറെക്കുറെ യോജിക്കുകയും, 9% അധ്യാപകർ ഇതിനോട് വിയോജിക്കുകയും ചെയ്തു.

ഘടനാപരമായി വിശകലനത്തിന് വിധേയമാക്കിയ 2016, 2017, 2018 എന്നീ വർഷങ്ങളിലെ ചോദ്യ പേപ്പറുകളിൽ നിന്നും കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. വസ്തുതാപരമായ പിശകുകൾ
2. ഭാഷാപരമായ ന്യൂനതകൾ
3. വിദ്യാർത്ഥിസൗഹൃദപരമല്ലാത്ത സമീപനങ്ങൾ
4. പ്രഖ്യാപിത സിലബസ്സിന് പുറത്ത് നിന്നുള്ള ചോദ്യങ്ങൾ.

**വസ്തുതാപരമായ പിശകുകൾ**

1. 2016, പേപ്പർ –2 പാർട്ട് എ പരിസരപഠനം 4–ാം ചോദ്യം.

   കറുത്തവാവു മുതൽ വെളുത്തവാവ് വരെയുള്ള ചന്ദ്രന്റെ വൃദ്ധി കാണിക്കുന്ന ചിത്രം തെറ്റായാണ് ചിത്രീകരിച്ചിരിക്കുന്നത്.

2. 2018, പേപ്പർ – 2, പാർട്ട് എ പരിസരപഠനത്തിൽ 12–ാം ചോദ്യം.

   ചന്ദ്രഗ്രഹണം ചിത്രീകരിച്ചിരിക്കുന്നു. ഇതിൽ ചന്ദ്രനെ ഷെയ്ഡ് ചെയ്തിരിക്കുന്നത് കൃത്യമല്ല.

**ഭാഷാപരമായ ന്യൂനതകൾ**

2018, പേപ്പർ – 1 പാർട്ട് ബി ഇംഗ്ലീഷിലെ 13 ൽ (ബി) ചോദ്യം (Hari is digging soil….) കുട്ടിയുടെ മനസ്സിൽ ഉത്തരമായ cultivation എന്ന വാക്ക് രൂപപ്പെടുത്താൻ പര്യാപ്തമായ രീതിയിലല്ല ചോദ്യത്തിലെ വാക്യം ഉള്ളത്.

**വിദ്യാർത്ഥി സൗഹൃദപരമല്ലാത്ത സമീപനങ്ങൾ**

2018, പേപ്പർ –1 പാർട്ട് സി പൊതുവിജ്ഞാനം ചോദ്യനമ്പർ 24 'ഗ്രാൻസ്ലാം' ഏത് കളിയുമായി ബന്ധപ്പെട്ടതാണ്? പരിശോധിക്കുമ്പോൾ കുട്ടിയുടെ പ്രായത്തെയോ പഠനരീതിയെയോ പരിഗണിക്കാതെയുള്ള ചോദ്യമാണെന്ന് മനസ്സിലാകും. ഇതുപോലുള്ള ചോദ്യങ്ങളാണ് വ്യത്യസ്ത വർഷങ്ങളിൽ ആവർത്തിച്ച് വരുന്നത്.

**പ്രഖ്യാപിത സിലബസ്സിന് പുറത്ത് നിന്നുള്ള ചോദ്യങ്ങൾ**

1. 2016 പേപ്പർ – 1 പാർട്ട് (സി) പൊതുവിജ്ഞാനം ചോദ്യനമ്പർ 17 (ഇതുവരെ നടന്ന എല്ലാ ലോകകപ്പ് ഫുട്ബോൾ മത്സരത്തിലും പങ്കെടുത്ത രാജ്യം?)
2. ചോദ്യനമ്പർ 18 (സസ്യവർഗത്തിലെ ഉഭയജീവി?)

ഇവ സിലബസിന് പുറത്ത് നിന്നുള്ള ചോദ്യങ്ങളാണ്. എല്ലാം അറിയുന്ന കുട്ടിക്ക് മാത്രമേ സ്കോളർഷിപ്പ് നേടാൻ കഴിയുകയുള്ളൂ എന്ന രീതിയിലാണ് ചോദ്യങ്ങൾ തയാറാക്കിയിരിക്കുന്നത്.

**നിർദ്ദേശങ്ങൾ**

കുട്ടികളുടെ പ്രായവും സിലബസ്സും പരിഗണിക്കാതെയുള്ള ചോദ്യങ്ങൾ, ചോദ്യങ്ങളിലെ തെറ്റുകൾ എന്നിവ ഒഴിവാക്കേണ്ടതും സ്കോളർഷിപ്പ് പരീക്ഷയുടെ വിശ്വാസ്യത, വിദ്യാർത്ഥി സൗഹൃദ നിലപാട് എന്നിവ നിലനിർത്താൻ ആവശ്യമായ ഇടപെടലുകൾ ചോദ്യനിർമ്മാണ സമയത്ത് അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

ചോദ്യങ്ങളിൽ ചിലത് കുട്ടിയുടെ നിലവാരത്തിൽ നിന്ന് ഉയർന്നതാണെന്ന് ഭൂരിപക്ഷം രക്ഷിതാക്കളും പറഞ്ഞു. എന്നാൽ ഭൂരിഭാഗം ചോദ്യങ്ങളും പാഠപുസ്തകത്തിലെ ഉള്ളടക്കത്തിന് അനുസരിച്ചാണ് എന്ന് അധികംപേരും സമ്മതിക്കുന്നു. സിലബസ് രക്ഷിതാക്കൾക്ക് വ്യക്തമായി അറിയില്ലെന്ന് ഭൂരിഭാഗംപേരും പ്രതികരിച്ചു.

5. **പരീക്ഷയുടെ സംഘാടനം, ഉള്ളടക്കം, തിരഞ്ഞെടുക്കൽ രീതി, തുടർപ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങൾ രൂപപ്പെടുത്തുന്നതിന്**

പട്ടിക 3.13

**പരീക്ഷയിലെ ചോദ്യങ്ങൾക്ക് പാഠപുസ്തകത്തിലെ ഉള്ളടക്കവുമായുള്ള ബന്ധം**

| പ്രതികരണം | കണ്ണൂർ | | പാലക്കാട് | | ഇടുക്കി | | കൊല്ലം | | ആകെ | |
|---|---|---|---|---|---|---|---|---|---|---|
| | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം |
| നല്ല ബന്ധമുണ്ടായിരുന്നു | 32 | 55 | 16 | 31 | 36 | 62 | 19 | 44 | 103 | 50 |
| ഭാഗികമായി ബന്ധമുണ്ടായിരുന്നു | 26 | 45 | 33 | 5 | 0 | 4 | 18 | 42 | 97 | 47 |
| ബന്ധമുണ്ടായിരുന്നുല്ല | 0 | 0 | 2 | 4 | 2 | 3 | 3 | 7 | 7 | 3 |

പരീക്ഷയിലെ ചോദ്യങ്ങൾക്ക് പാഠപുസ്തകത്തിലെ ഉള്ളടക്കവുമായി നല്ല ബന്ധമുണ്ടെന്ന് 50% കുട്ടികൾ രേഖപ്പെടുത്തി. 47% പേർ ഭാഗികമായി ബന്ധമുണ്ടായിരുന്നുവെന്നും 3% പേർ യാതൊരു ബന്ധവുമുണ്ടായില്ലെന്നും രേഖപ്പെടുത്തി. ഭൂരിപക്ഷം ചോദ്യങ്ങളും പാഠപുസ്തകങ്ങളുമായി പൂർണ്ണമായോ ഭാഗീകമയോ ബന്ധമുള്ളതാണെന്ന് പട്ടിക 3.13 പ്രകാരം മനസ്സിലാക്കാം.

പട്ടിക 3.14

**പരീക്ഷാ ചോദ്യങ്ങൾ തയാറാക്കുന്നത് സംബന്ധിച്ച അധ്യാപകരുടെ പ്രതികരണങ്ങൾ**

| പ്രതികരണങ്ങൾ | കണ്ണൂർ | പാലക്കാട് | ഇടുക്കി | കൊല്ലം | ആകെ | ശതമാനം |
|---|---|---|---|---|---|---|
| യോജിക്കുന്നു | 17 | 16 | 11 | 15 | 59 | 65 |
| ഏറെക്കുറേ യോജിക്കുന്നു | 8 | 4 | 8 | 8 | 28 | 31 |
| ബന്ധമുണ്ടായിരുന്നുല്ല | – | – | 3 | 1 | 4 | 4 |

സ്കോളർഷിപ്പ് പരീക്ഷയുടെ ചോദ്യങ്ങൾ തയ്യാറാക്കിയിട്ടുള്ളത് പാഠപുസ്തകത്തിലെ ഉള്ളടക്കത്തിന്റെ അടിസ്ഥാനത്തിലാണെന്ന് 65% അധ്യാപകർ അഭിപ്രായപ്പെടുമ്പോൾ 31% അധ്യാപകർ അതിനോട് ഏറെക്കുറേ യോജിക്കുകയും 4% വിയോജിക്കുകയും ചെയ്തു.

പട്ടിക 3.15

**സ്കോളർഷിപ് നേടുന്ന കുട്ടികൾക്ക് നിലവിൽ ലഭിക്കുന്ന തുടരനുഭവങ്ങൾ തൃപ്തികരമാണോ എന്നത് സംബന്ധിച്ച്**

| പ്രതികരണങ്ങൾ | കണ്ണൂർ | പാലക്കാട് | ഇടുക്കി | കൊല്ലം | ആകെ | ശതമാനം |
|---|---|---|---|---|---|---|
| യോജിക്കുന്നു | 10 | 9 | 8 | 8 | 35 | 38 |
| ഏറെക്കുറേ യോജിക്കുന്നു | 5 | 7 | 12 | 11 | 35 | 38 |
| ബന്ധമുണ്ടായിരുന്നുല്ല | 10 | 8 | 2 | 2 | 22 | 24 |

സ്കോളർഷിപ്പ് നേടുന്ന കുട്ടികൾക്ക് നിലവിൽ ലഭിക്കുന്ന തുടരനുഭവങ്ങൾ തൃപ്തികരമാണെന്ന പ്രസ്താവനയോട് 38% അധ്യാപകർ പൂർണ്ണമായ് യോജിക്കുകയും 38% പേർ ഏറെക്കുറെ യോജിക്കുകയും ചെയ്തപ്പോൾ, 24% അധ്യാപകർ ഈ പ്രസ്താവനയോട് യോജിച്ചില്ല. കൂടുതൽ തുടർപ്രവർത്തനങ്ങൾ ആവശ്യമാണെന്നും തുടർപഠനത്തിന് പരിഗണന നൽകണമെന്നും പഠനം തെളിയിക്കുന്നു.

ഇരട്ട മൂല്യനിർണയത്തോടും പുനർമൂല്യനിർണയത്തോടും ഭൂരിഭാഗം അധ്യാപകരും അനുകൂലമായാണ് പ്രതികരിച്ചത്. മൂല്യനിർണയം സുതാര്യമായിരിക്കണമെന്നും കൃത്യതയും പൂർണതയുമുള്ള ഉത്തരസൂചിക നൽകണമെന്നും രേഖപ്പെടുത്തി. പഞ്ചായത്തുതലത്തിൽ മൂല്യനിർണ്ണയം നടത്തണമെന്ന് രേഖപ്പെടുത്തിയവരുമുണ്ട്.

ഫലപ്രഖ്യാപനം സമയബന്ധിതവും സുതാര്യവുമാകണം. ചോദ്യമാതൃകകൾ നിർമ്മിച്ച് നൽകി വിദ്യാഭ്യാസ വകുപ്പുതലത്തിൽ നൽകി മാതൃകാപരീക്ഷകൾ നടത്തണമെന്നും അഭിപ്രായമുണ്ടായി. ഒന്നാം പാദവാർഷിക പരീക്ഷയ്ക്ക് 'എ' ഗ്രേഡ് കിട്ടിയ എല്ലാ കുട്ടികൾക്കും പരിശീലനം നൽകി പരീക്ഷയ്ക്ക് സന്നദ്ധരാക്കണം.

ജൂൺ മാസത്തിൽ തന്നെ പരിശീലനം തുടങ്ങണമെന്നും ചോദ്യബാങ്ക് രൂപീകരിച്ച് എല്ലാവർക്കും ലഭ്യമാക്കണമെന്നും, ഇന്റർനെറ്റ്, പത്രം, ആനുകാലികം എന്നിവ ലഭ്യമാക്കി അധിക വായനയ്ക്ക് സാഹചര്യം ഒരുക്കണമെന്നും അഭിപ്രായമുണ്ടായി.

**യു.എസ്.എസ്.**

യു.എസ്.എസ്. സ്കോളർഷിപ്പ് അവസ്ഥാപഠനത്തിനുവേണ്ടി വിദ്യാർത്ഥികൾ, അധ്യാപകർ എന്നിവരിൽ നിന്ന് ചോദ്യാവലി ഉപയോഗിച്ച് ശേഖരിച്ച വിവരങ്ങളും രക്ഷിതാക്കളുമായി നടത്തിയ എഫ്.ജി.ഡി. വഴി ശേഖരിച്ച വിവരങ്ങളും ചുവടെ ചേർത്തിരിക്കുന്നു.

1. **എൽ.എസ്.എസ്.സ്കോളർഷിപ്പ് പരീക്ഷകളിലെ കുട്ടികളുടെ തിരഞ്ഞെടുപ്പ്, പരീക്ഷാനടത്തിപ്പ്, സ്കോളർഷിപ്പ് വിതരണം എന്നിവയിലെ കാര്യക്ഷമത വിലയിരുത്തുന്നതിന്**

**പട്ടിക 3.16**

**പരീക്ഷ എഴുതുന്നതിന് കുട്ടികളെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം**

| പ്രതികരണങ്ങൾ | കണ്ണൂർ | പാലക്കാട് | ഇടുക്കി | കൊല്ലം | ആകെ | ശതമാനം |
|---|---|---|---|---|---|---|
| രക്ഷിതാവിന്റെ താൽപര്യം | 2 | 12 | 17 | 2 | 32 | 17 |
| അധ്യാപിക നിർദ്ദേശിച്ചത് അനുസരിച്ച് | 25 | 19 | 25 | 4 | 76 | 42 |
| എല്ലാ വിഷയങ്ങളിലും 'എ' ഗ്രേഡ് കിട്ടിയത് കൊണ്ട് | 28 | 42 | 24 | 33 | 127 | 69 |
| അറിയില്ല | - | 2 | 1 | 2 | 4 | 2 |

പരീക്ഷ എഴുതുന്നതിന് കുട്ടികളെ തിരഞ്ഞെടുത്തതിനുള്ള മാനദണ്ഡം എന്ന പ്രസ്താവനയോട് അഭിപ്രായം രേഖപ്പെടുത്തിയ കുട്ടികളിൽ 17% പേർ രക്ഷിതാവിന്റെ താൽപര്യപ്രകാരമാണെന്നും, 42% പേർ അധ്യാപകരുടെ നിർദ്ദേശപ്രകാരമാണെന്നും 69% പേർ എല്ലാ വിഷയത്തിനും 'എ' ഗ്രേഡ് ലഭിച്ചത് കൊണ്ടാണ് തങ്ങളെ യു.എസ്.എസ്. പരീക്ഷയ്ക്ക് തിരഞ്ഞെടുത്തതെന്നും എന്നാൽ 2% പേർ തങ്ങളെ തിരഞ്ഞെടുത്തതിനുള്ള മാനദണ്ഡം അറിയില്ലെന്നും രേഖപ്പെടുത്തി.

ഇതിൽ നിന്നും കൂടുതൽ പേരും എല്ലാ വിഷയങ്ങളിലും 'എ' ഗ്രേഡ് കിട്ടിയതു കൊണ്ടാണ് തങ്ങളെ യു.എസ്.എസ്. പരീക്ഷയ്ക്ക് തിരഞ്ഞെടുത്തതെന്ന് പഠനം തെളിയിക്കുന്നു.

**പരീക്ഷാ നടത്തിപ്പ്**

**പട്ടിക 3.17**

**പരീക്ഷയുടെ വിവിധ ഘട്ടങ്ങൾ മോണിറ്റർ ചെയ്യപ്പെടുന്ന രീതി**

| പ്രതികരണം | കണ്ണൂർ | | പാലക്കാട് | | ഇടുക്കി | | കൊല്ലം | | ആകെ | |
|---|---|---|---|---|---|---|---|---|---|---|
| | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം |
| യോജിക്കുന്നു | 19 | 76 | 21 | 75 | 15 | 65 | 10 | 56 | 65 | 69 |
| ഏറെക്കുറെ യോജിക്കുന്നു | 6 | 24 | 4 | 14 | 5 | 22 | 6 | 33 | 21 | 22 |
| യോജിക്കുന്നില്ല | 0 | 0 | 3 | 11 | 3 | 13 | 2 | 11 | 8 | 9 |

തുടക്കം മുതൽ ഫലപ്രഖ്യാപനം വരെയുള്ള പരീക്ഷയുടെ വിവിധ ഘട്ടങ്ങളുടെ മോണിററിങ്ങുമായി ബന്ധപ്പെട്ട് 69% പേർ നല്ല രീതിയിൽ മോണിറ്റർ ചെയ്യപ്പെടുന്നു എന്ന് രേഖപ്പെടുത്തിയപ്പോൾ 22% പേർ ഏറെക്കുറെ മോണിറ്ററിങ് നടക്കുന്നുണ്ട് എന്നും 9% പേർ മോണിറ്ററിങ് ശരിയായ രീതിയിൽ നടക്കുന്നില്ല എന്നും രേഖപ്പെടുത്തി.

ഇതിൽ നിന്നും നിലവിലെ മോണിറ്ററിങ് രീതിയോട് ഭൂരിഭാഗംപേരും യോജിക്കുന്നതായി മനസ്സിലാക്കാം.

**പട്ടിക 3.18**

**മൂല്യനിർണയ സൂചകങ്ങളുടെ കൃത്യത**

| പ്രതികരണം | കണ്ണൂർ | | പാലക്കാട് | | ഇടുക്കി | | കൊല്ലം | | ആകെ | |
|---|---|---|---|---|---|---|---|---|---|---|
| | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം |
| യോജിക്കുന്നു | 18 | 72 | 18 | 64 | 14 | 61 | 15 | 83 | 65 | 69 |
| ഏറെക്കുറെ യോജിക്കുന്നു | 4 | 16 | 4 | 14 | 6 | 26 | 3 | 17 | 17 | 18 |
| യോജിക്കുന്നില്ല | 3 | 12 | 6 | 22 | 3 | 13 | 0 | 0 | 12 | 13 |

മൂല്യനിർണയ സൂചകങ്ങൾ കൃത്യതയുള്ളത് എന്ന പ്രസ്താവനയോട് 69% അധ്യാപകർ യോജിക്കുകയും 18% പേർ ഏറെക്കുറെ യോജിക്കുകയും 13% പേർ യോജിക്കുന്നില്ലെന്നും പ്രതികരിച്ചു.

**സ്കോളർഷിപ്പ് വിതരണം**

**പട്ടിക 3.19**

**പരീക്ഷാവിജയത്തെ കുറിച്ചുള്ള പ്രതികരണം**

| പ്രതികരണങ്ങൾ | കണ്ണൂർ | പാലക്കാട് | ഇടുക്കി | കൊല്ലം | ആകെ | ശതമാനം |
|---|---|---|---|---|---|---|
| ആണ് | 5 | 4 | 8 | 2 | 19 | 11 |
| അല്ല | 45 | 43 | 33 | 33 | 154 | 89 |

എൽ.എസ്.എസ് പരീക്ഷാവിജയി ആണോ എന്ന ചോദ്യത്തിന് 11% കുട്ടികൾ വിജയികളെന്നും 89% പേർ വിജയികളല്ലെന്നും രേഖപ്പെടുത്തി.

**പട്ടിക 3.20**

**സ്കോളർഷിപ്പ് തുക ലഭിച്ചതിനെ സംബന്ധിച്ച പ്രതികരണം**

| പ്രതികരണങ്ങൾ | കണ്ണൂർ | പാലക്കാട് | ഇടുക്കി | കൊല്ലം | ആകെ | ശതമാനം |
|---|---|---|---|---|---|---|
| ലഭിച്ചു | 5 | 3 | 8 | 2 | 18 | 95 |
| ലഭിച്ചില്ല | 0 | 1 | 0 | 0 | 1 | 5 |

എൽ.എസ്.എസ്. പരീക്ഷാവിജയികളായവരിൽ 95% പേർക്കും സ്കോളർഷിപ്പ് തുക ലഭിച്ചുവെന്നും 5% കുട്ടികൾക്ക് തുക ലഭിച്ചില്ലെന്നും രേഖപ്പെടുത്തി.

യു.എസ്.എസ്. പരീക്ഷ കുട്ടികൾക്ക് വളരെ പ്രചോദകമാകുന്നതായി രക്ഷിതാക്കൾ അഭിപ്രായപ്പെട്ടു.

**2. പരീക്ഷയിലെ കുട്ടികളുടെ പ്രകടനവും അവരുടെ സാമൂഹിക–സാമ്പത്തിക നിലവാരവും വിശകലനം ചെയ്യുന്നതിന്**

**പട്ടിക 3.21**

**പരീക്ഷാഫല വിശകലനം**

| ജില്ല | പരീക്ഷ എഴുതിയവരുടെ എണ്ണം | സ്കോളർഷിപ്പ് നേടിയവർ | | വിഭാഗം | | | | | |
|---|---|---|---|---|---|---|---|---|---|
| | | എണ്ണം | ശതമാനം | ജനറൽ | ശതമാനം | ഒബിസി | ശതമാനം | എസ്.സി./എസ്.ടി. | ശതമാനം |
| കണ്ണൂർ | 50 | 4 | 8 | - | - | 4 | 100 | - | - |
| പാലക്കാട് | 25 | 3 | 12 | - | - | 3 | 100 | - | - |
| ഇടുക്കി | 30 | 3 | 10 | 2 | 67 | 1 | 33 | - | - |
| കൊല്ലം | 22 | 1 | 5 | - | - | 1 | 100 | - | - |
| ആകെ സംസ്ഥാനതലം | 127 | 11 | 9 | 2 | 18 | 9 | 82 | - | - |

പട്ടികയിൽ നിന്നും 127 കുട്ടികൾ സർവ്വേയിൽ പങ്കെടുത്തതായും 11 (9%) കുട്ടികൾ സ്കോളർഷിപ്പിന് അർഹരായെന്നും കണ്ടെത്തി. ഇതിൽ 2 (18%) കുട്ടികൾ ജനറൽ വിഭാഗത്തിലുള്ളവരും 9 (82%) കുട്ടികൾ ഒ.ബി.സി. വിഭാഗത്തിലുള്ളവരുമാണെന്ന് പഠനത്തിൽ നിന്നും മനസ്സിലാക്കാം. എസ്.സി./എസ്.ടി. വിഭാഗത്തിലുള്ളവരുടെ പ്രാതിനിധ്യം അർഹത നേടിയവരുടെ പട്ടികയിലില്ല.

യു.എസ്സ്.എസ്സ്. സ്കോളർഷിപ്പ് നേടുന്നവരുടെ എണ്ണം സംസ്ഥാനതലത്തിൽ വളരെ കുറവാണെന്ന് പഠനത്തിൽ നിന്നും മനസ്സിലാകുന്നു.

### പട്ടിക 3.22
### പരീക്ഷ എഴുതിയ കുട്ടികളുടെ സാമൂഹിക–സാമ്പത്തിക സർവ്വേയുടെ വിശദാംശങ്ങൾ

| ജില്ല | ആകെ വിദ്യാർഥികൾ | എപിഎൽ | ബിപിഎൽ | എസ്.സി./എസ്.ടി | ഒബിസി | ജനറൽ | ഫലം | | അർഹരായവർ | |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | അർഹരായവർ | അനർഹരായവർ | എപിഎൽ/ ബിപിഎൽ | വിഭാഗം |
| കണ്ണൂർ | 50 | 23 | 27 | - | 49 | 1 | 4 | 46 | എംപിഎൽ - 3<br>ബിപിഎൽ - 1 | ഒബിസി - 4, |
| പാലക്കാട് | 25 | 5 | 20 | 1 | 13 | 11 | 3 | 22 | ബിപിഎൽ - 3 | ഒബിസി - 3 |
| ഇടുക്കി | 30 | 12 | 18 | - | 15 | 15 | 3 | 27 | എപിഎൽ - 2<br>ബിപിഎൽ - 1 | ജനറൽ - 2<br>ഒബിസി - 1 |
| കൊല്ലം | 22 | 1 | 21 | 2 | 17 | 3 | 1 | 21 | ബിപിഎൽ - 1 | ഒബിസി - 1 |
| ആകെ | 127 | 41 | 86 | 3 | 89 | 30 | 11 | 116 | എപിഎൽ - 5<br>ബിപിഎൽ - 6 | ജനറൽ - 2<br>ഒബിസി - 9 |
| ശതമാനം | 127 | 32 | 68 | 2.3 | 74 | 24 | 9 | 91 | എപിഎൽ - 45<br>ബിപിഎൽ - 55 | ജനറൽ - 18<br>ഒബിസി - 82 |

സർവ്വേയിൽ പങ്കെടുത്ത 127 കുട്ടികളിൽ 41 പേർ (32%) എ.പി.എൽ. വിഭാഗത്തിലും 86 പേർ (68%) ബി.പി.എൽ. വിഭാഗത്തിലും ഉൾപ്പെട്ടവരാണ്. 3 കുട്ടികൾ (2%) എസ്.സി. വിഭാഗത്തിലും 89 പേർ (74%) ഒ.ബി.സി. വിഭാഗത്തിലും, 30 പേർ (24%) പൊതുവിഭാഗത്തിലും ഉൾപ്പെട്ടവരാണെന്ന് പഠനത്തിൽ നിന്നും മനസ്സിലാക്കാം.

സർവ്വേയിൽ പങ്കെടുത്ത 127 കുട്ടികളിൽ 11 (9%) പേരാണ് സ്കോളർഷിപ്പിന് അർഹരായത്. ഇതിൽ 5 (45%) കുട്ടികൾ എ.പി.എൽ. വിഭാഗത്തിലും 6 കുട്ടികൾ (55%) ബി.പി.എൽ. വിഭാഗത്തിലും ഉൾപ്പെട്ടവരാണ്. സ്കോളർഷിപ്പ് നേടിയ 11 കുട്ടികളിൽ 2 കുട്ടികൾ (18%) ജനറൽ വിഭാഗത്തിലുള്ളവരും 9 കുട്ടികൾ (82%) ഒ.ബി.സി. വിഭാഗത്തിലും ഉള്ളവരാണ്.

സാമൂഹിക-സാമ്പത്തിക പിന്നാക്കാവസ്ഥ സ്കോളർഷിപ്പ് നേടുന്നതിനെ കാര്യമായി സ്വാധീനിക്കുന്നില്ലെന്നാണ് പഠനത്തിൽ നിന്നും മനസ്സിലാകുന്നത്. എങ്കിലും എസ്.സി., എസ്.ടി. വിഭാഗത്തിലെ പ്രാതിനിധ്യം വളരെ കുറവാണെന്ന് മനസ്സിലാക്കാം. അതുപോലെ ജനറൽ വിഭാഗത്തിന്റെ പ്രാതിനിധ്യവും കുറവാണെന്ന് പഠനം തെളിയിക്കുന്നു.

**3. പരീക്ഷയ്ക്ക് കുട്ടികളെ സജ്ജരാക്കുന്നതിനുള്ള സംവിധാനങ്ങൾ വിലയിരുത്തുന്നതിന്**

### പട്ടിക 3.23
### പരീക്ഷയ്ക്കു വേണ്ടി സഹായം ലഭിച്ച ഇടങ്ങൾ

| പ്രതികരണം | കണ്ണൂർ | പാലക്കാട് | ഇടുക്കി | കൊല്ലം | ആകെ | ശതമാനം |
|---|---|---|---|---|---|---|
| അധ്യാപകർ | 50 | 49 | 45 | 35 | 179 | 98 |
| രക്ഷിതാവ് | 40 | 45 | 38 | 35 | 158 | 86 |
| കോച്ചിങ് സെന്റർ | 7 | 1 | 2 | - | 10 | 5 |
| സന്നദ്ധസംഘടനകൾ | - | 1 | - | - | 1 | 5 |
| തദ്ദേശസ്വയംഭരണ സ്ഥാപങ്ങൾ | 1 | - | 3 | - | 4 | 2 |
| മറ്റുള്ളവ | 1 | - | 2 | 2 | 5 | 2 |

പരീക്ഷയ്ക്കു വേണ്ടി സഹായം ലഭിച്ച ഇടങ്ങൾ എന്ന പ്രസ്താവനയോട് 98% കുട്ടികളും അധ്യാപകരാണ് സഹായിച്ചതെന്ന് വ്യക്തമാക്കി. 86% കുട്ടികളെ രക്ഷിതാക്കളും സഹായിച്ചിട്ടുണ്ട്. കോച്ചിങ് സെന്റർ വഴി സഹായം ലഭിച്ചവർ കേവലം 5% പേർ മാത്രമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സന്നദ്ധ സംഘടനകളും നാമമാത്ര സഹായമേ ലഭ്യമാക്കിയിട്ടുള്ളൂ. ആയതിനാൽ അധ്യാപകരുടെയും രക്ഷിതാക്കളുടെയും പിന്തുണ കുട്ടികൾക്ക് വേണ്ടുവോളം ലഭിക്കുന്നുവെന്ന് മനസ്സിലാക്കാം.

**പട്ടിക 3.24**

**പ്രത്യേക പരിശീലനം നൽകേണ്ടതിന്റെ ആവശ്യകത**

| പ്രതികരണം | കണ്ണൂർ | | പാലക്കാട് | | ഇടുക്കി | | കൊല്ലം | | ആകെ | |
|---|---|---|---|---|---|---|---|---|---|---|
| | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം |
| യോജിക്കുന്നു | 24 | 96 | 35 | 89 | 18 | 78 | 5 | 33 | 82 | 87 |
| ഏറെക്കുറെ യോജിക്കുന്നു | - | - | 1 | 4 | 3 | 13 | 1 | - | 5 | 9 |
| യോജിക്കുന്നില്ല | 1 | 4 | 2 | 7 | 2 | 9 | 2 | 11 | 7 | 8 |

പരീക്ഷയ്ക്കു സജ്ജരാക്കുന്നതിനായി കുട്ടികൾക്ക് പ്രത്യേക പരിശീലനം ആവശ്യമാണെന്ന് 87% അധ്യാപകർ പറഞ്ഞപ്പോൾ 8% പേർ മാത്രമാണ് ഇതുമായി വിയോജിച്ചത്. 9% പേർ ഏറെക്കുറേ യോജിച്ചു. ഭൂരിഭാഗം പേരും പ്രത്യേക പരിശീലനം വേണമെന്നാണ് ആവശ്യപ്പെട്ടത്.

**പട്ടിക 3.25**

**വിദ്യാലയങ്ങളിൽ നിന്ന് കൂടുതലായി കിട്ടണമെന്ന് ആഗ്രഹിക്കുന്ന പിന്തുണ**

| ജില്ല | മാതൃകാപരീക്ഷ | | ഒ.എം.ആർ പരീക്ഷ | | വിദഗ്ധരുടെ ക്ലാസ്സ് | |
|---|---|---|---|---|---|---|
| | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം |
| കണ്ണൂർ | 5 | 20 | 4 | 16 | 6 | 24 |
| പാലക്കാട് | 6 | 21 | 3 | 11 | 6 | 21 |
| ഇടുക്കി | 4 | 17 | 2 | 4 | 5 | 22 |
| കൊല്ലം | 6 | 33 | 3 | 16 | 5 | 22 |
| ആകെ | 21 | 22 | 12 | 13 | 22 | 23 |

വിദ്യാലയങ്ങളിൽ നിന്നും കുട്ടികൾക്ക് കൂടുതലായി കിട്ടണമെന്ന് ആഗ്രഹിക്കുന്ന പിന്തുണ എന്ന പ്രസ്താവനയ്ക്കുള്ള പ്രതികരണത്തിൽ 22% അധ്യാപകർ മാതൃകാപരീക്ഷ വേണമെന്നും 13% പേർ ഒ.എം.ആർ. ഷീറ്റ് പരിശീലനം വേണമെന്നും 23% പേർ വിദഗ്ധരുടെ ക്ലാസുകൾ വേണമെന്നും ആവശ്യപ്പെട്ടു. കൈപ്പുസ്തകം, ബോധവൽക്കരണം, ഐ.സി.റ്റി. ക്ലാസ്, ലഘുഭക്ഷണം, പ്രോത്സാഹന സമ്മാനം എന്നിവ വേണമെന്ന അഭിപ്രായവും ഉണ്ടായി.

പട്ടിക 3.26

**ഡിപ്പാർട്ട്മെന്റിൽ നിന്നും പ്രതീക്ഷിക്കുന്ന അധിക പിന്തുണ**

| ജില്ല | മാതൃകാ ചോദ്യപേപ്പർ | | കൈപ്പുസ്തകം | | ബോധവൽക്കരണ ക്ലാസ്സ് | | വിദഗ്ധരുടെ ക്ലാസ്സ് | |
|---|---|---|---|---|---|---|---|---|
| | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം |
| കണ്ണൂർ | 14 | 56 | 10 | 40 | 1 | 4 | 1 | 4 |
| പാലക്കാട് | 10 | 36 | 9 | 32 | 1 | 3 | 1 | 3 |
| ഇടുക്കി | 6 | 26 | 3 | 13 | 1 | 4 | - | - |
| കൊല്ലം | 9 | 50 | 8 | 44 | 1 | 5 | 1 | 5 |
| ആകെ | 39 | 41 | 30 | 32 | 4 | 4 | 3 | 3 |

ഡിപ്പാർട്ട്മെന്റിന്റെ ഭാഗത്തുനിന്ന് പ്രതീക്ഷിക്കുന്ന അധിക പിന്തുണ എന്ന പ്രസ്താവനയ്ക്ക് 41% അധ്യാപകർ മാതൃകാചോദ്യപേപ്പർ ലഭ്യമാക്കണമെന്നും 32% പേർ കൈപ്പുസ്തകം ലഭ്യമാക്കണമെന്നും 4% പേർ ബോധവൽക്കരണ ക്ലാസ്സ് വേണമെന്നും 3% പേർ വിദഗ്ധരുടെ ക്ലാസ്സ് വേണമെന്നും അഭിപ്രായപ്പെട്ടു. ഗണിതം, ഇംഗ്ലീഷ് പോലുള്ള വിഷയങ്ങൾക്ക് പ്രത്യേക പരിശീലനം, ഐ.റ്റി. ക്ലാസ്സ് എന്നിവയും വേണമെന്ന ആവശ്യമുയർന്നു.

മാതൃകാ പരീക്ഷ പരിശീലന ക്ലാസുകൾ, റിഫ്രഷ്മെന്റ് കൈപ്പുസ്തകം, ശില്പശാലകൾ, അനുമോദനം, സാമ്പത്തിക സഹായം, രക്ഷാകർത്തൃ ബോധവൽക്കരണം, പഠനസാമഗ്രികൾ ലഭ്യമാക്കൽ തുടങ്ങി ഒട്ടേറെ കാര്യങ്ങളിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെയും സന്നദ്ധ സംഘടനകളുടെയും പിന്തുണ വേണമെന്ന് രക്ഷകർത്താക്കൾ അഭിപ്രായപ്പെട്ടു.

**4. സ്കോളർഷിപ്പ് പരീക്ഷയിലെ ചോദ്യപേപ്പർ വിദ്യാർത്ഥി സൗഹൃദപരമാണോ എന്ന് കണ്ടെത്തുന്നതിന്**

പട്ടിക 3.27

**പരീക്ഷയിൽ പ്രയാസമേറിയ വിഷയങ്ങൾ മുൻഗണനാക്രമത്തിൽ**

| വിഷയം | കണ്ണൂർ | പാലക്കാട് | ഇടുക്കി | കൊല്ലം | ആകെ | ശതമാനം |
|---|---|---|---|---|---|---|
| ഗണിതം | 30 | 39 | 41 | 33 | 143 | 79.4 |
| ഭാഷ | 5 | 3 | 5 | - | 13 | 7.2 |
| പരിസരപഠനം | 2 | - | 2 | - | 4 | 2.2 |
| ഇംഗ്ലീഷ് | 5 | 4 | 2 | 2 | 13 | 7 |
| സാമൂഹ്യശാസ്ത്രം | 4 | 3 | - | - | 7 | 4 |

പരീക്ഷയിൽ ഏതു വിഷയത്തിലെ ചോദ്യങ്ങളാണ് ഏറ്റവും പ്രയാസമെന്ന ചോദ്യത്തിന് മുൻഗണനാ ക്രമത്തിൽ കുട്ടികൾ അഭിപ്രായം രേഖപ്പെടുത്തി. ഗണിതത്തിൽ 79.4% വും ഭാഷയിൽ 7.2% വും പരിസരപഠനത്തിൽ 2.2% വും ഇംഗ്ലീഷിൽ 7%വും സാമൂഹ്യശാസ്ത്രത്തിൽ 4% വും വിഷയങ്ങളിലാണെന്ന് പട്ടിക 3.27 ൽ നിന്നും മനസ്സിലാക്കാം.

പട്ടിക 3.28

**വിഷയങ്ങൾ പ്രയാസമാകാനുള്ള കാരണങ്ങൾ**

| വിഷയം | കണ്ണൂർ | പാലക്കാട് | ഇടുക്കി | കൊല്ലം | ആകെ | ശതമാനം |
|---|---|---|---|---|---|---|
| ഈ വിഷയത്തിൽ ഞാൻ പൊതുവെ പിന്നാക്കമാണ് | 5 | 16 | 18 | 10 | 49 | 27 |
| എനിക്ക് ചോദ്യം വായിച്ചു മനസ്സിലാക്കാൻ കഴിഞ്ഞില്ല | 22 | 18 | 19 | 15 | 74 | 41 |
| ഈ വിഷയത്തിലെ ചോദ്യ മാതൃകകൾ മുമ്പ് ഞാൻ പരിചയപ്പെട്ടിട്ടില്ല | 15 | 19 | 18 | 10 | 62 | 34 |
| മറ്റെന്തെങ്കിലും, വ്യക്ത മാക്കുക | - | - | - | - | - | - |

മേൽ വിഷയങ്ങൾ പ്രയാസമാകാനുള്ള കാരണത്തെ സംബന്ധിച്ച്, ഈ വിഷയങ്ങളിൽ പൊതുവെ പിന്നാക്കമാണെന്ന് 27% കുട്ടികളും ചോദ്യം വായിച്ചു മനസ്സിലാക്കാൻ കഴിഞ്ഞില്ല എന്ന് 41% പേരും ചോദ്യമാതൃകകൾ മുമ്പ് പരിചയപ്പെട്ടാൻ കഴിയാത്തതാണ് വിഷയങ്ങൾ പ്രയാസമാകാൻ കാരണമെന്ന് 34% പേരും രേഖപ്പെടുത്തി.

പട്ടിക 3.29

**ഒ.എം.ആർ. ഷീറ്റിൽ പരീക്ഷ എഴുതാനുള്ള ബുദ്ധിമുട്ട്**

| പ്രതികരണങ്ങൾ | കണ്ണൂർ | പാലക്കാട് | ഇടുക്കി | കൊല്ലം | ആകെ | ശതമാനം |
|---|---|---|---|---|---|---|
| ഉണ്ട് | 2 | 1 | 3 | 5 | 11 | 6 |
| ഇല്ല | 48 | 47 | 43 | 30 | 168 | 94 |

ഒ.എം.ആർ. ഷീറ്റിൽ പരീക്ഷ എഴുതാൻ ബുദ്ധിമുട്ട് ഉണ്ടായിട്ടുണ്ടോ എന്ന ചോദ്യത്തിന് 94% കുട്ടികൾ ബുദ്ധിമുട്ടില്ലെന്നും 6% പേർ പ്രയാസമുണ്ടായെന്നും രേഖപ്പെടുത്തി. ഭൂരിപക്ഷം പേർക്കും ഒ.എം.ആർ. ഷീറ്റിൽ പരീക്ഷയെഴുതാൻ ബുദ്ധിമുട്ടില്ലെന്നാണ് അഭിപ്രായപ്പെട്ടിട്ടുള്ളത്.

പട്ടിക 3.30

**പരീക്ഷയിലെ ചോദ്യങ്ങൾക്ക് പാഠപുസ്തകത്തിലെ ഉള്ളടക്കവുമായുള്ള ബന്ധം**

| പ്രതികരണം | കണ്ണൂർ | | പാലക്കാട് | | ഇടുക്കി | | കൊല്ലം | | ആകെ | |
|---|---|---|---|---|---|---|---|---|---|---|
| | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം |
| യോജിക്കുന്നു | 12 | 48 | 13 | 46 | 12 | 52 | 10 | 56 | 47 | 50 |
| ഏറെക്കുറെ യോജിക്കുന്നു | 13 | 52 | 11 | 39 | 11 | 48 | 7 | 39 | 42 | 45 |
| യോജിക്കുന്നില്ല | - | - | 4 | 15 | - | - | 1 | 5 | 5 | 5 |

പാഠപുസ്തകത്തിലെ ഉള്ളടക്കത്തിന്റെ അടിസ്ഥാനത്തിൽത്തന്നെയാണ് ചോദ്യപേപ്പർ തയാറാക്കിയിരിക്കുന്നത് എന്ന പ്രസ്താവനയോട് 50% അധ്യാപകർ യോജിക്കുകയും 45% പേർ ഭാഗീകമായി യോജിക്കുകയും ചെയ്യുമ്പോൾ 5% പേർ തീരെ യോജിച്ചില്ല.

പട്ടിക 3.31

സ്കോളർഷിപ്പു പരീക്ഷയുടെ ചോദ്യങ്ങൾ തികച്ചും ശിശുസൗഹൃദപരമാണ്

| പ്രതികരണം | കണ്ണൂർ | | പാലക്കാട് | | ഇടുക്കി | | കൊല്ലം | | ആകെ | |
|---|---|---|---|---|---|---|---|---|---|---|
| | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം |
| യോജിക്കുന്നു | 11 | 44 | 13 | 46 | 9 | 39 | 9 | 50 | 42 | 45 |
| ഏറെക്കുറെ യോജിക്കുന്നു | 12 | 48 | 11 | 39 | 11 | 48 | 9 | 50 | 43 | 46 |
| യോജിക്കുന്നില്ല | 2 | 8 | 4 | 15 | 3 | 13 | - | 13 | 9 | 9 |

സ്കോളർഷിപ്പ് പരീക്ഷയുടെ ചോദ്യങ്ങൾ തികച്ചും വിദ്യാർത്ഥിസൗഹൃദപരമാണ് എന്ന പ്രസ്താവനയോട് 45% അധ്യാരകർ പൂർണ്ണമായും യോജിച്ചപ്പോൾ 46% പേർ ഭാഗീകമായി യോജിച്ചു. എന്നാൽ 9% പേർ ഇതിനോട് വിയോജിപ്പ് രേഖപ്പെടുത്തി.

## പട്ടിക 3.32
## പരീക്ഷയുടെ വർഷംതിരിച്ചുള്ള ചോദ്യപേപ്പർ വിശകലനം

| വർഷം | | വിഷയം | TTC Qns. | TTC Mark | HOT: സർഗ്ഗാത്മകം | | HOT: വിശകലനം | | HOT: സമന്വയം | | HOT: പ്രശ്ന പരിഹാരം | | ആശയം | | ഓർമ്മ ശക്തി | | അഭിപ്രായം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | ഉത്തരം | % | ചോദ്യം | % | ചോദ്യം | % | ചോദ്യം | % | ചോദ്യം | % | ചോദ്യം | % | |
| 2016-17 | പേപ്പർ I | പാർട്ട് എ മലയാളം എറ്റി | 15 | 15 | | | 3 | 20 | | | | | 4 | 26% | 8 | 54% | |
| | | പാർട്ട് ബി മലയാളം ബിറ്റി | 15(10) | 10 | | | 3 | 20 | | | 2 | 13 | 7 | 47 | 3 | 20 | |
| | | പാർട്ട് സി കണക്ക് | 20 | 20 | | | 4 | 20 | | | 12 | 60 | 4 | 20 | | | |
| | | **ആകെ** | **50** | **45** | | | **10** | | | | **14** | | **15** | | **11** | | |
| | പേപ്പർ II | പാർട്ട് എ ഇംഗ്ലീഷ് | 15 | 15 | | | 2 | 13.5 | | | | | 11 | 73 | 2 | 13.5 | |
| | | പാർട്ട് ബി സയൻസ് | 20(15) | 15 | | | 6 | 30 | | | 1 | 5 | 2 | 10 | 11 | 55 | |
| | | പാർട്ട് സി സാമൂഹ്യപാഠം | 20(15) | 15 | | | | | | | | | 1 | 5 | 19 | 95 | |
| | | **ആകെ** | **55** | 45 | | | 8 | | | | 0 | | 14 | | 32 | | |
| | | **ആകെ** | **105** | 90 | | | 18 | 17.14 | | | 15 | 14.3 | 29 | 27.6 | 43 | 40.95 | |
| 2017-18 | പേപ്പർ I | പാർട്ട് എ മലയാളം എറ്റി | 15 | 15 | | | 5 | 33.3 | | | | | 5 | 33.3 | 5 | 33.3 | |
| | | പാർട്ട് ബി മലയാളംബിറ്റി | 15 | 10 | | | 2 | 13.3 | | | | | 4 | 26.6 | 9 | 60 | |
| | | പാർട്ട് സി കണക്ക് | 20 | 20 | | | 9 | 45 | | | 6 | 30 | 5 | 25 | | | |
| | | **ആകെ** | **50** | 45 | | | 16 | 32 | | | 6 | 12 | 14 | 28 | 14 | 28 | |
| | പേപ്പർ II | പാർട്ട് എ ഇംഗ്ലീഷ് | 15 | 15 | | | 2 | 26.6 | 2 | 13.3 | | | 7 | 46.6 | 2 | 13.3 | |
| | | പാർട്ട് ബി സയൻസ് | 20 | 15 | | | 8 | 40 | 1 | 5 | 1 | 5 | 7 | 35 | 3 | 15 | |
| | | പാർട്ട് സി സാമൂഹ്യപാഠ | 20 | 15 | | | 1 | 5 | 1 | 5 | | | 4 | 20 | 14 | 70 | |
| | | **ആകെ** | **55** | 45 | | | 13 | 23.6 | 4 | 7.27 | 1 | 1.8 | 18 | 32.72 | 19 | 34.54 | |
| | | **ആകെ** | **105** | 90 | | | 29 | 27.6 | 4 | 3.8 | 7 | 6.7 | 32 | 30.75 | 33 | 31.4 | |
| 2018-19 | പേപ്പർ I | പാർട്ട് എ മലയാളം എറ്റി | 15 | 15 | | | 1 | 6.6 | | | | | 4 | 26.7 | 10 | 66.6 | |
| | | പാർട്ട് ബി മലയാളംബിറ്റി | 15 | 10 | | | | | | | | | 9 | 60 | 6 | 40 | |
| | | പാർട്ട് സി കണക്ക് | 20 | 20 | 1 | 5 | 9 | 45 | | | 10 | 50 | | | | | |
| | | **ആകെ** | **50** | 45 | 1 | 2 | 10 | 20 | | | 10 | 20 | 13 | 26 | 16 | 32 | |
| | പേപ്പർ II | പാർട്ട് എ ഇംഗ്ലീഷ് | 15 | 15 | | | 1 | 6.6 | | | 1 | 6.6 | 10 | 66.7 | 3 | 20 | |
| | | പാർട്ട് ബി സയൻസ് | 20 | 15 | | | 7 | 35 | | | 4 | 20 | 1 | 5 | 8 | 40 | |
| | | പാർട്ട് സി സാമൂഹ്യപാഠ | 20 | 15 | | | 2 | 10 | | | | | | | 18 | 90 | |
| | | **ആകെ** | **55** | 45 | | | 10 | 18.2 | | | 5 | 9 | 11 | 20 | 29 | 52.7 | |
| | | **ആകെ** | **105** | 90 | 1 | 95 | 20 | 19 | | | 15 | 14.3 | 24 | 22.8 | 45 | 42.85 | |

**2016 മുതൽ 2018 വരെയുള്ള ചോദ്യപേപ്പർ വിലയിരുത്തൽ**

ചോദ്യപേപ്പർ വിശകലനത്തിൽ (2016 മുതൽ 2018 വരെ) ഗണിതത്തിൽ ഭൂരിപക്ഷം ചോദ്യങ്ങളും (75% മുതൽ 100% വരെ) ഉയർന്ന ചിന്താശേഷി ആവശ്യമുള്ളതലത്തിലാണെന്ന് കണ്ടെത്തി.

സോഷ്യൽ സയൻസ്, ഭാഷാ വിഷയങ്ങൾ എന്നിവയിൽ ഓർമ്മപരിശോധനാതലത്തിലുള്ള ചോദ്യങ്ങളാണ് ഭൂരിഭാഗവും (70% മുതൽ 95% വരെ).

**കണ്ടെത്തലുകൾ**

**ശ്രദ്ധപതിക്കേണ്ടവ:**

- 2016 ലെ മലയാളം ബി.റ്റി. യിൽ 16-ാം ചോദ്യത്തിന് രണ്ട് ശരിയുത്തരം നൽകിയിട്ടുണ്ട്.
- 2017 ലെ മലയാളം അടിസ്ഥാനപാഠാവലിയിൽ (ബി.റ്റി.) 24-ാം ചോദ്യത്തിന് രണ്ട് ശരിയുത്തരം നൽകിയിട്ടുണ്ട്.
- 2017 ലെ അടിസ്ഥാനശാസ്ത്രം 28-ാം ചോദ്യത്തിന് നൽകിയിരിക്കുന്ന ഉത്തരങ്ങളിൽ തിരഞ്ഞെടുക്കാൻ ശരിയുത്തരമില്ല.
- 2018 ലെ അടിസ്ഥാനശാസ്ത്രത്തിന്റെ 16-ാം ചോദ്യത്തിൽ നൽകിയിരിക്കുന്ന ഉത്തരങ്ങളിൽ ശരിയുത്തരം ഇല്ല.
- സാമൂഹ്യശാസ്ത്രം, ശാസ്ത്രം തുടങ്ങിയ വിഷയങ്ങളിൽ അറിവ്, ധാരണ തുടങ്ങിയ മേഖലകളിൽ ഊന്നിക്കൊണ്ടുള്ള ചോദ്യങ്ങളാണ് ഭൂരിഭാഗവും.
- ഉയർന്ന ചിന്താശേഷി ആവശ്യമായ അപഗ്രഥനം, ഉദ്ഗ്രഥനം, അറിവിന്റെ പ്രയോഗം, വിലയിരുത്തൽ തുടങ്ങിയ മേഖലകളിലെ ചോദ്യങ്ങൾ ഗണിതം പോലെ ചുരുക്കം വിഷയങ്ങളെ അമിതമായി ആശ്രയിച്ചിരിക്കുന്നു.
- ഒരു വിഷയത്തിൽതന്നെ എല്ലാ മേഖലകൾക്കും ഊന്നൽ കിട്ടത്തക്കവിധം ചോദ്യങ്ങൾ ക്രമീകരിക്കേണ്ടതാണ്.
- അടിസ്ഥാനശാസ്ത്രം, സാമൂഹ്യശാസ്ത്രം എന്നീ വിഷയങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഉയർന്ന ചിന്താപ്രക്രിയ ആവശ്യപ്പെടുന്ന ചോദ്യങ്ങൾ പരമ്പരാഗത രീതിയെ കൂടുതൽ ആശ്രയിക്കുന്നതാണ്. (ഉദാ. എത്ര പ്രസ്താവന, ശരിയാണ് തുടങ്ങിയവ).

**നിർദ്ദേശങ്ങൾ**

- ഗണിതം പോലെ ചില വിഷയങ്ങളിൽ മാത്രം ഉയർന്ന ചിന്താശേഷി ആവശ്യമുള്ള ചോദ്യങ്ങളുടെ എണ്ണം അധികരിക്കുന്നതിൽ കുറവു വരുത്തണം. എല്ലാ വിഷയങ്ങളിലും എല്ലാ മേഖലകൾക്കും ആവശ്യമായ ഊന്നൽ നൽകണം.
- ഭാഷയിൽ സർഗ്ഗാത്മക തലത്തിലുള്ള ചോദ്യങ്ങൾ ഉൾപ്പെടുത്തണം.
- പൊതുവിജ്ഞാന ചോദ്യങ്ങൾ കുട്ടിയുടെ സിലബസ്സുമായി ബന്ധപ്പെട്ടവയും അതിന്റെ തുടർച്ചയും വളർച്ചയുമാവണം.
- ചോദ്യങ്ങൾക്ക് അനുയോജ്യവും പ്രസക്തവും ആണെങ്കിൽ മാത്രം ചിത്രങ്ങൾ നൽകുക. ചിത്രങ്ങൾ വ്യക്തത ഉള്ളതായിരിക്കണം.

- ചോദ്യങ്ങൾ   വിദ്യാർഥിസൗഹൃദപരമാവണം.
- ചോദ്യപേപ്പറിലെ ചിത്രങ്ങൾ പ്രസക്തവും, വ്യക്തവും ആശയസംവേദനക്ഷമവുമായിരിക്കണം.
- ഗണിതത്തിലെ ചോദ്യങ്ങൾ കുട്ടിക്ക് സ്വയം വായിച്ച് വിശകലനം ചെയ്യാൻ കഴിയുന്നതായിരിക്കണം.
- ചോദ്യ 'ടെക്സ്റ്റ്' ഹ്രസ്വവും വിദ്യാർഥിസൗഹൃദവുമായിരിക്കണം.
- ആശയപരവും ഭാഷാപരവുമായ തെറ്റുകൾ ഒഴിവാക്കുന്നതിനാവശ്യമായ സൂക്ഷ്മപരിശോധന വേണ്ടതാണ്.
- ചോദ്യങ്ങൾക്ക് ആശയസാധുത (contents validity) നിർമ്മിതി സാധുത (construct validity) എന്നിവ ഉറപ്പുവരുത്തണം.
- ചോദ്യപേപ്പർ തയ്യാറാക്കുന്നതിനുമുമ്പ് ചോദ്യകർത്താക്കൾക്ക് എസ്സ്.സി.ഇ.ആർ.ടി. യുടെ നേതൃത്വത്തിൽ പരിശീലനം നൽകുന്നത് നന്നായിരിക്കും.

**ചോദ്യപേപ്പർ വിലയിരുത്തൽ – 2016 മുതൽ 2018 വരെ**

### മലയാളം, കേരള പാഠാവലി (AT)

ചോദ്യങ്ങളിൽ ഉന്നത ചിന്താശേഷി ആവശ്യമുള്ളവ 6.7% മുതൽ 33.3.% വരെയും ആശയരൂപീകരണതലത്തിലെ ചോദ്യങ്ങൾ 26.7% മുതൽ 33.3% വരെയും ഓർമ്മ പരിശോധനാതലത്തിലുള്ളവ 33.3% മുതൽ 66.7% വരെയുമാണ്.

### മലയാളം, അടിസ്ഥാനപാഠാവലി (BT)

ആകെയുള്ള ചോദ്യങ്ങളിൽ ഉയർന്ന ചിന്താശേഷി ആവശ്യമുള്ളവ 33.3% വരെയും ആശയരൂപീകരണതലത്തിലുള്ളവ 26.6% മുതൽ 60% വരെയും ഓർമ്മപരിശോധനാതലത്തിലുള്ളവ 20% മുതൽ 60% വരെയുമുള്ള ചോദ്യങ്ങളാണെന്ന് കണ്ടെത്തി.

### ഇംഗ്ലീഷ്

ഉയർന്ന ചിന്താശേഷി ആവശ്യമുള്ള 13.3% മുതൽ 40% വരെയും ആശയരൂപീകരണതലത്തിലുള്ള 46.6% മുതൽ 73% വരെയും ഓർമ്മ പരിശോധനാതലത്തിലുള്ള 13.3% മുതൽ 20% വരെയും ചോദ്യങ്ങളാണെന്ന് കണ്ടെത്തി.

### ഗണിതം

ആകെയുള്ള ചോദ്യങ്ങളിൽ ഉന്നത ചിന്താശേഷി ആവശ്യമുള്ളതലത്തിൽ 75% മുതൽ 100% വരെയാണ് ഉൾപ്പെട്ടിട്ടുള്ളതെന്ന് കണ്ടെത്തി. ആശയരൂപീകരണതലത്തിൽ 20% വരെയും ഓർമ്മ പരിശോധനാതലത്തിൽ 15% വരെയും ചില വർഷങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് കണ്ടെത്തി.

### അടിസ്ഥാനശാസ്ത്രം

ആകെ ചോദ്യങ്ങളിൽ 35% മുതൽ 55% വരെ ഉന്നത ചിന്താശേഷി ആവശ്യമുള്ള തലത്തിലും 5% മുതൽ 35% വരെ ആശയരൂപീകരണതലത്തിലും 15% മുതൽ 55% വരെ ഓർമ്മപരിശോധനാതലത്തിലുമുള്ള ചോദ്യങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെന്ന് കണ്ടെത്തി.

## സാമൂഹ്യശാസ്ത്രം

ആകെ ചോദ്യങ്ങളിൽ 5% മുതൽ 10% ശതമാനം വരെ ഉന്നത ചിന്താശേഷി ആവശ്യമുള്ള തലത്തിലും 90% മുതൽ 95% ശതമാനം വരെ ആശയരൂപീകരണതലത്തിലും ഓർമ്മപരിശോധനാ തലത്തിലും ഉള്ളതാണെന്ന് കണ്ടെത്തി. ഉയർന്ന ചിന്താശേഷി ആവശ്യമുള്ള ചോദ്യങ്ങൾ വളരെ കുറഞ്ഞ ശതമാനം മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

പ്രതിഭകളായ കുട്ടികളെ വർഷാരംഭത്തിൽ തന്നെ കണ്ടെത്താൻ അധ്യാപകർക്ക് പ്രത്യേക നിർദ്ദേശം നൽകേണ്ടതാണ്. ഇത് പരിശീലനം നേരത്തെ തന്നെ ആരംഭിക്കാനും, അതുവഴി മത്സരപരീക്ഷകൾ എല്ലാ തയ്യാറെടുപ്പോടും കൂടി പരീക്ഷാർത്ഥികൾക്ക് അഭിമുഖീകരിക്കാനും സാധ്യമാകും.

പരീക്ഷയുടെ മൂല്യനിർണ്ണയസൂചകങ്ങൾ വ്യക്തവും സ്പഷ്ടവുമായി മനസ്സിലാക്കുകയും വളരെ കൃത്യതയോട് കൂടി മൂല്യനിർണ്ണയ പ്രക്രിയ നടത്തേണ്ടതുമാണ്.

മത്സരപരീക്ഷയുടെ ആരംഭം മുതൽ ഫലപ്രഖ്യാപനം വരെയുള്ള ഘട്ടങ്ങൾ കൃത്യമായും മോണിറ്ററിങ്ങിന് വിധേയമാക്കേണ്ടതാണ്.

കൈപ്പുസ്തകങ്ങൾ, മാതൃകാപരീക്ഷാസഹായികൾ, ഒ.എം.ആർ. പരിശീലനം എന്നിവ യഥോചിതം പരിചയപ്പെടുത്തുന്നതിന് സൗകര്യങ്ങൾ സ്കൂളുകളിൽ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

മത്സരപരീക്ഷകളുടെ വിജയം കുട്ടിയുടെ ഭാവിയെ ഗുണപരമായി ബാധിക്കുന്നു എന്നതിനാൽ പരീക്ഷാർത്ഥികളുടെ വിജയശതമാനം വർദ്ധിപ്പിക്കാൻ സ്കൂൾതലത്തിൽ എസ്എംസി, പിടിഎ. എന്നീ തലങ്ങളിൽ സജീവമായ ചർച്ചയുണ്ടാകണം.

5. **സ്കോർളഷിപ്പ് പരീക്ഷകളുടെ സംഘാടനം, ഉള്ളടക്കം തിരെഞ്ഞടുക്കൽ രീതി, തുടർപ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങൾ രൂപപ്പെടുത്തുന്നതിന്.**

**പട്ടിക 3.33**

**പരീക്ഷയിലെ ചോദ്യങ്ങൾക്ക് പാഠപുസ്തകത്തിലെ ഉള്ളടക്കവുമായുള്ള ബന്ധം**

| പ്രതികരണം | കണ്ണൂർ | പാലക്കാട് | ഇടുക്കി | കൊല്ലം | ആകെ |
|---|---|---|---|---|---|
| നല്ല ബന്ധമുണ്ടായിരുന്നു | 30 | 5 | 21 | 27 | 86 48 |
| ഭാഗികമായി ബന്ധമുണ്ട് | 20 | 43 | 22 | 10 | 95 52 |
| ബന്ധമില്ല | - | - | - | - | - - |

പരീക്ഷയിലെ ചോദ്യങ്ങൾക്ക് പാഠപുസ്തകത്തിലെ ഉള്ളടക്കവുമായി നല്ല ബന്ധമുണ്ടെന്ന് 48% കുട്ടികളും ഭാഗികമായി ബന്ധമുണ്ടെന്ന് 52% പേരും അഭിപ്രായപ്പെട്ടു.

പട്ടിക 3.34

**സ്കോളർഷിപ്പ് ലഭിക്കുന്നതുകൊണ്ട് കുട്ടികൾക്കുണ്ടാകുന്ന നേട്ടങ്ങൾ**

| ജില്ലകൾ | പഠനത്തിന്റെ അംഗീകാരം | | വിദ്യാലയത്തിന് സമൂഹത്തിൽ നിന്നും ലഭിക്കുന്ന അംഗീകാരം | | കുട്ടികൾക്ക് പ്രചോദനം | | മത്സരപരീക്ഷയെ അഭിമുഖീകരിക്കാനുള്ള പരിശീലനം | |
|---|---|---|---|---|---|---|---|---|
| | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം |
| കണ്ണൂർ | 20 | 80 | 20 | 80 | 6 | 24 | 5 | 20 |
| പാലക്കാട് | 22 | 79 | 22 | 79 | 4 | 18 | 6 | 21 |
| ഇടുക്കി | 10 | 43 | 12 | 52 | 3 | 13 | 3 | 13 |
| കൊല്ലം | 16 | 89 | 15 | 83 | 5 | 22 | 4 | 22 |
| **ആകെ** | **68** | **71** | **69** | **72** | **18** | **19** | **18** | **19** |

സ്കോളർഷിപ്പ് ലഭിക്കുന്നതുകൊണ്ട് കുട്ടികൾക്കും വിദ്യാലയത്തിനുമുണ്ടാകുന്ന നേട്ടങ്ങളെക്കുറിച്ചുള്ള പ്രസ്താവനയോട് കുട്ടികൾക്ക് പഠനമികവിന്റെ അംഗീകാരമാണെന്ന് 71% അധ്യാപകരും വിദ്യാലയത്തിന് സമൂഹത്തിൽനിന്നും ലഭിക്കുന്ന അംഗീകാരമാണെന്ന് 72% പേരും കുട്ടികൾക്ക് പ്രചോദനമാണെന്ന് 19% പേരും എന്നാൽ മത്സരപരീക്ഷയെ അഭിമുഖീകരിക്കാനുള്ള പരിശീലനമാണെന്ന് 19% പേരും അഭിപ്രായപ്പെട്ടു.

പട്ടിക 3.35

**സ്കോളർഷിപ്പ് പരീക്ഷകളുടെ മൂല്യനിർണ്ണയ പ്രക്രിയ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ**

| ജില്ലകൾ | ഇരട്ടമൂല്യ നിർണ്ണയം | | പുനർമൂല്യ നിർണ്ണയം | |
|---|---|---|---|---|
| | എണ്ണം | ശതമാനം | എണ്ണം | ശതമാനം |
| കണ്ണൂർ | 6 | 24 | 6 | 24 |
| പാലക്കാട് | 8 | 29 | 8 | 29 |
| ഇടുക്കി | 8 | 35 | 4 | 17 |
| കൊല്ലം | 5 | 28 | 4 | 22 |
| ആകെ | 27 | 29 | 22 | 23 |

സ്കോളർഷിപ്പ് പരിക്ഷകളുടെ മൂല്യനിർണ്ണയ പ്രക്രിയ മെച്ചപ്പെടുത്തുന്നതിനായുള്ള നിർദ്ദേശങ്ങൾ എന്ന പ്രസ്താവനയോട് 29% പേർ ഇരട്ട മൂല്യനിർണ്ണയം വേണമെന്നും 23% പേർ പുനർമൂല്യനിർണ്ണയം വേണമെന്നും അഭിപ്രായപ്പെട്ടു.

**സ്കോളർഷിപ്പ് പരീക്ഷകളുമായി ബന്ധപ്പെട്ട അധിക നിർദ്ദേശങ്ങൾ**

പരീക്ഷാർത്ഥികളുടെ തിരഞ്ഞെടുക്കൽ ഒന്നാം ടേം കഴിഞ്ഞയുടനെ നടത്തണം. എ, ബി ഗ്രേഡ് മാത്രമുള്ളവരെ മാത്രം പരിഗണിക്കണം. ക്ലസ്റ്റർ തലത്തിലും സബ്ജില്ലാ തലത്തിലും പിടിഎ., എസ്എസ്ജി., എൽഎസ്ജിഡി., പിന്തുണ ഉറപ്പാക്കണം. എസ്സിഇആർടി., എസ്എസ്എ., എന്നിവർ കൈപ്പുസ്തകം നൽകണം.

കാലതാമസം കൂടാതെ ഫലപ്രഖ്യാപനം നടത്തണം. യോഗ്യതാപത്രവും സമ്മാനത്തുകയും താമസം കൂടാതെ നൽകണം.

**സ്കോളർഷിപ്പ് പരീക്ഷകളിൽ കുട്ടികൾ മികച്ച വിജയം നേടുന്നതിന് വിദ്യാർത്ഥികൾക്കുള്ള അധിക നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.**

1. അധിക പഠനസാമഗ്രികൾ ഉപയോഗിച്ച് നിരന്തര പരിശീലനം നടത്തണം.
2. ഗണിതം, പൊതുവിജ്ഞാനം എന്നിവയ്ക്ക് ചിട്ടയായ പഠനം നടത്തണം.

**എൻ.എം.എം.എസ്.**

പ്രതിഭാശാലികളായ ഇന്ത്യൻ വിദ്യാർത്ഥികൾക്ക് അഭിമാനപൂർവ്വം പങ്കെടുത്ത് വിജയിച്ച് ഉന്നത നിലവാരത്തിലെത്തുവാൻ വേണ്ടി പ്രത്യേകം വിഭാവനം ചെയ്തിട്ടുള്ളതാണ്. എൻ.എം.എസ്. ഇ. ഒട്ടനവധി ഇന്ത്യൻ സംസ്ഥാനങ്ങളിലെ വിദ്യാർത്ഥികൾ ഇതിന്റെ ഗുണഫലങ്ങൾ നേടാനുള്ള ശ്രമത്തിന്റെ ഭാഗമായി നല്ലനിലയിൽ വിജയം കൈവരിക്കുന്നുണ്ട്. കേരളത്തെ സംബന്ധിച്ചിടത്തോളം ഏറെ ശ്രമങ്ങൾ നടത്തുന്നുണ്ടെങ്കിലും വിജയശതമാനം വളരെ കുറവാണ്. ഇതിന്റെ പശ്ചാത്തലത്തിൽ പ്രശസ്ത സ്കോളർഷിപ്പ് പരീക്ഷയെ സംബന്ധിക്കുന്ന ഒട്ടനവധി കാര്യങ്ങൾ കാര്യകാരണസഹിതം മനസ്സിലാക്കാനും യഥോചിതമായ നിർദ്ദേശങ്ങൾ സമർപ്പിക്കുവാനുമാണ് ഈ പഠനം.

**സ്കോളർഷിപ്പ് പരീക്ഷകളിലെ കുട്ടികളുടെ തിരഞ്ഞെടുപ്പ്**

**പട്ടിക 3.36**
**പരീക്ഷയ്ക്ക് അപേക്ഷിക്കേണ്ട രീതി മനസ്സിലാക്കിയ സ്രോതസ്സ്**

| സ്രോതസ്സ് | കണ്ണൂർ | പാലക്കാട് | ഇടുക്കി | കൊല്ലം | ആകെ | ശതമാനം |
|---|---|---|---|---|---|---|
| സ്കൂൾ | 49 | 48 | 50 | 38 | 186 | 98 |
| രക്ഷിതാവ് | 1 | 2 | 3 | 2 | 8 | 4 |
| മറ്റ് സ്രോതസ്സുകൾ | 1 | - | - | - | - | 0.5 |

ബഹുഭൂരിപക്ഷം കുട്ടികളും (98%) പരീക്ഷയ്ക്ക് അപേക്ഷിക്കേണ്ട രീതി മനസ്സിലാക്കിയത് സ്കൂളിൽ നിന്നാണ്. വളരെ ചുരുക്കം കുട്ടികൾ (4%) രക്ഷിതാക്കളിൽ നിന്നും ഇതര സ്രോതസ്സുകളിൽ നിന്നു മനസ്സിലാക്കിയ കുട്ടികൾ 1% ത്തിൽ താഴെയുമാണ്.

സ്വന്തം വിദ്യാലയത്തിൽ നിന്നുതന്നെയാണ് ബഹുഭൂരിപക്ഷം പേരും പരീക്ഷയെക്കുറിച്ച് അറിയുന്നത്. സുഹൃത്തുക്കൾ വഴി അറിയുന്നവരാണ് ചെറിയൊരു ശതമാനം. എന്നാൽ ഇന്റർനെറ്റ്, പത്രം എന്നീ മാധ്യമങ്ങൾ വഴി അറിഞ്ഞവർ വിരലിലെണ്ണാവുന്നവർ മാത്രമാണ്.

കുട്ടിയുടെ കഴിവും വരുമാനപരിധിയുമാണ് പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിക്കേണ്ടതിന്റെ മാനദണ്ഡമെന്ന് ഭൂരിപക്ഷം രക്ഷിതാക്കൾക്കുമറിയാം. അപേക്ഷ സമർപ്പിക്കാനുള്ള സഹായം ചെയ്തവരിൽ അധ്യാപകരും സുഹൃത്തുക്കളുമുണ്ട്. അക്ഷയകേന്ദ്രങ്ങൾ വഴി അപേക്ഷിച്ചവരും കുറവല്ല എന്ന് രക്ഷിതാക്കളുടെ ചർച്ചയിലൂടെ മനസ്സിലായി.

**പരീക്ഷാനടത്തിപ്പ്**

**പട്ടിക 3.37**
**പരീക്ഷാനടത്തിപ്പിനെ കുറിച്ചുള്ള വിശദാംശങ്ങൾ**

| ജില്ല | പങ്കെടുത്തവർ | ജോദിക്കുന്നു | | ഏറെക്കുറെ യോജിക്കുന്നു | | യോജിക്കുന്നു | |
|---|---|---|---|---|---|---|---|
| | | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം |
| കണ്ണൂർ | 25 | 18 | 72 | 7 | 28 | - | - |
| പാലക്കാട് | 25 | 18 | 72 | 7 | 28 | - | - |
| ഇടുക്കി | 20 | 20 | 100 | - | - | - | - |
| കൊല്ലം | 12 | 8 | 6 | 4 | 33.3 | - | - |
| **ആകെ** | **82** | **64** | **78** | **18** | **22** | – | – |

പരീക്ഷയെ സംബന്ധിച്ചും അതിന്റെ വിവിധ ഘട്ടങ്ങളെക്കുറിച്ചും പ്രാധാന്യത്തെക്കുറിച്ചും അറിയാവുന്നവരാണ് 78% അധ്യാപകരും. എന്നാൽ 22% പേർക്ക് പരീക്ഷയെക്കുറിച്ച് വലിയ ധാരണയില്ലെന്ന് പഠനം രേഖപ്പെടുത്തുന്നു.

പരീക്ഷയുടെ പ്രാധാന്യത്തെക്കുറിച്ചും വിവിധ ഘട്ടങ്ങളെക്കുറിച്ചും ഭൂരിഭാഗം അധ്യാപകർക്ക് നല്ല ധാരണയുണ്ടെന്ന് പഠനം തെളിയിക്കുന്നു.

2. **പരീക്ഷയിൽ കുട്ടികളുടെ പ്രകടനവും അവരുടെ സാമൂഹിക–സാമ്പത്തിക നിലവാര വിശകലനം ചെയ്യുന്നതിന്**

പരീക്ഷയിൽ പങ്കെടുത്ത കുട്ടികളുടെ വിദ്യാലയ വിഭാഗം, കുടുംബ വാർഷിക വരുമാനം, രക്ഷിതാക്കളുടെ തൊഴിൽ, കുടുംബാംഗങ്ങളുടെ വിദ്യാഭ്യാസം, സാമൂഹിക വിഭാഗം, എന്നീ മേഖലകളെ അടിസ്ഥാനമാക്കി വിവരശേഖരണം നടത്തിയപ്പോൾ കണ്ടെത്തിയ വസ്തുതകൾ താഴെ രേഖപ്പെടുത്തുന്നു.

പട്ടിക - 3.38

സാമൂഹിക-സാമ്പത്തിക സർവ്വേ ക്രോഡീകരണം

| | വിദ്യാലയ വിഭാഗം | എണ്ണം | ശതമാനം |
|---|---|---|---|
| ആകെ - 190 | ഗവൺമെന്റ് | 83 | 44% |
| | എയ്ഡഡ് | 107 | 56% |
| | **കുടുംബത്തിന്റെ വാർഷികവരുമാനം (എണ്ണം- 188)** | | |
| കുടുംബവരുമാനം | 3000 - നു താഴെ | 93 | 49 |
| | 3001 - 10000 | 64 | 34 |
| | 10001 - 25000 | 26 | 14 |
| | 25001 - 50000 | 5 | 3 |
| | 50001 - നു മുകളിൽ | - | - |
| | **കുടുംബാംഗങ്ങളുടെ തൊഴിൽ** | | |
| അച്ഛൻ | കൂലിപ്പണി | 92 | 50 |
| | ജോലിയില്ലാത്തവർ | 9 | 5 |
| | മറ്റുള്ളവ | 82 | 45 |
| അമ്മ | കൂലിപ്പണി | 19 | 10 |
| | ഗൃഹജോലി | 150 | 80 |
| | മറ്റുള്ളവ | 19 | 10 |
| | **കുടുംബാംഗങ്ങളുടെ വിദ്യാഭ്യാസം** | | |
| അച്ഛൻ | എസ്.എസ്.എൽ.സി. | 111 | 63 |
| | ഹയർ സെക്കണ്ടറി/പ്രീഡിഗ്രി | 42 | 24 |
| | ബിരുദം | 17 | 10 |
| | ബിരുദാനന്തര ബിരുദം | 4 | 2 |
| | പ്രൊഫഷണൽ | 1 | 1 |
| അമ്മ | എസ്.എസ്.എൽ.സി. | 98 | 56 |
| | ഹയർ സെക്കണ്ടറി/പ്രീഡിഗ്രി | 41 | 23 |
| | ബിരുദം | 28 | 16 |
| | ബിരുദാനന്തര ബിരുദം | 4 | 2 |
| | പ്രൊഫഷണൽ | 5 | 3 |
| സഹോദരൻ | എസ്.എസ്.എൽ.സി. | 9 | 30 |
| | ഹയർ സെക്കണ്ടറി/പ്രീഡിഗ്രി | 9 | 30 |

| | | | |
|---|---|---|---|
| | ബിരുദം | 6 | 20 |
| | ബിരുദാനന്തര ബിരുദം | 2 | 7 |
| | പ്രൊഫഷണൽ | 4 | 13 |
| സഹോദരി | എസ്.എസ്.എൽ.സി. | 6 | 15 |
| | ഹയർ സെക്കണ്ടറി/പ്രീഡിഗ്രി | 21 | 54 |
| | ബിരുദം | 9 | 23 |
| | ബിരുദാനന്തര ബിരുദം | 1 | 3 |
| | പ്രൊഫഷണൽ | 2 | 5 |
| മറ്റുള്ളവർ | എസ്.എസ്.എൽ.സി. | 98 | 56 |
| | ഹയർ സെക്കണ്ടറി/പ്രീഡിഗ്രി | 4 | |
| | ബിരുദം | | |
| | ബിരുദാനന്തര ബിരുദം | | |
| | പ്രൊഫഷണൽ | | |
| | **സാമൂഹിക വിഭാഗം** | | |
| പൊതുവിഭാഗം | | 56 | 30 |
| എസ്സി/എസ്റ്റി | | 18 | 10 |
| ഒബിസി | | 112 | 60 |
| | **ആകെ എണ്ണം** | **186** | **100** |

**വിദ്യാലയ വിഭാഗം (ഗവൺമെന്റ്/എയ്ഡഡ്)**

എൻ.എംഎംഎസ്. പരീക്ഷ സംബന്ധിച്ച സർവ്വേയിൽ പങ്കെടുത്ത വിദ്യാർത്ഥികളിൽ, 83 (44%) പേർ ഗവ. വിദ്യാലയങ്ങളിലും, 107 (56%) പേർ എയ്ഡഡ് വിദ്യാലയങ്ങളിലും പഠിക്കുന്നവരാണ്.

**കുടുംബ വാർഷികവരുമാനം**

സർവ്വേയിൽ പങ്കെടുത്ത എൻ.എം.എം.എസ്. പരീക്ഷ എഴുതിയ വിദ്യാർത്ഥികളുടെ കുടുംബ വാർഷിക വരുമാനം വിശകലനം ചെയ്തപ്പോൾ മൂവായിരം (3000) രൂപയ്ക്ക് താഴെ വരുമാനം ഉള്ളവർ 49% പേരാണെന്ന് മനസ്സിലാക്കാൻ സാധിച്ചു. മൂവായിരത്തൊന്നിനും പതിനായിരത്തിനും ഇടയിൽ വരുമാനമുള്ളവർ 34% ആണ്. പതിനായിരത്തൊന്നിനും ഇരുപതിനായിരത്തിനും ഇടയിൽ വരുമാനമുള്ളവർ 14% ആണ്. ഇരുപത്തിയ്യായിരത്തൊന്നിനും അമ്പതിനായിരത്തിനും ഇടയിൽ കുടുംബവരുമാനം ഉള്ളവർ 3% വും, അമ്പതിനായിരത്തൊന്നിനു മുകളിൽ വരുമാനമുള്ളവർ കേവലം 1% മാത്രവുമാണെന്ന് പഠനത്തിൽ നിന്നും മനസ്സിലായി.

**രക്ഷിതാക്കളുടെ തൊഴിൽ**

സർവ്വേയിൽ പങ്കെടുത്ത വിദ്യാർത്ഥികളുടെ രക്ഷിതാക്കളുടെ തൊഴിൽ വിശകലനം ചെയ്തപ്പോൾ, 92 (50%) കുട്ടികളുടെ അച്ഛന്മാരുടെയും 19 (10%), കുട്ടികളുടെ അമ്മമാരുടെയും തൊഴിൽ കൂലിപ്പണിയാണെന്ന് മനസ്സിലാക്കാൻ സാധിച്ചു. എന്നാൽ മറ്റു തൊഴിലിൽ ഏർപ്പെട്ട അച്ഛന്മാർ 82 (45%) ഉം അമ്മമാർ 19 (10%) ഉം ആണ്. ജോലിയില്ലാത്ത അച്ഛന്മാരുടെ എണ്ണം 9 (5%) ആകുമ്പോൾ ഗൃഹജോലി ചെയ്യുന്ന അമ്മമാരുടെ എണ്ണം 150 (80%) ആകുന്നു.

**കുടുംബാംഗങ്ങളുടെ വിദ്യാഭ്യാസം**

സർവ്വേയിൽ പങ്കെടുത്ത വിദ്യാർത്ഥികളുടെ വിദ്യാഭ്യാസയോഗ്യതയുള്ള അച്ഛന്മാർ 111 (63%) ആകുമ്പോൾ, അതേ യോഗ്യതയുള്ള അമ്മമാർ 42 (24%) ആണ്. ബിരുദധാരികളായ അച്ഛന്മാർ 17 (10%) ആകുമ്പോൾ ബിരുദധാരികളായ അമ്മമാർ 4 (2%) ആണ്. ബിരുദാനന്തര ബിരുദധാരികളായ അച്ഛന്മാർ 4 (2%) പേരാണ്. പ്രൊഫഷണൽ വിദ്യാഭ്യാസ യോഗ്യതയുള്ള അച്ഛന്മാർ 1 (1%) ആകുമ്പോൾ, ഇതേ യോഗ്യതയുള്ള അമ്മമാർ 5 (3%) ആകുന്നു. സഹോദരങ്ങളുടെ വിദ്യാഭ്യാസ യോഗ്യത സംബന്ധിച്ച് വിലയിരുത്തിയപ്പോൾ എസ്എസ്എൽസി യോഗ്യതയുള്ള സഹോദരന്മാർ 9 (30%) ഉം സഹോദരിമാർ 6 (15%) ഉം ആണ്. ഹയർസെക്കണ്ടറി യോഗ്യതയുള്ള സഹോദരന്മാർ 9 (30%) ഉം സഹോദരിമാർ 21 (54%) ഉം ആണ്. ബിരുദധാരികളായ സഹോദരന്മാർ 6 (20%) വും, സഹോദരിമാർ 9 (23%) വുമാണ്.

ബിരുദാനന്തര ബിരുദ യോഗ്യതയുള്ള സഹോദരന്മാർ 13 (7%) ഉം, സഹോദരിമാർ 5 (3%) ഉം ആണ്. പ്രൊഫഷണൽ യോഗ്യതയുള്ള സഹോദരങ്ങൾ – സഹോദരൻ 25 (13%) വും സഹോദരിമാർ 10 (5%) ഉം ആണ്. കുടുംബത്തിലെ മറ്റംഗങ്ങളുടെ യോഗ്യത സംബന്ധിച്ച വിലയിരുത്തലിൽ ആകെ എസ്എസ്എൽസി യോഗ്യതയുള്ള 4 അംഗങ്ങളുടെ രേഖപ്പെടുത്തലുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്.

**കുട്ടികളുൾപ്പെടുന്ന സാമൂഹ്യവിഭാഗം**

സർവ്വേയിൽ പങ്കെടുത്ത കുട്ടികൾ ഉൾപ്പെടുന്ന സാമൂഹ്യവിഭാഗം വിശകലനം ചെയ്തപ്പോൾ 56 (30%) കുട്ടികൾ പൊതുവിഭാഗത്തിൽപ്പെടുന്നവരാണ്. 18 (10%) കുട്ടികൾ എസ്സി/എസ്ടി വിഭാഗത്തിലും 112 (60%) കുട്ടികൾ ഒബിസി വിഭാഗത്തിലും ഉൾപ്പെട്ടവരാണെന്ന് പഠനത്തിൽ കണ്ടെത്തി.

**3. പരീക്ഷയ്ക്ക് കുട്ടികളെ സജ്ജരാക്കുന്നതിനുള്ള സംവിധാനങ്ങൾ വിലയിരുത്തുന്നതിന്**

**പട്ടിക 3.39**

**പരീക്ഷയെക്കുറിച്ചുള്ള വിവരങ്ങൾ ലഭിച്ച സ്രോതസ്സ്**

| സ്രോതസ്സ് | കണ്ണൂർ | പാലക്കാട് | ഇടുക്കി | കൊല്ലം | ആകെ | ശതമാനം |
|---|---|---|---|---|---|---|
| വിദ്യാലയം | 50 | 48 | 50 | 31 | 179 | 94 |
| രക്ഷിതാവ് | 1 | 0 | 1 | - | 2 | 1 |
| ഇന്റർനെറ്റ് | 1 | - | 1 | 2 | 4 | 2 |
| പത്രം | 9 | 4 | 2 | 7 | 22 | 12 |
| സുഹൃത്ത് | 2 | 1 | - | - | 3 | 2 |

പട്ടിക 3.39 ൽ നിന്നും എൻ.എം.എം.എസ്.ഇ പരീക്ഷയെക്കുറിച്ചുള്ള വിവരങ്ങൾ ബഹുഭൂരിപക്ഷം കുട്ടികൾക്കും (94%) വിദ്യാലയത്തിൽ നിന്നാണ് ലഭിച്ചതെന്ന് മനസ്സിലാക്കാം. പത്രം വഴി 12% നവും ഇന്റർനെറ്റ് വഴിയും സുഹൃത്തുക്കൾ വഴിയും 2% പേർക്കുമാണ് അറിവ് ലഭിച്ചിട്ടുള്ളത്. രക്ഷിതാവിൽ നിന്ന് കേവലം 1% കുട്ടികൾക്ക് മാത്രമാണ് അറിവ് ലഭിച്ചിട്ടുള്ളത്.

പട്ടിക 3.40

**പ്രാഥമിക പരീക്ഷയ്ക്കു വേണ്ടിയുള്ള പരിശീലനത്തിന്റെ ലഭ്യത**

| പ്രതികരണം | കണ്ണൂർ | പാലക്കാട് | ഇടുക്കി | കൊല്ലം | ആകെ | ശതമാനം |
|---|---|---|---|---|---|---|
| ലഭിച്ചിരുന്നു | 29 | 36 | 33 | 19 | 117 | 62 |
| ലഭിച്ചിരുന്നില്ല | 21 | 12 | 18 | 21 | 72 | 38 |

പ്രാഥമിക പരീക്ഷയെഴുന്നതിനുള്ള പരിശീലനം 62% പേർക്ക് ലഭ്യമായെന്നും, എന്നാൽ 38% കുട്ടികൾ പ്രാഥമിക പരിശീലനം ലഭിക്കാതെയാണ് പരീക്ഷയെഴുതിയത് എന്നും പട്ടിക 3.40 വ്യക്തമാക്കുന്നു.

പട്ടിക 3.41

**പരിശീലനം ലഭിച്ച സ്രോതസ്സ്**

| സ്രോതസ്സ് | കണ്ണൂർ | പാലക്കാട് | ഇടുക്കി | കൊല്ലം | ആകെ | ശതമാനം |
|---|---|---|---|---|---|---|
| രക്ഷിതാവ് | 3 | 8 | 7 | 8 | 26 | 14 |
| വിദ്യാലയം | 25 | 35 | 33 | 15 | 108 | 57 |
| മറ്റുള്ളവ | 1 | 1 | 1 | - | 3 | 2 |

പട്ടിക 3.41 പ്രകാരം കുട്ടികൾക്ക് ഏറ്റവുമധികം പരിശീലനം ലഭിച്ചത് (57%) അവർ പഠിക്കുന്ന വിദ്യാലയത്തിൽ നിന്നാണ്. രക്ഷിതാക്കൾ വഴി പരിശീലനം ലഭിച്ചവർ കേവലം 14% വും മറ്റ് സ്രോതസ്സുകളെ ആശ്രയിച്ചവർ 2% വുമാണ്.

പട്ടിക 3.42

**പരീക്ഷയിൽ കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകേണ്ടതിന്റെ ആവശ്യകത**

| ജില്ല | പങ്കെടുത്തവർ | ജോദിക്കുന്നു | | ഏറെക്കുറെ യോജിക്കുന്നു | | യോജിക്കുന്നു | |
|---|---|---|---|---|---|---|---|
| | | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം |
| കണ്ണൂർ | 25 | 21 | 84 | 3 | 12 | 1 | 4 |
| പാലക്കാട് | 25 | 21 | 84 | 4 | 16 | - | - |
| ഇടുക്കി | 20 | 20 | 100 | - | - | - | - |
| കൊല്ലം | 12 | 11 | 91.6 | 1 | 8.3 | - | - |
| ആകെ | 82 | 73 | 89 | 8 | 10 | 1 | 4 |

പരീക്ഷയ്ക്ക് പ്രത്യേക പരിശീലനം നൽകണമെന്ന അഭിപ്രായത്തോട് ബഹുഭൂരിപക്ഷം (89%) അധ്യാപകരും യോജിച്ചപ്പോൾ 10% പേർ ഏറെക്കുറെ യോജിക്കുകയും 4% പേർ അഭിപ്രായത്തോട് വിയോജിക്കുകയും ചെയ്തു.

എൻ.എംഎംഎസ്. പരീക്ഷയ്ക്ക് കുട്ടികൾക്ക് പ്രത്യേക പരിശീലനം ആവശ്യമാണെന്ന് പഠനം വ്യക്തമാക്കുന്നു.

പട്ടിക 3.43

വിദ്യാലയങ്ങളിൽ നിന്നും ലഭിക്കുന്ന പിന്തുണ തൃപ്തികരമാണോ എന്നത് സംബന്ധിച്ച്

| ജില്ല | പങ്കെടുത്തവർ | ജോദിക്കുന്നു | | ഏറെക്കുറെ യോജിക്കുന്നു | | യോജിക്കുന്നു | |
|---|---|---|---|---|---|---|---|
| | | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം |
| കണ്ണൂർ | 25 | 12 | 48 | 8 | 32 | 5 | 20 |
| പാലക്കാട് | 25 | 15 | 60 | 9 | 36 | 1 | 4 |
| ഇടുക്കി | 20 | 20 | 100 | - | - | - | - |
| കൊല്ലം | 12 | 7 | 58 | 5 | 42 | - | - |
| **ആകെ** | **82** | **54** | **66** | **22** | **27** | **6** | **7** |

പരീക്ഷയിൽ വിദ്യാലയതല പിന്തുണ തൃപ്തികരമാണെന്ന അഭിപ്രായമാണ് 66% അധ്യാപകർക്കും. എന്നാൽ 27% പേർ പ്രസ്താവനയോട് ഏറെകുറെ യോജിച്ചപ്പോൾ 7% അധ്യാപകർ ഈ പ്രസ്താവനയോട് തീരെ യോജിച്ചില്ല.

പട്ടിക 3.44

വിദ്യാലയങ്ങളിൽ നിന്നും ലഭിക്കുന്ന പിന്തുണാ സംവിധാനങ്ങൾ

| പ്രതികരണം | കണ്ണൂർ | | പാലക്കാട് | | ഇടുക്കി | | കൊല്ലം | | ആകെ | |
|---|---|---|---|---|---|---|---|---|---|---|
| | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം |
| പ്രത്യേക പരിശീലനം | 22 | 88 | 24 | 96 | - | - | 12 | 100 | 58 | 71 |
| പ്രത്യേക കൈപ്പുസ്തകം | 10 | 40 | 17 | 68 | - | - | 6 | 50 | 33 | 40 |
| മാതൃകാ പരീക്ഷ | 10 | 40 | 11 | 44 | - | - | 11 | 91.6 | 32 | 39 |
| വിദഗ്ധരുടെ ക്ലാസ്സ് | 1 | 4 | - | - | 2 | 10 | - | - | 3 | 3 |
| മുൻചോദ്യപേപ്പർ പരിശീലനം | 2 | 8 | - | - | - | - | 2 | 17 | 4 | 5 |
| ഒ.എം.ആർ. പരിളീലനം | 1 | 4 | - | - | - | - | - | - | 1 | 1 |

വിദ്യാലയത്തിൽ നിന്ന് നൽകുന്ന പിന്തുണ എന്ന പ്രസ്താവനയിൽ നിരവധി പിന്തുണകൾ നൽകുന്ന വിദ്യാലയങ്ങളുണ്ട് എന്ന് മനസ്സിലാക്കുന്നു. 71% അധ്യാപകരും പ്രത്യേക പരിശിലീനം നൽകുന്നുവെന്നും 40% പേർ പ്രത്യേക കൈപുസ്തകം നൽകുന്നുവെന്നും, 39% പേർ മാതൃകാ ചോദ്യപേപ്പർ പരിശീലനം നൽകുന്നുവെന്നും രേഖപ്പെടുത്തി. വിദഗ്ദ്ധരുടെ ക്ലാസുകൾ 3% പേർക്കും മുൻ ചോദ്യപേപ്പർ പരിശീലനം 5% പേർക്കും ഒ.എം.ആർ. പരിശീലനം 1% കുട്ടിക്കും ലഭിച്ചു.

പട്ടിക 3.45

കുട്ടികൾക്ക് കൂടുതലായി കിട്ടണമെന്ന് കരുതുന്ന പിന്തുണ

| പ്രതികരണം | കണ്ണൂർ | | പാലക്കാട് | | ഇടുക്കി | | കൊല്ലം | | ആകെ | |
|---|---|---|---|---|---|---|---|---|---|---|
| | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം |
| പാഠപുസ്തക അധിക പ്രവർത്തനങ്ങൾ | 16 | 64 | 23 | 92 | 3 | 15 | 12 | 100 | 54 | 66 |
| പ്രത്യേക പരിശീലനം | 7 | 28 | 9 | 36 | 1 | 5 | - | - | 17 | 21 |
| കൈപ്പുസ്തകം | 10 | 40 | 11 | 44 | 2 | 10 | 10 | 83 | 33 | 40 |
| മാതൃകാപരീക്ഷ | 7 | 28 | 11 | 44 | - | - | - | - | 18 | 22 |
| അധിക ക്ലാസ്സുകൾ | 1 | 4 | 4 | 10 | 1 | 5 | - | - | 10 | 12 |
| ഒ.എം.ആർ.പരിശീലനം | 1 | 4 | 4 | 16 | - | - | 2 | 16.6 | 7 | 9 |

കൂടുതലായി കിട്ടണമെന്നു കരുതുന്ന പിന്തുണകൾ എന്ന പ്രസ്താവനയോട് പ്രതികരിച്ച 66% അധ്യാപകർ പാഠപുസ്തകവുമായി ബന്ധപ്പെട്ട അധികപ്രവർത്തനങ്ങളും 21% പേർ പ്രത്യേക പരിശീലനവും 40% പേർ കൈപുസ്തകവും 22% പേർ മാതൃകാ പരീക്ഷയും വേണമെന്ന് അഭിപ്രായപ്പെട്ടു. 12% പേർക്ക് അധിക ക്ലാസുകളും 9% പേർ ഒ.എം.ആർ. പരിശീലനവും വേണമെന്ന് ആവശ്യപ്പെടുകയുണ്ടായി.

പട്ടിക 3.46

ഡിപ്പാർട്ട്മെന്റിൽ നിന്നും പ്രതീക്ഷിക്കുന്ന അധിക പിന്തുണ

| പ്രതികരണം | കണ്ണൂർ | | പാലക്കാട് | | ഇടുക്കി | | കൊല്ലം | | ആകെ | |
|---|---|---|---|---|---|---|---|---|---|---|
| | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം |
| മാതൃകാ പരീക്ഷ, കൈപുസ്തകം ലഭ്യമാക്കൽ | 2 | 8 | 5 | 20 | 3 | 15 | - | - | 10 | 12 |
| ഓൺലൈൻ മോഡൽ പരീക്ഷാ വർക്ക്ഷീറ്റ് | 2 | 8 | - | - | - | - | 2 | 17 | 4 | 4 |
| അധ്യാപക പരിശീലനത്തിൽ ഊന്നൽ | 19 | 76 | 23 | 92 | - | - | 10 | 83 | 52 | 63 |
| ഡയറ്റ്/എസ്.എസ്.എ./ ബി.ആർ.സി. നേതൃത്വത്തിലുള്ള പരിശീലനം | - | - | 9 | 36 | - | - | - | - | 9 | 11 |
| വിദ്യാലയങ്ങൾക്ക് അനുമോദനം | - | - | 1 | 4 | - | - | - | - | 1 | 1 |
| വിദഗ്ധരുടെ ക്ലാസ് | - | - | - | - | - | - | 3 | 25 | 3 | 4 |

ഡിപ്പാർട്ട്മെന്റിൽ നിന്ന് നിങ്ങൾ പ്രതീക്ഷിക്കുന്ന അധിക പിന്തുണ എന്ന പ്രസ്താവനയോട് പ്രതികരിച്ചവരിൽ 63% പേർ അധ്യാപക പരിശീലനത്തിൽ ഊന്നൽ നൽകണമെന്നും, 12% പേർ മാതൃകാപരീക്ഷയും കൈപുസ്തകവും ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടു. ഡയറ്റ്/എസ്.എസ്.എ./ ബി.ആർ.സി. എന്നിവയുടെ നേതൃത്വത്തിലുള്ള പരിശീലനം 11% പേരും, ഓൺലൈൻ മോഡൽപരീക്ഷാ വർക്ക്ഷീറ്റ്, വിദഗ്ധരുടെ ക്ലാസ്സുകൾ എന്നിവ വേണമെന്ന് 4% പേരും ആവശ്യപ്പെട്ടു.

ഭൂരിപക്ഷം രക്ഷിതാക്കളും സഹായകഗ്രന്ഥങ്ങൾ കുട്ടികൾക്ക് വാങ്ങി നൽകിയിട്ടുണ്ട്. മുൻ വർഷങ്ങളിലെ മാതൃക ചോദ്യപേപ്പറുകൾ ശേഖരിച്ച് നൽകിയ രക്ഷിതാക്കളും ഉണ്ട്. എന്നാൽ, പ്രത്യേക പരിശീലനത്തിന് കുട്ടികളെ അയയ്ക്കാനുള്ള സാഹചര്യവും അത്തരം പരിശീലന കേന്ദ്രങ്ങൾ കുറവാണെന്നും മിക്ക രക്ഷിതാക്കളുമായുള്ള ചർച്ചയിലൂടെ മനസ്സിലായി.

അവധിദിനങ്ങളിൽ ചില വിദ്യാലയങ്ങളിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകിയിട്ടുണ്ട്. എന്നാൽ ഭൂരിഭാഗം രക്ഷിതാക്കളും അഭിപ്രായപ്പെട്ടത് വിദ്യാലയം യാതൊരുതരത്തിലുള്ള പരിശീലനവും നൽകിയിട്ടില്ല എന്നാണ്. പരിശീലനം സംഘടിപ്പിച്ച ചില വിദ്യാലയങ്ങൾ ചോദ്യ പേപ്പർ, ഒഎംആർ ഷീറ്റ് തുടങ്ങിയവ പരിചയപ്പെടുത്തിക്കൊടുത്തിട്ടുണ്ടെന്ന് രക്ഷിതാക്കൾ അഭിപ്രായപ്പെട്ടു.

**4. സ്കോളർഷിപ്പ് പരീക്ഷയിലെ ചോദ്യപേപ്പർ വിദ്യാർത്ഥി സൗഹൃദപരമാണോ എന്ന് കണ്ടെത്തുന്നതിന്**

**പട്ടിക 3.47**

**പരീക്ഷയെഴുതുന്ന സമയത്ത് അനുഭവപ്പെട്ട മാനസികസമ്മർദ്ദം**

| പ്രതികരണങ്ങൾ | കണ്ണൂർ | പാലക്കാട് | ഇടുക്കി | കൊല്ലം | ആകെ | ശതമാനം |
|---|---|---|---|---|---|---|
| ഉണ്ട് | 11 | 17 | 6 | 25 | 59 | 31 |
| ഇല്ല | 39 | 36 | 44 | 15 | 131 | 69 |

പട്ടിക 3.47 കുട്ടികളുടെ പരീക്ഷാ സമയത്തെ മാനസിക സമ്മർദ്ദത്തെയാണ് വിശകലനം ചെയ്തത്. 69% കുട്ടികൾക്കും പരീക്ഷയെഴുതുന്ന സമയത്ത് യാതൊരുവിധ മാനസിക സമ്മർദ്ദവും അനുഭവപ്പെടുന്നില്ലെന്ന് കണ്ടെത്തിയപ്പോൾ 31% കുട്ടികൾക്ക് പരീക്ഷാ സമയത്ത് മാനസിക സമ്മർദ്ദം അനുഭവപ്പെടുണ്ടെന്ന് പഠനം വ്യക്തമാക്കുന്നു.

**പട്ടിക 3.48**

**ചോദ്യങ്ങൾ സ്വയം വായിച്ച് മനസ്സിലാക്കൽ**

| പ്രതികരണങ്ങൾ | കണ്ണൂർ | പാലക്കാട് | ഇടുക്കി | കൊല്ലം | ആകെ | ശതമാനം |
|---|---|---|---|---|---|---|
| പൂർണ്ണമായും സാധിച്ചു | 31 | 26 | 49 | 29 | 135 | 71 |
| ഭാഗീകമായി സാധിച്ചു | 19 | 23 | 8 | 10 | 60 | 32 |
| സാധിച്ചിരുന്നില്ല | 0 | 1 | 1 | 1 | 3 | 2 |

ചോദ്യങ്ങൾ വായിച്ച് പൂർണ്ണമായും ഗ്രഹിക്കാൻ സാധിച്ച കുട്ടികൾ 71% ആണ്. എന്നാൽ 32% കുട്ടികൾക്ക് ഭാഗികമായി മാത്രമേ ചോദ്യങ്ങൾ ഗ്രഹിക്കാൻ കഴിഞ്ഞുള്ളൂ. തീർത്തും ഗ്രഹിക്കാൻ കഴിയാതിരുന്നവർ 2% പേരാണ്.

**പരീക്ഷയിൽ ഏറ്റവും പ്രയാസമേറിയ മേഖലയും അതിന്റെ കാരണങ്ങളും**

എൻ.എം.എം.എസ്. പരീക്ഷയിൽ ഏറ്റവും പ്രയാസമേറിയ മേഖല ഗണിതം (55%) SAT (39%), MAT (13%) എന്നിവയാണെന്ന് കുട്ടികളുടെ പ്രതികരണത്തിൽ നിന്ന് വ്യക്തമാകുന്നു. ഇതിന്റെ കാരണങ്ങളായി ചൂണ്ടിക്കാണിക്കപ്പെട്ടവ ചുവടെ ചേർക്കുന്നു

- പരീക്ഷയ്ക്ക് അനുവദിക്കപ്പെട്ട സമയം തികയുന്നില്ല
- ചോദ്യങ്ങളെല്ലാം സ്വയം വായിച്ചു മനസ്സിലാക്കാൻ കഴിയുന്നില്ല
- പാഠഭാഗവുമായി ബന്ധമുള്ള ചോദ്യങ്ങൾക്ക് പ്രായോഗികതലത്തിൽ ഉത്തരമെഴുതാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു

എൻ.എം.എം.എസ്. പരീക്ഷ കുട്ടികൾക്ക് ആസ്വാദ്യകരവും പ്രയോജനപ്രദവുമാണ്. മാത്രമല്ല, തുടർന്നുള്ള മത്സരപരീക്ഷകളിൽ പങ്കെടുക്കുന്നതിനും പഠനത്തിനും സഹായകമാകുന്നു. എന്നാൽ, പരീക്ഷ പാസാകുന്നതിനുള്ള നിലവാരത്തിലേക്കു ഉയരാൻ സാധിക്കാത്തതിലുള്ള വിഷമവും രക്ഷിതാക്കൾ പങ്കുവച്ചു.

**ചോദ്യപേപ്പർ വിശകലനം - വർഷം തിരിച്ച്**

എൻ.എം.എം.എസ്. ചോദ്യപേപ്പർ വിശകലനത്തിനായി 2016, 2017, 2018 എന്നീ വർഷങ്ങളിലെ ചോദ്യപേപ്പറുകളാണ് തിരഞ്ഞെടുത്തത്. ഒരു മാർക്കിന്റെ 90 ചോദ്യങ്ങളാണ്. SAT വിഭാഗത്തിലും MAT വിഭാഗത്തിലുമായി (ആകെ 180 മാർക്കിന്) നൽകുന്നത്. ഉയർന്ന ചിന്താശേഷി (Higher Order Thinking - HOT) ആവശ്യമുള്ള മേഖലകളായ സർഗ്ഗാത്മകത, വിശകലനാത്മകത, നിഗമനരൂപീകരണം, പ്രശ്നനിർദ്ധാരണം എന്നിവയും, ശരാശരി ചിന്താപ്രക്രിയ ആവശ്യമായ ആശയരൂപീകരണമേഖല, ഓർമ്മപരിശോധനാ മേഖലയിൽ ഉൾപ്പെട്ട ചോദ്യങ്ങൾ എന്നിങ്ങനെ തരംതിരിച്ചാണ് ചോദ്യവിശകലനം നടത്തിയത്. വിശകലനം സംബന്ധിച്ച പട്ടിക ചുവടെ നൽകിയിട്ടുണ്ട്.

പട്ടിക 3.49

**ചോദ്യപേപ്പർ വിശകലനം - 2016 (SAT)**

| ചോദ്യങ്ങൾ | മാർക്ക് | സർഗ്ഗാത്മകത | | വിശകനം | | നിഗമന രൂപീകരണം | | പ്രശ്ന നിർദ്ധാരണം | | ആശയ രൂപീകരണം | | ഓർമ്മ പരിശോധന | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ചോദ്യം | ശതമാനം | ചോദ്യം | ശതമാനം | ചോദ്യം | ശതമാനം | ചോദ്യം | ശതമാനം | ചോദ്യം | ശതമാനം | ചോദ്യം | ശതമാനം |
| 90 | 90 | - | - | 5 | 6 | - | - | 16 | 18 | 9 | 10 | 59 | 66 |

ബൗദ്ധികശേഷി പരിശോധന ചോദ്യങ്ങളും മാനസികശേഷി പരിശോധനാ ചോദ്യങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു. ബൗദ്ധികശേഷി പരിശോധനാ ചോദ്യങ്ങളിൽ സർഗ്ഗാത്മക ചോദ്യങ്ങളില്ലായിരുന്നു. വിശകലന ചോദ്യങ്ങൾ 6%, പ്രശ്നനിർദ്ധാരണചോദ്യങ്ങൾ 18% എന്നിങ്ങനെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ആശയ രൂപീകരണ ചോദ്യങ്ങൾ 10% ഉം ഓർമ്മ പരിശോധനാ ചോദ്യങ്ങൾ 66% ഉം ഉൾപ്പെടുത്തിയിരിക്കുന്നു.

പട്ടിക 3.50

**ചോദ്യപേപ്പർ വിശകലനം - 2016 (MAT)**

| ചോദ്യങ്ങൾ | മാർക്ക് | സർഗ്ഗാത്മകത | | വിശകനം | | നിഗമന രൂപീകരണം | | പ്രശ്ന നിർദ്ധാരണം | | ആശയ രൂപീകരണം | | ഓർമ്മ പരിശോധന | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ചോദ്യം | ശതമാനം | ചോദ്യം | ശതമാനം | ചോദ്യം | ശതമാനം | ചോദ്യം | ശതമാനം | ചോദ്യം | ശതമാനം | ചോദ്യം | ശതമാനം |
| 90 | 90 | 3 | 3 | 37 | 41 | 8 | 9 | 38 | 42 | 4 | 5 | - | - |

ഒരു മാർക്ക് വീതമുള്ള 90 ചോദ്യങ്ങളാണ് MAT വിഭാഗത്തിൽ നൽകുന്നത്. സർഗാത്മക ചോദ്യങ്ങൾ 3%, വിശകലന ചോദ്യങ്ങൾ 41%, നിഗമനരൂപീകരണ ചോദ്യങ്ങൾ 9%, പ്രശ്ന നിർദ്ധാരണ ചോദ്യങ്ങൾ 42% എന്നിങ്ങനെയുള്ള ഉയർന്ന ചിന്താശേഷി ചോദ്യങ്ങളും, ചിന്താ പ്രക്രിയ ആവശ്യമായ ആശയരൂപീകരണ ചോദ്യങ്ങൾ 5% വും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഓർമ്മ പരിശോധനാചോദ്യങ്ങൾ ഒന്നുംത്തന്നെയുണ്ടായിരുന്നില്ല.

പട്ടിക 3.51

ചോദ്യപേപ്പർ വിശകലനം – 2017 (SAT)

| ചോദ്യങ്ങൾ | മാർക്ക് | സർഗ്ഗാത്മകത | | വിശകനം | | നിഗമന രൂപീ കരണം | | പ്രശ്ന നിർദ്ധാ രണം | | ആശയ രൂപീ കരണം | | ഓർമ്മ പരി ശോധന | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ചോദ്യം | ശതമാനം | ചോദ്യം | ശതമാനം | ചോദ്യം | ശതമാനം | ചോദ്യം | ശതമാനം | ചോദ്യം | ശതമാനം | ചോദ്യം | ശതമാനം |
| 90 | 90 | - | - | 6 | 6 | - | - | 26 | 29 | 14 | 16 | 44 | 49 |

ഉയർന്ന ചിന്താശേഷി ആവശ്യമായ മേഖലകളിൽ വിശകലനാത്മക ചോദ്യങ്ങൾ 6% പ്രശ്നനിർദ്ധാരണ ചോദ്യങ്ങൾ 29% വും ഉൾപ്പെടുത്തിയിരിക്കുന്നു. 35% ചോദ്യങ്ങൾ ഉയർന്ന ചിന്താശേഷി വിഭാഗത്തിൽ ഉൾപ്പെടുമ്പോൾ സർഗ്ഗാത്മക ചോദ്യങ്ങൾ ഇല്ലെന്നുള്ളത് ശ്രദ്ധേയമാണ്. ശരാശരി ചിന്താശേഷി ആവശ്യമായ ചോദ്യങ്ങളിൽ ആശയ രൂപീകരണ ചോദ്യങ്ങൾ 16% വും ഓർമ്മ പരിശോധനാ ചോദ്യങ്ങൾ 49% വും ഉൾപ്പെടുത്തിയിട്ടുണ്ട്.

പട്ടിക 3.52

ചോദ്യപേപ്പർ വിശകലനം – 2017 (MAT)

| ചോദ്യങ്ങൾ | മാർക്ക് | സർഗ്ഗാത്മകത | | വിശകനം | | നിഗമന രൂപീ കരണം | | പ്രശ്ന നിർദ്ധാ രണം | | ആശയ രൂപീ കരണം | | ഓർമ്മ പരി ശോധന | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ചോദ്യം | ശതമാനം | ചോദ്യം | ശതമാനം | ചോദ്യം | ശതമാനം | ചോദ്യം | ശതമാനം | ചോദ്യം | ശതമാനം | ചോദ്യം | ശതമാനം |
| 90 | 90 | 6 | 6 | 52 | 58 | - | - | 13 | 14 | 19 | 21 | 61 | 68 |

എൻ.എം.എം.എസ്. പരീക്ഷയുടെ 2017 ലെ ചോദ്യപേപ്പർ വിശകലനത്തിൽ സർഗാത്മക ചോദ്യങ്ങൾ 6% വും വിശകലനാത്മക ചോദ്യങ്ങൾ 58% വും, പ്രശ്നനിർദ്ധാരണ ചോദ്യങ്ങൾ 14% വും ഉയർന്ന ചിന്താശേഷി ആവശ്യമായ ചോദ്യവിഭാഗങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ശരാശരി ചിന്താശേഷി ആവശ്യമായ ചോദ്യങ്ങളിൽ ആശയരൂപീകരണ മേഖലയിൽ 21% വും, ഓർമ പരിശോധന ചോദ്യങ്ങൾ 68% വും ഉൾപ്പെടുത്തിയിട്ടുണ്ട്.

പട്ടിക 3.53

**ചോദ്യപേപ്പർ വിശകലനം – 2018 (SAT)**

| ചോദ്യങ്ങൾ | മാർക്ക് | സർഗ്ഗാത്മകത | | വിശകനം | | നിഗമന രൂപീകരണം | | പ്രശ്ന നിർദ്ധാരണം | | ആശയ രൂപീകരണം | | ഓർമ്മ പരിശോധന | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ചോദ്യം | ശതമാനം | ചോദ്യം | ശതമാനം | ചോദ്യം | ശതമാനം | ചോദ്യം | ശതമാനം | ചോദ്യം | ശതമാനം | ചോദ്യം | ശതമാനം |
| 90 | 90 | - | - | 10 | 11 | - | - | 26 | 28 | 3 | 3 | 52 | 58 |

ഉയർന്ന ചിന്താശേഷി ആവശ്യമായ ചോദ്യങ്ങളിൽ സർഗ്ഗാത്മക ചോദ്യങ്ങളില്ല. വിശകലനാത്മക ചോദ്യങ്ങൾ 11% വും പ്രശ്നനിർദ്ധാരണ ചോദ്യങ്ങൾ 28% വുമാണെന്ന് കണ്ടെത്തി. ശരാശരി ചിന്താശേഷി ആവശ്യമായ ചോദ്യങ്ങളിൽ 3% ആശയരൂപീകരണ ചോദ്യങ്ങളും, 58% ഓർമ്മ പരിശോധനാ ചോദ്യങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു.

പട്ടിക 3.54

**ചോദ്യപേപ്പർ വിശകലനം – 2018 (MAT)**

| ചോദ്യങ്ങൾ | മാർക്ക് | സർഗ്ഗാത്മകത | | വിശകനം | | നിഗമന രൂപീകരണം | | പ്രശ്ന നിർദ്ധാരണം | | ആശയ രൂപീകരണം | | ഓർമ്മ പരിശോധന | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ചോദ്യം | ശതമാനം | ചോദ്യം | ശതമാനം | ചോദ്യം | ശതമാനം | ചോദ്യം | ശതമാനം | ചോദ്യം | ശതമാനം | ചോദ്യം | ശതമാനം |
| 90 | 90 | - | - | 49 | 54 | - | - | 24 | 27 | 17 | 19 | - | - |

ഉയർന്ന ചിന്താശേഷി ആവശ്യമായ ചോദ്യങ്ങളിൽ സർഗാത്മക ചോദ്യങ്ങൾ ഒന്നും തന്നെ 2018 ലെ ചോദ്യപേപ്പർ വിശകലനം ചെയ്തപ്പോൾ ഉണ്ടായിരുന്നില്ലെന്ന് പട്ടിക 3.54 ൽ നിന്നും മനസ്സിലാകുന്നു. വിശകലനാത്മക ചോദ്യങ്ങൾ 54% വും, പ്രശ്നനിർദ്ധാരണ ചോദ്യങ്ങൾ 27% വുമുണ്ട്. ശരാശരി ചിന്താശേഷി ആവശ്യമായ ചോദ്യങ്ങളിൽ ആശയരൂപീകരണ ചോദ്യങ്ങൾ 19% വും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ ഓർമ്മപരിശോധനാ ചോദ്യങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

**5. പരീക്ഷയുടെ സംഘാടനം, ഉള്ളടക്കം തിരെഞ്ഞെടുക്കൽ രീതി, തുടർപ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങൾ രൂപപ്പെടുത്തുന്നതിന്**

**എൻ.എം.എം.എസ്. പരീക്ഷ മെച്ചപ്പെടുത്താനുള്ള കുട്ടികളുടെ നിർദ്ദേശങ്ങൾ:**

- പരീക്ഷാസമയം കൂട്ടണം
- ചോദ്യങ്ങൾ പെട്ടെന്ന് വായിച്ച് മനസ്സിലാക്കാൻ പറ്റുന്ന രീതിയിലുള്ളതാവണം
- ഗണിതത്തിലെ ചോദ്യങ്ങൾ ലളിതമാവണം
- SAT ലെ ചോദ്യങ്ങൾ ലളിതമാക്കണം
- ചോദ്യമാതൃകകൾ പരിചയപ്പെടുത്തണം
- പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ ചോദ്യങ്ങൾ ഉൾപ്പെടുത്തണം

- മാതൃകാപരീക്ഷ നടത്തണം
- വർഷാവസാനം പരീക്ഷ നടത്തണം
- കൈപ്പുസ്തകം ലഭ്യമാക്കണം.

**പട്ടിക 3.55**

**സ്കോളർഷിപ്പു ലഭിക്കുന്നതുകൊണ്ട് കുട്ടികൾക്കും വിദ്യാലയത്തിനുമുണ്ടാകുന്ന നേട്ടങ്ങൾ**

| ജില്ല | സാമ്പത്തികസഹായം ലഭിക്കുന്നു | | വിദ്യാലയത്തിന് അംഗീകാരം | | അക്കാദമിക നിലവാരം ഉയരും | | ആത്മവിശ്വാസം | | പഠനമികവിന്റെ അംഗീകാരം | |
|---|---|---|---|---|---|---|---|---|---|---|
| | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം |
| കണ്ണൂർ | 24 | 96 | 18 | 72 | 2 | 8 | 2 | 8 | - | - |
| പാലക്കാട് | 11 | 44 | 1 | 4 | - | | - | | 23 | 92 |
| ഇടുക്കി | 2 | 10 | 10 | 50 | 10 | 50 | 10 | 50 | 10 | 50 |
| കൊല്ലം | - | - | - | - | - | - | - | - | 10 | 83 |
| ആകെ | 37 | 45 | 29 | 35 | 12 | 15 | 12 | 15 | 43 | 52 |

സ്കോളർഷിപ്പ് ലഭിക്കുന്നതുകൊണ്ട് കുട്ടിക്കും വിദ്യാലയത്തിനും ഒട്ടേറെ നേട്ടങ്ങളുണ്ടെന്ന് എല്ലാ അധ്യാപകരും അഭിപ്രായപ്പെട്ടു. അൻപത്തിരണ്ട് ശതമാനംപേർ കുട്ടിയുടെ പഠനമികവിന്റെ അംഗീകാരമാണെന്നു പറഞ്ഞപ്പോൾ 45% പേർ സാമ്പത്തിക സഹായം ലഭിക്കുന്നതായി അഭിപ്രായപ്പെട്ടു. വിദ്യാലയത്തിന് സമൂഹത്തിൽ അംഗീകാരം ലഭിക്കുമെന്ന് 35% പേരും കുട്ടിയുടെ ആത്മവിശ്വാസവും അക്കാദമിക നിലവാരവും ഉയരുമെന്നും 15% അധ്യാപകർ അഭിപ്രായപ്പെട്ടു.

**പട്ടിക 3.56**

**പരീക്ഷ മെച്ചപ്പെട്ട രീതിയിൽ നടക്കാനുള്ള അധ്യാപകരുടെ നിർദേശങ്ങൾ**

| ജില്ല | ഒ.എം.ആർ. ഷീറ്റ് പരിശീലനം | | തദ്ദേശസ്വയം ഭരണ സ്ഥാപന സഹായം | | തുടർപ്രവർത്തനം | | ആനുകാലിക ചോദ്യം | | ജൂൺ മാസത്തിൽ പരിശീലനം തുടങ്ങണം | |
|---|---|---|---|---|---|---|---|---|---|---|
| | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം |
| കണ്ണൂർ | 5+3 | 32 | 4 | 16 | - | - | - | - | - | - |
| പാലക്കാട് | 13 | 52 | - | - | 3 | 12 | 3 | 12 | 1 | 1 |
| ഇടുക്കി | 3+5 | 40 | - | - | 2 | 10 | 8 | 40 | - | - |
| കൊല്ലം | 12 | 100 | - | - | 2 | 17 | - | - | - | - |
| ആകെ | 41 | 50 | 4 | 5 | 7 | 9 | 11 | 13 | 1 | 1 |

പരീക്ഷ മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങളിൽ, 50% അധ്യാപകർ ഒ.എം.ആർ. ഷീറ്റ് പരിശീലനം വേണമെന്നും, 5% പേർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായവും, 9% പേർ തുടർപ്രവർത്തനവും 13% പേർ ആനുകാലിക ചോദ്യങ്ങളും 1% പേർ ജൂൺ മാസത്തിൽ പരിശീലനം വേണമെന്നും ആവശ്യപ്പെടുകയുണ്ടായി.

**എൻ.റ്റി.എസ്.ഇ.**

സെക്കന്ററി തലത്തിലുള്ള വിദ്യാർഥികൾക്കായി നടത്തുന്ന ദേശീയതല പരീക്ഷകളിൽ ഏറ്റവും ശ്രദ്ധേയമായ ഒന്നാണ് നാഷണൽ ടാലന്റ് സർച്ച് എക്സാമിനേഷൻ (എൻ.റ്റി.എസ്.ഇ). രണ്ട് ഘട്ടങ്ങളിലായി നടത്തുന്ന ഈ പരീക്ഷയിൽ കേരളത്തിന്റെ വിജയശതമാനം വളരെ കുറവാണ്. ഇതിനെ ആസ്പതമാക്കി നടത്തിയ അവസ്ഥാപഠനത്തിന്റെ വിശദാംശങ്ങളാണ് ചുവടെ ചേർത്തിരിക്കുന്നത്.

1. **എൻ.റ്റി.എസ്. സ്കോളർഷിപ്പ് പരീക്ഷകളിലെ കുട്ടികളുടെ തിരഞ്ഞെടുപ്പ്, പരീക്ഷാനടത്തിപ്പ്, സ്കോളർഷിപ്പ് വിതരണം എന്നിവയിലെ കാര്യക്ഷമത വിലയിരുത്തുന്നതിന്**

**പട്ടിക 3.57**

**സ്കോളർഷിപ്പ് പരീക്ഷയുടെ വിവരങ്ങൾ ലഭിച്ച സ്രോതസ്സ്**

| സ്രോതസ്സ് | എണ്ണം | ശതമാനം |
|---|---|---|
| വിദ്യാലയം | 16 | 32 |
| രക്ഷിതാവ് | 24 | 48 |
| ഇന്റർനെറ്റ് | 11 | 22 |
| പത്രം | 2 | 4 |
| സുഹൃത്ത് | 11 | 22 |

സ്കോളർഷിപ്പ് പരീക്ഷയെ കുറിച്ചുള്ള വിവരങ്ങൾ അറിഞ്ഞ സ്രോതസ്സിന്റെ വിശദാംശത്തിൽ നിന്നും 48% പേർ രക്ഷിതാവിൽ നിന്നും 32% പേർ വിദ്യാലയത്തിൽ നിന്നും 22% പേർ ഇന്റർനെറ്റ് 22% പേർ സുഹൃത്തിൽ നിന്നും 4% പേർ പത്രത്തിൽ നിന്നുമാണ് പരീക്ഷയെക്കുറിച്ച് അറിഞ്ഞതെന്ന് പഠനം സൂചിപ്പിക്കുന്നു.

**പട്ടിക 3.58**

**പഠനത്തിൽ മികവുള്ള കുട്ടികളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനുള്ള മികച്ച ഇടപെടലാണ്**

| പ്രതികരണം | എണ്ണം | ശതമാനം |
|---|---|---|
| യോജിക്കുന്നു | 75 | 75 |
| ഏറെക്കുറെ യോജിക്കുന്നു | 20 | 20 |
| യോജിക്കുന്നില്ല | 5 | 5 |

പഠനത്തിൽ മികവുള്ള കുട്ടികളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനുള്ള മികച്ച ഇടപെടലാണ് എൻ.റ്റി.എസ്. പരീക്ഷ എന്ന പ്രസ്താവനയോട് 75% അധ്യാപകർ യോജിച്ചപ്പോൾ, 20% പേർ ഏറെക്കുറെ യോജിക്കുകയും 5% യോജിക്കുന്നില്ല എന്നും അഭിപ്രായപ്പെട്ടു.

ഈ പരീക്ഷയെക്കുറിച്ച് വിദ്യാലയത്തിൽ നിന്നല്ല മറിച്ച്, പത്രം, ഇന്റർനെറ്റ്, സുഹൃത്തുക്കൾ എന്നിവ വഴിയാണ് എന്ന് ഭൂരിപക്ഷം രക്ഷിതാക്കളും അഭിപ്രായപ്പെട്ടു.

**പട്ടിക 3.59**

**എസ്.സി.ഇ.ആർ.ടി. നടത്തിയ പ്രാഥമിക പരീക്ഷയുടെ പ്രാധാന്യം**

| പ്രതികരണം | എണ്ണം | ശതമാനം |
|---|---|---|
| പൂർണമായും പ്രയോജനപ്രദമായിരുന്നു | 21 | 42 |
| ഭാഗീകമായി പ്രയോജനപ്രദമായിരുന്നു | 28 | 56 |
| പ്രയോജനപ്രദമായിരുന്നില്ല | 1 | 2 |
| ആകെ | 50 | 100 |

എസ്.സി.ഇ.ആർ.ടി നല്കിയ പ്രാഥമിക പരീക്ഷയുടെ പിന്തുണ വിശദമാക്കിയപ്പോൾ 42% പേർ പൂർണ്ണമായും പ്രയോജനപ്രദമായിരുന്നുവെന്നും 56% പേർ ഭാഗീകമായി പ്രയോജനപ്രദമായി രുന്നുവെന്നും പറഞ്ഞപ്പോൾ, 2% പേർ പ്രയോജനപ്രദമായിരുന്നില്ല എന്ന് അഭിപ്രായം രേഖ പ്പെടുത്തി.

**പട്ടിക 3.60**

**ഡിപ്പാർട്ട്മെന്റിന്റെ ഇടപെടൽ**

| പ്രതികരണം | എണ്ണം | ശതമാനം |
|---|---|---|
| യോജിക്കുന്നു | 75 | 75 |
| ഏറെക്കുറെ യോജിക്കുന്നു | 20 | 20 |
| യോജിക്കുന്നില്ല | 5 | 5 |

പരീക്ഷാ നടപടികളുടെ തുടക്കം മുതൽ ഒടുക്കം വരെ ഡിപ്പാർട്ട്മെന്റ് നല്ല ജാഗ്രതയോടെ ഇട പെടുന്നു എന്ന പ്രസ്താവനയോട് ഭൂരിപക്ഷം അധ്യാപകരും (75%) യോജിച്ചപ്പോൾ, 20% ഏറെ ക്കുറെ യോജിക്കുകയും 5% പേർ യോജിക്കുന്നില്ല എന്നും അഭിപ്രായപ്പെട്ടു.

പരീക്ഷാ കേന്ദ്രത്തിന്റെ മാറ്റം ഒരു തരത്തിലും പരീക്ഷ എഴുതുന്നതിന് പ്രയാസമുണ്ടാക്കിയി ട്ടില്ലെന്ന് ഭൂരിപക്ഷം രക്ഷിതാക്കളും പറഞ്ഞു. ഇൻവിജിലേറ്റർമാരുടെ മാറ്റം, ഒ.എം.ആർ. ഷീറ്റ് രേഖപ്പെടുത്തൽ എന്നിവ ഒരു തരത്തിലും പ്രയാസമുണ്ടാക്കിയിട്ടില്ല എന്ന് ഭൂരിപക്ഷം രക്ഷി താക്കളും അഭിപ്രായപ്പെട്ടു.

**പട്ടിക 3.61**

**എൻ.റ്റി.എസ്. പരീക്ഷയിൽ കേരളത്തിന്റെ വിജയശതമാന നിലവാരം**

| പ്രതികരണം | എണ്ണം | ശതമാനം |
|---|---|---|
| യോജിക്കുന്നു | 21 | 21 |
| ഏറെക്കുറെ യോജിക്കുന്നു | 27 | 27 |
| യോജിക്കുന്നില്ല | 52 | 52 |

എൻ.റ്റി.എസ്. പരീക്ഷയിൽ നിലവിൽ കേരളത്തിന്റെ വിജയശതമാനം തൃപ്തികരമാണെന്ന പ്രസ്താവനയോട് 21% അധ്യാപകർ യോജിച്ചപ്പോൾ, 27% പേർ ഏറെക്കുറെ യോജിക്കുകയും 52% പേർ യോജിക്കുന്നില്ല എന്നും അഭിപ്രായപ്പെട്ടു. എൻ.റ്റിഎസ്സ്. പരീക്ഷയിൽ കേരളത്തിന്റെ പ്രകടനം തൃപ്തികരമല്ലെന്ന് പട്ടികയിൽ രേഖപ്പെടുത്തിയിട്ടുളള അഭിപ്രായത്തിൽ നിന്നും അനുമാനിക്കാം.

2. പരീക്ഷയിലെ കുട്ടികളുടെ പ്രകടനവും അവരുടെ സാമൂഹിക–സാമ്പത്തിക നിലവാരവും വിശകലനം ചെയ്യുന്നതിന്

പട്ടിക 3.62

**പരീക്ഷാവിജയത്തിൽ കുട്ടികളുടെ സാമൂഹ്യ–സാമ്പത്തിക സ്ഥിതിയുടെ സ്വാധീനം**

| പ്രതികരണം | എണ്ണം | ശതമാനം |
|---|---|---|
| യോജിക്കുന്നു | 44 | 44 |
| ഏറെക്കുറെ യോജിക്കുന്നു | 46 | 46 |
| യോജിക്കുന്നില്ല | 10 | 10 |

കുട്ടികളുടെ സാമൂഹിക-സാമ്പത്തിക സ്ഥിതി പരീക്ഷാ വിജയത്തെ സ്വാധീനിക്കുന്നുണ്ട് എന്ന പ്രസ്താവനയോട് 44% അധ്യാപകർ യോജിക്കുന്നുവെന്നും 46% പേർ ഏറെക്കുറെ യോജിക്കുന്നുവെന്നും 10% പേർ യോജിക്കുന്നില്ലെന്നും അഭിപ്രായപ്പെട്ടു.

പട്ടിക 3.63

**വർഷാടിസ്ഥാന പരീക്ഷാഫലം**

| വർഷം | എഴുതിയവർ | വിജയിച്ചവർ | ശതമാനം |
|---|---|---|---|
| 2015 - 16 | 12103 | 23 | 0.19 |
| 2016 - 17 | 13418 | 17 | 0.12 |
| 2017 - 18 | 10912 | 24 | 0.22 |

2016–17 വർഷത്തിൽ അപേക്ഷിച്ചവരുടെ എണ്ണം 2015–16 ൽ അപേക്ഷിച്ചവരെക്കാളും വർദ്ധിച്ചിട്ടുണ്ട്. 2017–18 വർഷം വീണ്ടും കുറഞ്ഞതായി കാണുന്നു.

പാസ്സായവരുടെ എണ്ണത്തിൽ 2015–16 വർഷത്തെക്കാൾ (0.19%) കുറവാണ് 2016–17 ൽ (0.12%) വർഷത്തിൽ. 2017–18 വർഷത്തെ പരീക്ഷാഫലം വിലയിരുത്തിയപ്പോൾ വിജയശതമാനം 0.22% ആണെന്ന് കണ്ടെത്തി.

പട്ടിക 3.64

**സാമൂഹിക വിശകലനം**

| രണ്ടാം ഘട്ട പരീക്ഷ എഴുതിയവർ | സ്കോളർഷിപ്പ് ലഭിച്ചവർ | | വിഭാഗങ്ങൾ | | | | | |
|---|---|---|---|---|---|---|---|---|
| | എണ്ണം | ശതമാനം | ജനറൽ | ശതമാനം | ഒബിസി | ശതമാനം | എസ്സി/ എസ്.ടി | ശതമാനം |
| 111 | 24 | 22 | 21 | 88 | 2 | 8 | 1 | 4 |

പട്ടിക 3.66 ൽ നിന്നും രണ്ടാം ഘട്ടം പരീക്ഷയ്ക്ക് തിരഞ്ഞെടുത്ത 111 കുട്ടികളിൽ 24 (22%) പേർ സ്കോളർഷിപ്പിന് അർഹരായി. ഇതിൽ 21 (88%) പേർ ജനറൽ വിഭാഗക്കാരും 2 (8%) പേർ ഒബിസി വിഭാഗത്തിലുള്ളവരും 1 കുട്ടി (4%) എസ്.സി./എസ്.ടി. വിഭാഗത്തിലും ഉൾപ്പെട്ടവരാണെന്ന് കണ്ടെത്തി.

സംസ്ഥാനതലത്തിൽ വിജയശതമാനം കുറവാണെന്ന് പഠനത്തിൽ നിന്നും മനസ്സിലാക്കാം.

സ്കോളർഷിപ്പ് ലഭിച്ചതിൽ നല്ലൊരു ശതമാനവും ജനറൽ വിഭാഗത്തിൽപ്പെട്ട കുട്ടികളാണ്.*

**പട്ടിക 3.65**

**സാമ്പത്തിക വിശകലനം**

| രണ്ടാം ഘട്ട പരീക്ഷ എഴുതിയവർ | 1 ലക്ഷത്തിൽ താഴെ | ശതമാനം | 1 – 2 ലക്ഷം വരെ | ശതമാനം | 2 – 3 ലക്ഷം വരെ | ശതമാനം | 3 – 4 ലക്ഷം വരെ | ശതമാനം | 4 – 5 ലക്ഷം വരെ | ശതമാനം | 5 ലക്ഷത്തിന് മുകളിൽ | ശതമാനം |
|---|---|---|---|---|---|---|---|---|---|---|---|---|
| 111 | 11 | 10 | 2 | 2 | 5 | 4 | 4 | 4 | 13 | 12 | 74 | 66 |

പരീക്ഷയെഴുതിയ 111 കുട്ടികളിൽ 11 പേർ (10%) ഒരു ലക്ഷത്തിൽ താഴെ വരുമാനമുള്ളവരും 2 പേർ (2%) ഒന്ന് തൊട്ട് 2 ലക്ഷം രൂപ വരെ വരുമാനമുള്ളവരും 5 പേർ (4%) രണ്ട് മുതൽ മൂന്ന് ലക്ഷം രൂപ വരുമാനമുള്ളവരും 4 പേർ (4%) മൂന്ന് മുതൽ നാല് ലക്ഷം രൂപ വരുമാനമുള്ളവരും 13 പേർ (12%) 5 ലക്ഷം രൂപ വരെ വരുമാനമുള്ളവരും 74 പേർ (66%) 5 ലക്ഷത്തിനു മുകളിൽ വരുമാനമുള്ളവരുമാണെന്ന് പഠനത്തിൽ നിന്നും മനസ്സിലായി.

**പട്ടിക 3.66**

**വിഭാഗം തിരിച്ചുള്ള വിലയിരുത്തൽ**

| രണ്ടാംഘട്ട പരീക്ഷ എഴുതിയവർ | ജനറൽ | | എസ്.സി. | | എസ്.ടി. | |
|---|---|---|---|---|---|---|
| | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം |
| 111 | 93 | 83.7 | 11 | 10 | 7 | 6 |

പട്ടിക 3.68 പ്രകാരം രണ്ടാംഘട്ട പരീക്ഷ എഴുതിയതിൽ 93 കുട്ടികൾ (83%) ജനറൽ വിഭാഗത്തിൽപ്പെടവരും 11 (10%) പേർ എസ്.സി. വിഭാഗത്തിലും 7 (6%) പേർ എസ്.ടി വിഭാഗത്തിലും ഉൾപ്പെടുന്നവരാണെന്ന് മനസ്സിലാക്കാം.

**പട്ടിക 3.67**

**സിലബസ് (സ്കൂൾ വിഭാഗം) തിരിച്ചുള്ള വിലയിരുത്തൽ**

| രണ്ടാംഘട്ട പരീക്ഷ എഴുതിയവർ | സ്റ്റേറ്റ് സിലബസ് | | സി. ബി. എസ്. ഇ. സിലബസ് | | ഐ. സി. എസ്. ഇ. സിലബസ് | |
|---|---|---|---|---|---|---|
| | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം |
| 111 | 24 | 22 | 67 | 60 | 20 | 18 |

എൻ.റ്റി.എസ്. പരീക്ഷയുടെ രണ്ടാം ഘട്ടത്തിലേക്ക് തിരഞ്ഞെടുത്ത 111 കുട്ടികളുടെ വിവരങ്ങൾ വിശകലനത്തിനു വിധേയമാക്കിയതിൽ, 22% കുട്ടികൾ സ്റ്റേറ്റ് സിലബസ്സിൽ പഠിക്കുന്നവരും 67 കുട്ടികൾ (60%) സി.ബി.എസ്.ഇ സിലബസിൽ പഠിക്കുന്നവരും 20 (18%) കുട്ടികൾ ഐ.സി.എസ്.ഇ. സിലബസിൽ പഠിക്കുന്നവരുമാണെന്ന് കണ്ടെത്തി.

* *പഠനവിധേയമാക്കപ്പെട്ട കുട്ടികൾ ആരുംതന്നെ സ്കോളർഷിപ്പ് നേടിയിട്ടില്ല. ആയതിനാൽ രണ്ടാംഘട്ട പരീക്ഷയിൽ വിജയിച്ച കുട്ടികളുടെ സാമൂഹിക - സാമ്പത്തിക വിശകലനമാണ് പഠനവിധേയമാക്കിയിട്ടുള്ളത്.*

പട്ടിക 3.68

എൻ.ടി.എസ്.സി പരീക്ഷ ഫല വിശകലനം

| ആകെ പങ്കെടു | വിജയിച്ചവർ | | സാമൂഹിക വിഭാഗം | | | | | | സാമ്പത്തികം | | | | സ്കൂൾ വിഭാഗം | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | എണ്ണം | ശതമാനം | ജനറൽ | | എസ്.സി | | എസ്.ടി | | എ.പി.എൽ | | ബി.പി.എൽ | | ഗവ. | എയ്ഡഡ് | അംഗീകൃത അൺഎ |
| | | | എണ്ണം | ശത | എണ്ണം | ശത | എണ്ണം | ശത | എണ്ണം | ശത | എണ്ണം | ശത | | | |
| 111 | 24 | 22 | 21 | 87.5% | 2 | 8.3% | 1 | 4.1% | 24 | 100 | 0 | 0 | - 2 - (കെ.വി) രണ്ട് കേന്ദ്രീയ വിദ്യാലയങ്ങൾ | 3 | 15 |

എൻ.ടി.എസ്. പരീക്ഷയിൽ സംസ്ഥാനത്ത് ആകെ 24 കുട്ടികളാണ് സ്കോളർഷിപ്പ് നേടിയത്. ഇതിൽ 21 കുട്ടികൾ (87.5) ജനറൽ വിഭാഗത്തിലും 2 കുട്ടികൾ (8.3) എസ്.സി. വിഭാഗത്തിലും 1 കുട്ടി (4%) എസ്.ടി വിഭാഗത്തിലും ഉള്ളവരാണ്. സാമ്പത്തികാവസ്ഥാ വിശകലനത്തിൽ കണ്ടെത്തിയത് 24 (100%) കുട്ടികളും എ.പി.എൽ.വിഭാഗത്തിൽ ഉൾപ്പെടുന്നു എന്നാണ്. സ്കൂൾ വിഭാഗം വിലയിരുത്തുമ്പോൾ ഗവൺമെന്റ് വിദ്യാലയങ്ങൾ 2 ഉം എയ്ഡഡ് വിദ്യാലയങ്ങൾ 3 ഉം അംഗീകൃത അൺ എയ്ഡഡ് വിദ്യാലയങ്ങൾ 15 ഉം ആണ്. കുട്ടികളെ പരീക്ഷയ്ക്കിരുത്തി വിജയം കരസ്ഥമാക്കിയതെന്ന് മനസ്സിലാക്കാം.

സംസ്ഥാന സിലബസ് പഠിപ്പിക്കുന്ന വിദ്യാലയങ്ങളുടെ പങ്കാളിത്തം വളരെ കുറവാണെന്ന് കണ്ടെത്തി.

**3. പരീക്ഷയ്ക്ക് കുട്ടികളെ സജ്ജരാക്കുന്നതിനുള്ള സംവിധാനങ്ങൾ വിലയിരുത്തുന്നതിന്**

**പട്ടിക 3.69**

**പ്രാഥമിക പരീക്ഷ എഴുതുന്നതിന് ലഭിച്ച പരിശീലനം**

| ഇനം | എണ്ണം | ശതമാനം |
|---|---|---|
| ലഭിച്ചിരുന്നു | 29 | 58 |
| ലഭിച്ചിരുന്നില്ല | 21 | 42 |
| ആകെ | 50 | 100 |

പ്രാഥമിക പരീക്ഷ എഴുതുന്നതിന് പരിശീലനം ലഭിച്ചതിന് സംബന്ധിച്ച പ്രസ്താവനയിൽ 58% പേർക്ക് പരിശീലനം ലഭിച്ചിരുവെങ്കിലും 42% പേർക്ക് പരിശീലനം ഒന്നും തന്നെ ലഭിച്ചി രുന്നില്ലെന്ന് കുട്ടികൾ വ്യക്തമാക്കി.

**പട്ടിക 3.70**

**പരിശീലനം ലഭിച്ച സ്രോതസ്സ്**

| പരീക്ഷാ ഘട്ടം | സ്രോതസ്സ് | എണ്ണം | ശതമാനം |
|---|---|---|---|
| ഘട്ടം 1 (പ്രാഥമിക പരീക്ഷ) | i. വിദ്യാലയം | 3 | 6 |
| | ii. രക്ഷിതാവ് | 7 | 14 |
| | iii. കോച്ചിങ്ങ് സെന്റർ | 24 | 48 |
| | iv. മറ്റുള്ളവർ | 24 | 48 |
| ഘട്ടം 1 (പ്രധാന പരീക്ഷ) | i. വിദ്യാലയം | 2 | 4 |
| | ii. രക്ഷിതാവ് | 3 | 6 |
| | iii. എസ്.സി.ഇ.ആർ.ടി. | 21 | 42 |
| | iv. കോച്ചിങ്ങ് സെന്റർ | 6 | 12 |
| | v. മറ്റുള്ളവർ | 6 | 12 |

പ്രാഥമിക പരീക്ഷയിൽ 14% കുട്ടികൾക്ക് രക്ഷിതാവിൽനിന്നും, 6% പേർക്ക് വിദ്യാലയത്തിൽ നിന്നും, 48% പേർക്ക് കോച്ചിങ് സെന്റർ വഴിയുമാണ് പ്രാഥമിക പരീക്ഷ എഴുതാൻ പരിശീലനം ലഭിച്ചത്.

പ്രധാന പരീക്ഷയക്ക് 42% പേർക്ക് എസ്.സി.ഇ.ആർ.ടി. യിൽ നിന്നാണ് പരിശീലനം ലഭിച്ചത്. 12% പേർക്ക് കോച്ചിങ് സെന്റർ വഴിയും, 6% പേർക്ക് രക്ഷിതാവിൽ നിന്നും സഹായം ലഭി ച്ചതായിട്ടാണ് കണ്ടെത്തിയിട്ടുള്ളത്.

### പട്ടിക 3.71
### കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകേണ്ടതിന്റെ ആവശ്യകത

| പ്രതികരണം | എണ്ണം | ശതമാനം |
|---|---|---|
| യോജിക്കുന്നു | 88 | 88 |
| ഏറെക്കുറെ യോജിക്കുന്നു | 9 | 9 |
| യോജിക്കുന്നില്ല | 3 | 3 |

പഠനമികവുള്ളവരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനുള്ള സംവിധാനം എന്ന നിലയിൽ എൻ.റ്റി.എസ്. പരീക്ഷ എഴുതുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകേണ്ടത് ആവശ്യ മാണ് എന്ന പ്രസ്താവനയോട് ഭൂരിപക്ഷം അധ്യാപകരും (88%) യോജിച്ചപ്പോൾ, 9% പേർ ഏറെ യോജിക്കുകയും 3% പേർ ഈ പ്രസ്താവനയോട് യോജിക്കുന്നില്ല എന്നാണ് പ്രതികരിച്ചത്.

### പട്ടിക 3.72
### എസ്.സി.ഇ.ആർ.ടി. നടത്തുന്ന പരിശീലനത്തെ സംബന്ധിച്ച്

| പ്രതികരണം | എണ്ണം | ശതമാനം |
|---|---|---|
| യോജിക്കുന്നു | 20 | 20 |
| ഏറെക്കുറെ യോജിക്കുന്നു | 43 | 43 |
| യോജിക്കുന്നില്ല | 37 | 37 |

എൻ.ടി.എസ്. പരീക്ഷയ്ക്ക് വേണ്ടി എസ്.സി.ഇ.ആർ.ടി. നടത്തുന്ന പരിശീലനം തൃപ്തികരമാ ണ് എന്ന പ്രസ്താവനയോട് 20% അധ്യാപകർ യോജിച്ചപ്പോൾ 43% ഏറെക്കുറെ യോജിക്കു കയും 37% പേർ യോജിക്കുന്നില്ല എന്നും അഭിപ്രായപ്പെട്ടു.

**4. ചോദ്യപേപ്പർ വിദ്യാർത്ഥി സൗഹൃദപരമാണോ എന്ന് കണ്ടെത്തുന്നതിന്**

### പട്ടിക 3.73
### പരീക്ഷയിലെ ചോദ്യങ്ങൾ സ്വയം വായിച്ച് ഗ്രഹിക്കുവാനുള്ള കഴിവ്

| പ്രതികരണം | എണ്ണം | ശതമാനം |
|---|---|---|
| സ്വയം വായിച്ച് ഗ്രഹിക്കാൻ സാധിച്ചു | 41 | 82 |
| ഭാഗീകമായി ഗ്രഹിക്കാൻ സാധിച്ചു | 7 | 14 |
| ഗ്രഹിക്കാൻ സാധിച്ചില്ല | 2 | 4 |

പട്ടിക 3.73 പ്രകാരം, എൻ.റ്റി.എസ്. പരീക്ഷയിലെ ചോദ്യങ്ങൾ സ്വയം വായിച്ച് ഗ്രഹിക്കാൻ കഴിയും എന്ന പ്രസ്താവനയോട്, ഗ്രഹിക്കാൻ സാധിച്ചു എന്ന് 82% കുട്ടികളും, ഭാഗീകമായി മനസിലാക്കാൻ കഴിയുന്നു എന്ന് 14% പേരും, സ്വയം വായിച്ച് മനസിലാക്കാൻ കഴിഞ്ഞിരു ന്നില്ല എന്ന് 4% പേരും രേഖപ്പെടുത്തിയിട്ടുണ്ട്.

### പട്ടിക 3.74
### പരീക്ഷയിൽ ബുദ്ധിമുട്ടേറിയ മേഖല

| മേഖല | എണ്ണം | ശതമാനം |
|---|---|---|
| എം.എ.ടി. (MAT) | 10 | 20 |
| എസ്.എ.ടി. (SAT) | 40 | 80 |
| ആകെ | 50 | 100 |

എൻപത് ശതമാനം പേർക്കു ബുദ്ധിമുട്ടേറിയ മേഖല എസ്.എ.ടി. (SAT) ആണെന്നും 20% പേർക്ക് എം.എ.ടി. (MAT) ആണെന്നും രേഖപ്പെടുത്തി.

ഭൂരിപക്ഷം ചോദ്യങ്ങളും സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സിലബസിൽ നിന്നായതിനാൽ കേരള സിലബസ്സിൽ പഠിക്കുന്ന കുട്ടികളെ ഇത് പ്രതികൂലമായി ബാധിക്കുന്നുവെന്ന് ഭൂരി പക്ഷം രക്ഷിതാക്കളും അഭിപ്രായപ്പെട്ടു. സ്കോളർഷിപ്പ് പരീക്ഷയും വാർഷിക പരീക്ഷയും അടുത്തടുത്ത് വരുന്നത് പ്രയാസം ഉണ്ടാക്കുന്നു. എൻ.ടി.എസ്. പരീക്ഷയ്ക്കു ആവശ്യമായ പാഠഭാഗങ്ങൾ അപ്പോഴേക്കും പഠിപ്പിച്ച് തീരുന്നില്ലെന്ന് ഭൂരിപക്ഷംപേരും അഭിപ്രായപ്പെട്ടു. ചോദ്യമാതൃകകളിൽ നിലവാരം, പാഠപുസ്തകവുമായുള്ള ബന്ധം എന്നിവയിൽ ഗണിതം, സാമൂഹ്യശാസ്ത്രം (എസ്.എ.ടി.) ന്യൂമെറിക്കൽ സീരീസ്, പാറ്റേൺ (എം.എ.ടി.) എന്നിവ പ്രയാ സമേറിയതായിരുന്നു എന്ന് ഭൂരിപക്ഷംപേരും അഭിപ്രായപ്പെട്ടു. ഗണിതം, ന്യൂമെറിക്കൽ സീരീസ് എന്നിവയുടെ കാഠിന്യം കുറയ്ക്കണമെന്നും സിലബസുമായി കൂടുതൽ ബന്ധിപ്പിക്കണമെന്നും ഭൂരിപക്ഷംപേരും അഭിപ്രായപ്പെട്ടു. സോഷ്യൽ സയൻസ് മേഖലയുടെ വെയിറ്റേജ് കുറയ്ക്കാ നും എം.എ.ടി. ചോദ്യങ്ങൾ 100 മാർക്കിൽ ആക്കണമെന്നും കുറച്ചുപേർ അഭിപ്രായപ്പെട്ടു.

**പരീക്ഷകളുടെ സംഘാടനം, ഉള്ളടക്കം, തിരഞ്ഞെടുക്കൽ രീതി, തുടർപ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങൾ**

**പരീക്ഷയിലെ പ്രകടനം മെച്ചപ്പെടുത്താനുള്ള കുട്ടികളുടെ നിർദ്ദേശങ്ങൾ**

- സിലബസ് മുൻകൂട്ടി പ്രസിദ്ധീകരിക്കണം
- പ്രയോഗിക ചോദ്യങ്ങൾ കൂടുതൽ ഉൾക്കൊള്ളിക്കണം
- കൂടുതൽ പരിശീലനങ്ങൾ ആവശ്യമാണ്
- MAT 100 മാർക്കിലാക്കണം
- ഭാഷാ വിഷയങ്ങൾ ഒഴിവാക്കണം
- സമയം കൂടുതൽ നല്കണം
- സാമൂഹ്യശാസ്ത്രം ഒഴിവാക്കണം
- ഇലക്ട്രോണിക്ക് മാധ്യമത്തിൽ പരീക്ഷ നടത്തണം
- കേരള സിലബസിലെ ചോദ്യങ്ങൾ കൂടുതൽ ഉൾപ്പെടുത്തണം
- ചോദ്യങ്ങളിൽ വൈവിധ്യം ഉണ്ടാകണം.

**മെച്ചപ്പെട്ട പരീക്ഷാ ഫലം ലഭിക്കുന്നതിനായുള്ള അധ്യാപകരുടെ നിർദേശങ്ങൾ**

- പാഠപുസ്തകത്തിലെ അധികപ്രവർത്തനങ്ങൾ അധികപിന്തുണയായി പരീക്ഷാർത്ഥി കൾക്ക് നല്കണം
- പഠനസഹായികൾ വിതരണം ചെയ്യണം
- ചോദ്യബാങ്കുകൾ, വിദഗ്ദ്ധരുടെ ക്ലാസുകൾ എന്നിവ ലഭ്യമാക്കണം
- മാനസിക പിരിമുറുക്കം കുറക്കുന്നതിനായി കൗൺസിലിങ് ക്ലാസുകൾ നല്കണം
- എസ്.സി.ഇ.ആർ.ടി. അധ്യാപകർക്ക്, പ്രത്യേക പരിശീലനം നൽകണം

- രക്ഷിതാക്കൾക്ക് ബോധവൽക്കരണക്ലാസ് നൽകണം
- സിലബസ്സ് ലഘൂകരിക്കണം.

**എൻ.റ്റി.എസ്. പരീക്ഷ കൂടുതൽ മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ**

- മാതൃകാ പരീക്ഷ നടത്തി മെച്ചപ്പെട്ട കുട്ടികളെ തിരഞ്ഞെടുക്കണം.
- പ്രത്യേക പരിശീലന പരിപാടി, വിദഗ്ധരുടെ ക്ലാസ്സുകൾ, സമാന്തര ക്ലാസുകൾ, മാതൃകാ പരീക്ഷകൾ എന്നിവ നല്കി സ്കൂൾതല പരീക്ഷയിലൂടെ കുട്ടികളെ കണ്ടെത്തണം
- എസ്.എ.ടി., എം.എ.ടി. പരീക്ഷകൾ രണ്ടു ദിവസങ്ങളിലായി നടത്തുക
- ചോദ്യങ്ങളുടെ മാതൃകകൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച് എല്ലാ കുട്ടികൾക്കും ലഭ്യ മാക്കണം.
- മാതൃകാ പരീക്ഷകൾ, മുൻകാല ചോദ്യപേപ്പറുകൾ എന്നിവ പരിശീലിപ്പികണം
- വിദഗ്ധരുടെ ക്ലാസ് ലഭ്യമാക്കണം
- രക്ഷിതാക്കൾ, വിദ്യാർത്ഥികൾ, അധ്യാപകർ എന്നിവർക്ക് പ്രത്യേക പരിശീലനങ്ങളും ക്ലാസുകളും നല്കണം.
- സമ്മർദ്ദം കുറയ്ക്കാനുള്ള കൗൺസിലിംഗ് ക്രമീകരിക്കണം

ഉന്നത പഠനത്തിനുള്ള അവസരങ്ങൾ, മറ്റ് പരീക്ഷകളിൽ പങ്കെടുക്കുവാൻ പ്രചോദനം എന്നിവ ലഭിക്കുന്നുണ്ടെന്ന് മിക്ക രക്ഷിതാക്കളും അഭിപ്രായപ്പെട്ടു. സർട്ടിഫിക്കറ്റ്, സ്കോളർഷിപ്പ് തുക എന്നിവ സമയബന്ധിതമായി ലഭിക്കാറില്ല എന്നും ചിലർ അഭിപ്രായപ്പെടുകയുണ്ടായി

പരീക്ഷയ്ക്കു വേണ്ടിയുള്ള തയ്യാറെടുപ്പുകൾക്കും പരീക്ഷ എഴുതുമ്പോൾ കുട്ടികൾ അനുഭവി ക്കുന്ന സമ്മർദ്ദത്തിനും അനുയോജ്യമായ തരത്തിലുള്ള ഏതൊരു പരിഗണനയും ഔദ്യോ ഗിക സംവിധാനത്തിൽ നിന്നും ലഭിക്കുന്നില്ലെന്ന് കുറച്ച് പേർ അഭിപ്രായപ്പെട്ടു.

## 4. കണ്ടെത്തലുകളും നിർദ്ദേശങ്ങളും

മെരിറ്റ് സ്കോളർഷിപ്പ് അവസ്ഥാപഠനത്തിന് തിരഞ്ഞെടുത്തത് നാല് സ്കോളർഷിപ്പ് പരീക്ഷകളാണ്. പ്രൈമറി തലത്തിൽ കേരള വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന എൽ.എസ്.എസും യു.എസ്.എസും കേന്ദ്രവിദ്യാഭ്യാസമന്ത്രാലയം ഇതര സംസ്ഥാനങ്ങളിലെ സെക്കന്ററി വിദ്യാർത്ഥികൾക്കു വേണ്ടി നടത്തുന്ന എൻ.എം.എം.എസ്.ഇയും എൻ.ടി.എസ്.ഇയും. സ്കോളർഷിപ്പുകളുടെ ഗുണഭോക്താക്കളായ വിദ്യാർത്ഥികളിൽ നിന്നും അവരുടെ രക്ഷാകർത്താക്കളിൽ നിന്നും അവരെ പഠിപ്പിക്കുന്ന അധ്യാപകരിൽ നിന്നുമാണ് വിവിരശേഖരണം നടത്തിയിട്ടുള്ളത്. വിശാലമായ അർത്ഥതലങ്ങളോട് കൂടി നടത്തപ്പെട്ട പ്രസ്തുത പഠനത്തിൽ നിന്നും ഉരുവായ കണ്ടെത്തലുകളും നിർദ്ദേശങ്ങളും പരീക്ഷാടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

### കണ്ടെത്തലുകൾ

### എൽ.എസ്.എസ്.

- പരീക്ഷ എഴുതുവാൻ തിരഞ്ഞെടുത്ത വിവരം 67% കുട്ടികൾ രണ്ടാം പാദവാർഷിക പരീക്ഷാഫലത്തിന് ശേഷവും 23% കുട്ടികൾ ഒന്നാം പാദവാർഷിക പരീക്ഷാഫലത്തിന് ശേഷവും 10% കുട്ടികൾ മറ്റ് സമയത്തുമാണ് അറിഞ്ഞതെന്ന് പഠനം വ്യക്തമാക്കുന്നു.
- അധ്യാപിക നിർദ്ദേശിച്ച പ്രകാരം 20% വും പഠനമികവ് കൊണ്ട് 64% വും രക്ഷിതാവിന്റെ താൽപ്പര്യം കൊണ്ട് 9% വും കുട്ടികളാണ് പരീക്ഷയെഴുതുന്നതിന് തിരഞ്ഞെടുക്കപ്പെട്ടതെന്ന് കണ്ടെത്തി. എന്നാൽ 7% കുട്ടികൾക്ക് അവർ തിരഞ്ഞെടുക്കപ്പെട്ടതിന്റെ കാരണം വ്യക്തമല്ല എന്ന് രേഖപ്പെടുത്തി. നിലവിലുള്ള തിരഞ്ഞെടുപ്പ് മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ടാണ് ഭൂരിഭാഗം കുട്ടികളേയും എൽ.എസ്.എസ്. പരീക്ഷയ്ക്കു തിരഞ്ഞെടുത്തതെന്ന് കണ്ടെത്തി.
- ഏറ്റവും അനുയോജ്യമായ സമയത്തു തന്നെയാണ് പരീക്ഷ നടക്കുന്നതെന്ന് 89% അധ്യാപകർ അഭിപ്രായപ്പെട്ടപ്പോൾ 5% അധ്യാപകർ ഏറെക്കുറെ യോജിക്കുകയും 6% പേർ വിയോജിക്കുകയുമാണുണ്ടായത്.
- പരീക്ഷയുടെ വിവിധ ഘട്ടങ്ങളിലെ മോണിറ്ററിങ് രീതി വളരെ നല്ലതാണെന്ന അഭിപ്രായത്തോട് യോജിക്കുന്ന അധ്യാപകർ 71% ആയിരിക്കെ, ഈ അഭിപ്രായത്തോട് ഏറെക്കുറെ യോജിക്കുന്നവർ 28% മാണ്. കേവലം 1% അധ്യാപകർ മാത്രമാണ് ഇതിനോട് വിയോജിക്കുന്നത്.
- സ്കോളർഷിപ്പിന് അർഹരായ 16 കുട്ടികളിൽ 2 കുട്ടികൾ (13%) ജനറൽ വിഭാഗത്തിലും 13 പേർ (81%) ഒ.ബി.സി. വിഭാഗത്തിലും 1 കുട്ടി (6%) എസ്.സി. വിഭാഗത്തിലും ഉൾപ്പെടുന്നു.
- കുട്ടികളുടെ സാമൂഹിക സാമ്പത്തിക സ്ഥിതി സ്കോളർഷിപ്പ് നേടുന്നതിനെ ബാധിക്കുന്നില്ല. എന്നാൽ എസ്.സി., എസ്.ടി. പോലുള്ള വിഭാഗത്തിലെ കുട്ടികളുടെ പ്രാതിനിധ്യം വളരെ കുറവാണ്. ആയതിനാൽ പഠനത്തിൽനിന്നും മനസ്സിലാകുന്നത് പരീക്ഷയിൽ പങ്കെടുക്കുന്ന എല്ലാ വിഭാഗത്തിലുംപെടുന്ന കുട്ടികളുടെ എണ്ണം ആനുപാതികമായി വർദ്ധിപ്പിക്കേണ്ടതുണ്ട് എന്നാണ്.
- പരീക്ഷയ്ക്ക് തയാറാകുന്നതിനു വേണ്ടി അധ്യാപകർ 88% കുട്ടികളെയും രക്ഷിതാക്കൾ 52% കുട്ടികളേയും കോച്ചിങ് സെന്റർ 3% കുട്ടികളെയുമാണ് സഹായിച്ചതെന്ന് പഠനം

കണ്ടെത്തി. അധ്യാപകരാണ് പരീക്ഷയ്ക്കുവേണ്ടി കുട്ടികളെ ഏറ്റവും കൂടുതൽ സഹായിച്ചത്.

- പരീക്ഷയ്ക്കു വേണ്ടി കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകേണ്ടതിന്റെ ആവശ്യകതയോട് 88% അധ്യാപകർ യോജിച്ചപ്പോൾ 11% പേർ മാത്രമാണ് ഇതുമായി ഏറെക്കുറെ യോജിച്ചത്. എന്നാൽ വിയോജിപ്പ് പ്രകടിപ്പിച്ചത് കേവലം 1% അധ്യാപകർ മാത്രമാണെന്ന് പഠനം വ്യക്തമാക്കുന്നു.
- പരീക്ഷ എഴുതുന്നതിനു വേണ്ടി 55% പേർക്ക് പ്രത്യേക പരിശീലനക്ലാസ്സുകളും 48% പേർക്ക് ചോദ്യമാതൃകവെച്ചുള്ള പരിശീലനവും 6% കുട്ടികൾക്ക് വിദഗ്ധരുടെ പ്രവർത്തനവും അധികസഹായമായി സ്കൂളിൽ നിന്നു ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാകുന്നു. പ്രത്യേക പരിശീലന ക്ലാസ്സുകൾ പകുതിയിലേറെ പേർക്കും സ്കൂളിൽ നിന്നും ലഭിച്ചിട്ടുണ്ട് എന്നും ചോദ്യമാതൃകകളുടെ പരിശീലനം ഏതാണ്ട് പകുതിയോളം കുട്ടികൾക്ക് ലഭിച്ചിട്ടില്ല എന്നും പഠനം തെളിയിക്കുന്നു.
- ബഹുഭൂരിപക്ഷം പേരും (94%) പരീക്ഷ എഴുതുവാൻ അനുവദിച്ച സമയം പര്യാപ്തമായിരുന്നു എന്ന് രേഖപ്പെടുത്തി. സമയം പര്യാപ്തമല്ല എന്ന് രേഖപ്പെടുത്തിയത് 6% പേർ മാത്രമാണ്.
- പകുതിയിലേറെ (57%) പേർക്കും ഗണിതമായിരുന്നു വിഷമം. 25% പേർക്ക് ഇംഗ്ലീഷും 10% പേർക്ക് പരിസരപഠനവും 11% പേർക്ക് പൊതുവിജ്ഞാനവും 3% പേർക്ക് ഭാഷാ വിഷയങ്ങളും വിഷമമായിരുന്നുവെന്ന് പഠനം വെളിപ്പെടുത്തുന്നു.
- ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കാൻ 50% പേർക്ക് കഴിയുന്നില്ല എന്നും 25% പേർ ഈ വിഷയത്തിൽ പിന്നാക്കമായിരുന്നു എന്നും 25% പേർ മറ്റുള്ളവയുമാണ് വിഷയം പ്രയാസമാകാനുള്ള കാരണമായി രേഖപ്പെടുത്തിയത്. ഇതിൽ നിന്നും ചോദ്യങ്ങൾ കുട്ടികൾക്ക് വായിച്ച് മനസ്സിലാക്കാൻ കഴിയുന്ന തരത്തിൽ വിദ്യാർത്ഥി സൗഹൃദപരമാവണം എന്ന് വ്യക്തമാകുന്നു.
- പരീക്ഷയിൽ ഉത്തരമെഴുതാൻ പ്രയാസം അനുഭവപ്പെട്ട ചോദ്യമാതൃകയായി 50% പേർ വിശദീകരിച്ച് ഉത്തരമെഴുതുന്നവയും 31% പേർ ഒറ്റവാക്കിൽ ഉത്തരമെഴുതുന്നതും 19% പേർ ശരി ഉത്തരം തിരഞ്ഞെടുത്തെഴുതുന്നതും ആണെന്ന് രേഖപ്പെടുത്തി.
- സ്കോളർഷിപ്പ് പരീക്ഷാചോദ്യങ്ങൾ വിദ്യാർത്ഥിസൗഹൃദമാണെന്ന് 40% അധ്യാപകർ അഭിപ്രായപ്പെട്ടപ്പോൾ 51% അധ്യാപകർ ഏറെക്കുറെ യോജിക്കുകയും, 9% അധ്യാപകർ വിയോജിക്കുകയും ചെയ്തു.
- പരീക്ഷയിലെ ചോദ്യങ്ങൾക്ക് പാഠപുസ്തകത്തിലെ ഉള്ളടക്കവുമായി നല്ല ബന്ധമുണ്ടെന്ന് 50% കുട്ടികൾ രേഖപ്പെടുത്തി. ഭാഗികമായി ബന്ധമുണ്ടായിരുന്നുവെന്ന് 47% പേരും യാതൊരു ബന്ധവുമുണ്ടായിരുന്നില്ലയെന്ന് 3% പേരും രേഖപ്പെടുത്തി.
- സ്കോളർഷിപ്പ് പരീക്ഷയുടെ ചോദ്യങ്ങൾ തയാറാക്കൽ പാഠപുസ്തകത്തിലെ ഉള്ളടക്കത്തിന്റെ അടിസ്ഥാനത്തിലാണെന്ന് 65% അധ്യാപകർ അഭിപ്രായപ്പെടുമ്പോൾ 31% അധ്യാപകർ അതിനോട് ഏറെക്കുറേ യോജിക്കുകയും 4% പേർ വിയോജിക്കുകയും ചെയ്തു. പാഠപുസ്തകവുമായി ബന്ധമുള്ള പ്രായോഗികതല ചോദ്യങ്ങൾ ഉൾപ്പെടുത്തണം.
- സ്കോളർഷിപ്പ് നേടുന്ന കുട്ടികൾക്ക് നിലവിൽ ലഭിക്കുന്ന തുടരനുഭവങ്ങൾ തൃപ്തികരമാണെന്ന പ്രസ്താവനയോട് 38% അധ്യാപകർ പൂർണ്ണമായും യോജിക്കുകയും 38% പേർ ഏറെക്കുറെ യോജിക്കുകയും ചെയ്തു. ഈ പ്രസ്താവനയുമായി 24% അധ്യാപകർ യോജി

ച്ചില്ല. കൂടുതൽ തുടർപ്രവർത്തനങ്ങൾ ആവശ്യമാണെന്നും തുടർപഠനത്തിന് പരിഗണന നൽകണമെന്നും പഠനം തെളിയിക്കുന്നു.

### യു. എസ്. എസ്.

- യു.എസ്.എസ്. പരീക്ഷയ്ക്ക് തിരഞ്ഞെടുത്തത്, രക്ഷിതാവിന്റെ താൽപര്യപ്രകാരമാണെന്ന് 17% കുട്ടികളും, അധ്യാപകരുടെ നിർദ്ദേശപ്രകാരമാണെന്ന് 42% പേരും എല്ലാ വിഷയത്തിനും 'A' ഗ്രേഡ് ലഭിച്ചത് കൊണ്ടാണെന്ന് 69% പേരും, എന്നാൽ തിരഞ്ഞെടുത്തതിനുള്ള കാരണം അറിയില്ല എന്ന് 2% പേരും രേഖപ്പെടുത്തി. എല്ലാ വിഷയങ്ങളിലും 'A' ഗ്രേഡ് കിട്ടിയതു കൊണ്ടാണ് യു.എസ്.എസ്. പരീക്ഷയ്ക്ക് ഭൂരിഭാഗംപേരെയും തിരഞ്ഞെടുത്തത് എന്ന് മനസ്സിലാക്കാം.
- തുടക്കം മുതൽ ഫലപ്രഖ്യാപനം വരെയുള്ള പരീക്ഷയുടെ വിവിധ ഘട്ടങ്ങളുടെ മോണിറ്ററിങ്ങുമായി ബന്ധപ്പെട്ട് 69% പേർ നല്ല രീതിയിൽ മോണിറ്റർ ചെയ്യപ്പെടുന്നു എന്ന് രേഖപ്പെടുത്തിയപ്പോൾ 22% പേർ ഏറെക്കുറെ മോണിറ്ററിങ് നടക്കുന്നുണ്ട് എന്നും 9% പേർ മോണിറ്ററിങ് ശരിയായ രീതിയിൽ നടക്കുന്നില്ല എന്നും രേഖപ്പെടുത്തി. ഇതിൽ നിന്നും നിലവിലെ മോണിറ്ററിങ് രീതിയോട് ഭൂരിഭാഗം പേരും യോജിക്കുന്നതായി മനസ്സിലാക്കാം.
- മൂല്യനിർണയ സൂചകങ്ങൾ കൃത്യതയുള്ളതാണെന്ന് 69% അധ്യാപകർ യോജിക്കുകയും 18% പേർ ഏറെക്കുറെ യോജിക്കുകയും 13% പേർ യോജിക്കുന്നില്ലെന്നും പ്രതികരിച്ചു.
- സർവ്വേയിൽ പങ്കെടുത്ത 127 കുട്ടികളിൽ 11 (9%) കുട്ടികളാണ് സ്കോളർഷിപ്പിന് അർഹരായത് എന്ന് പഠനം കണ്ടെത്തി. ഇതിൽ 2 (18%) കുട്ടികൾ ജനറൽ വിഭാഗത്തിലുള്ളവരും 9 (82%) കുട്ടികൾ ഒ.ബി.സി. വിഭാഗത്തിലുള്ളവരുമാണെന്ന് പഠനത്തിൽ നിന്നും മനസ്സിലാക്കാം. എസ്.സി/എസ്.റ്റി. വിഭാഗത്തിലുള്ളവരുടെ പ്രാതിനിധ്യം അർഹത നേടിയവരുടെ പട്ടികയിലില്ല.
- എൽ.എസ്.എസ്. വിജയികളായവരിൽ 95% പേർക്കും സ്കോളർഷിപ്പ് തുക ലഭിച്ചുവെന്നും 5% കുട്ടികൾക്ക് സ്കോളർഷിപ്പ് ലഭിച്ചില്ലെന്നും പഠനം കണ്ടെത്തി.
- സ്കോളർഷിപ്പിന് അർഹരായ 11 (9%) കുട്ടികളിൽ, 5 (45%) കുട്ടികൾ എ.പി.എൽ. വിഭാഗത്തിലും 6(55%) കുട്ടികൾ ബി.പി.എൽ. വിഭാഗത്തിലുള്ളവരുമാണ്. ഇതിൽ 2 (18%) കുട്ടികൾ ജനറൽ വിഭാഗത്തിലും 9(82%) കുട്ടികൾ ഒ.ബി.സി. വിഭാഗത്തിലും ഉൾപ്പെട്ടവരാണ്.
- സാമൂഹിക സാമ്പത്തിക പിന്നാക്കാവസ്ഥ സ്കോളർഷിപ്പ് നേടുന്നതിനെ കാര്യമായി സ്വാധീനിക്കുന്നില്ലെന്നാണ് പഠനത്തിൽ നിന്നും മനസ്സിലാകുന്നത്. എങ്കിലും എസ്.സി., എസ്.റ്റി. വിഭാഗത്തിലെ പ്രാതിനിധ്യം വളരെ കുറവാണെന്ന് മനസ്സിലാക്കാം. അതുപോലെ ജനറൽ വിഭാഗത്തിന്റെ പ്രാതിനിധ്യവും വളരെ കുറവാണെന്ന് പഠനം തെളിയിക്കുന്നു.
- പരീക്ഷയ്ക്കു വേണ്ടി വിവിധ സ്രോതസ്സുകളിൽ നിന്നും സഹായം ലഭിച്ചിട്ടുണ്ട്. അധ്യാപകരാണ് സഹായിച്ചതെന്ന് 98% കുട്ടികളും, രക്ഷിതാക്കളാണ് സഹായിച്ചതെന്ന് 86% കുട്ടികളും വ്യക്തമാക്കി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സന്നദ്ധസംഘടനകളും നാമമാത്ര സഹായമേ ലഭ്യമാക്കിയിട്ടുള്ളൂ. ആയതിനാൽ അധ്യാപകരുടെയും രക്ഷിതാക്കളുടെയും പിന്തുണ കുട്ടികൾക്ക് വേണ്ടുവോളം ലഭിക്കുന്നുവെന്ന് മനസ്സിലാക്കാം.
- പരീക്ഷയ്ക്കുവേണ്ടി പ്രത്യേക പരിശീലനം ആവശ്യമാണെന്ന് 87% പേർ പറഞ്ഞപ്പോൾ 8% പേർ മാത്രമാണ് ഇതുമായി വിയോജിച്ചത്. ഏറെക്കുറേ യോജിച്ചവർ 5% ആയിരുന്നു.

ആയതിനാൽ ഭൂരിഭാഗംപേരും പ്രത്യേക പരിശീലനം വേണമെന്നാണ് ആവശ്യപ്പെട്ടത് എന്ന് മനസ്സിലാക്കാം.

- വിദ്യാലയത്തിൽ നിന്നും ആവശ്യമുള്ള കൂടുതൽ പിന്തുണ എന്ന പ്രസ്താവനയ്ക്ക് 22% പേർ മാതൃകാപരീക്ഷ വേണമെന്നും 13% പേർ ഒ.എം.ആർ. ഷീറ്റ് പരിശീലനം വേണമെന്നും 23% വിദഗ്ധരുടെ ക്ലാസുകൾ വേണമെന്നും ആവശ്യപ്പെട്ടു. കൈപ്പുസ്തകം, ബോധവൽക്കരണം, ഐ.സി.റ്റി. ക്ലാസ്, ലഘുഭക്ഷണം, പ്രോത്സാഹന സമ്മാനം എന്നിവ വേണമെന്ന അഭിപ്രായവും ഉണ്ടായി.
- ഡിപ്പാർട്ട്മെന്റിന്റെ ഭാഗത്തുനിന്ന് അധികപിന്തുണയായി 41% പേർ മാതൃകാചോദ്യ പേപ്പർ ലഭ്യമാക്കണമെന്നും 32% പേർ കൈപ്പുസ്തകം ലഭ്യമാക്കണമെന്നും 4% പേർ ബോധവൽക്കരണ ക്ലാസ് വേണമെന്നും 3% പേർ വിദഗ്ധരുടെ ക്ലാസ് വേണമെന്നും അഭിപ്രായപ്പെട്ടു. ഐ.റ്റി. ക്ലാസ്, ഗണിതം, ഇംഗ്ലീഷ് പോലുള്ള വിഷയങ്ങൾക്ക് പ്രത്യേക പരിശീലനം വേണം എന്ന ആവശ്യമുയർന്നു.
- പരീക്ഷ എഴുതാൻ പ്രയാസമേറിയ വിഷയത്തെ സംബന്ധിച്ച് ഗണിതത്തിൽ 79.4% വും ഭാഷയിൽ 7.2% വും പരിസരപഠനത്തിൽ 2.2% വും ഇംഗ്ലീഷിൽ 7% വും സാമൂഹ്യശാസ്ത്രത്തിൽ 4% വുമാണെന്ന് കണ്ടെത്തി.
- പ്രയാസമേറിയ വിഷയങ്ങളിൽ പൊതുവെ പിന്നാക്കമാണെന്ന് 27% പേരും, ചോദ്യം വായിച്ചു മനസ്സിലാക്കാൻ കഴിഞ്ഞില്ല എന്ന് 41% കുട്ടികളും ചോദ്യമാതൃകകൾ മുമ്പ് പരിചയപ്പെട്ടാൻ കഴിയാത്തതാണ് വിഷയങ്ങൾ പ്രയാസമാകാൻ കാരണമെന്ന് 34% പേരും രേഖപ്പെടുത്തി.
- ഒ.എം.ആർ. ഷീറ്റിൽ പരീക്ഷ എഴുതാൻ 94% പേർക്ക് ബുദ്ധിമുട്ടില്ലെന്നും 6% പേർക്ക് പ്രയാസമുണ്ടായിട്ടുണ്ടെന്നു രേഖപ്പെടുത്തി. ഭൂരിപക്ഷം പേർക്കും ഒ.എം.ആർ. ഷീറ്റിൽ പരീക്ഷയെഴുതാൻ ബുദ്ധിമുട്ടില്ലെന്നാണ് അഭിപ്രായപ്പെട്ടത്.
- പാഠപുസ്തകത്തിന്റെ ഉള്ളടക്കത്തിന്റെ അടിസ്ഥാനത്തിലാണ് ചോദ്യപേപ്പർ തയ്യാറാക്കിയത് എന്ന് 50% അധ്യാപകർ യോജിക്കുകയും 45% പേർ ഭാഗീകമായി യോജിക്കുമ്പോൾ 5% പേർ തീരെ യോജിച്ചില്ല.
- വിദ്യാർത്ഥിസൗഹൃദപരമാണ് പരീക്ഷയുടെ ചോദ്യങ്ങളെന്ന് 45% അധ്യാപകർ പൂർണ്ണമായും യോജിച്ചപ്പോൾ 46% പേർ ഭാഗീകമായി യോജിച്ചു. എന്നാൽ 9% പേർ ഇതിനോട് വിയോജിപ്പ് രേഖപ്പെടുത്തി.
- 2016 മുതൽ 2018 വരെയുള്ള ചോദ്യപേപ്പർ വിശകലനം നടത്തിയപ്പോൾ ഗണിതത്തിൽ ഭൂരിപക്ഷം ചോദ്യങ്ങളും (75% മുതൽ 100% വരെ) ഉയർന്ന ചിന്താശേഷി തലത്തിലുള്ളതാണെന്ന് കണ്ടെത്തി.
- പരീക്ഷയിലെ ചോദ്യങ്ങൾക്ക് പാഠപുസ്തകത്തിലെ ഉള്ളടക്കവുമായി നല്ല ബന്ധമുണ്ടെന്ന് 48% കുട്ടികളും ഭാഗികമായി ബന്ധമുണ്ടെന്ന് 52% പേരും അഭിപ്രായപ്പെട്ടു.
- സ്കോളർഷിപ്പ് ലഭിക്കുന്നതുകൊണ്ട് കുട്ടികൾക്ക് പഠനമികവിന്റെ അംഗീകാരമാണെന്ന് 71% അധ്യാപകരും വിദ്യാലയത്തിന് സമൂഹത്തിൽനിന്നും ലഭിക്കുന്ന അംഗീകാരമാണെന്ന് 72% പേരും കുട്ടികൾക്ക് പ്രചോദനമാണെന്ന് 19% പേരും എന്നാൽ മത്സരപരീക്ഷയെ അഭിമുഖീകരിക്കാനുള്ള പരിശീലനമാണെന്ന് 19% പേരും അഭിപ്രായപ്പെട്ടു.

- സ്കോളർഷിപ്പ് പരീക്ഷയുടെ പ്രക്രിയ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശമായി 29% അധ്യാപകർ ഇരട്ടമൂല്യ നിർണ്ണയം വേണമെന്നും 23% പേർ പുനർമൂല്യനിർണ്ണയം വേണമെന്നും അഭിപ്രായപ്പെട്ടതായി പഠനം കണ്ടെത്തി.

**എൻ.എം.എം.എസ്.**

- പരീക്ഷയ്ക്ക് അപേക്ഷിക്കേണ്ട രീതി ബഹുഭൂരിപക്ഷം കുട്ടികൾക്കും (98%) സ്കൂളുകളിൽ നിന്നാണ് ലഭ്യമായിട്ടുള്ളത്.
- പരീക്ഷയെ സംബന്ധിച്ചും ഇതിന്റെ വിവിധ ഘട്ടങ്ങളെക്കുറിച്ചും, പ്രാധാന്യത്തെക്കുറിച്ചും അറിയാവുന്നവരാണ് ഭൂരിപക്ഷം അധ്യാപകരും (78%). എന്നാൽ 22% പേർക്ക് പരീക്ഷയെക്കുറിച്ച് വലിയ ധാരണയില്ലെന്ന് പഠനം രേഖപ്പെടുത്തുന്നു.
- പരീക്ഷയുടെ പ്രാധാന്യത്തെക്കുറിച്ചും വിവിധ ഘട്ടങ്ങളെക്കുറിച്ചും 78% അധ്യാപകർക്ക് നല്ല ധാരണയുണ്ടെന്ന് പഠനം തെളിയിക്കുന്നു.
- വിദ്യാഭ്യാസവകുപ്പിന് പരീക്ഷാ നടത്തിപ്പിൽ ജാഗ്രതയുണ്ടെന്നു 73% അധ്യാപകരും അഭിപ്രായപ്പെട്ടപ്പോൾ 24% പേർ അത്ര കണ്ട് ജാഗ്രത ഇല്ലെന്നും 3% പേർ തീരെ ജാഗ്രത കാണിക്കുന്നില്ലെന്നും അഭിപ്രായം രേഖപ്പെടുത്തി.
- സർവ്വേയിൽ പങ്കെടുത്ത എൻ.എം.എം.എസ്. പരീക്ഷ എഴുതിയ വിദ്യാർത്ഥികളുടെ കുടുംബ വാർഷിക വരുമാനം വിശകലനം ചെയ്തപ്പോൾ മൂവായിരം (3000) രൂപയ്ക്ക് താഴെ വരുമാനം ഉള്ളവർ 49% പേരാണെന്ന് മനസ്സിലാക്കാൻ സാധിച്ചു. മൂവായിരത്തി ഒന്നിനും പതിനായിരത്തിനും (3001-10000) ഇടയിൽ വരുമാനമുള്ളവർ 34% ആണ്. പതിനായിരത്തി ഒന്നിനും ഇരുപതിനായിരത്തിനും (10,001 - 20,000) ഇടയിൽ വരുമാനമുള്ളവർ 14% ആണ്. ഇരുപത്തയ്യായിരത്തി ഒന്നിനും അമ്പതിനായിരത്തിനും (25,001 - 50,000) ഇടയിൽ കുടുംബവരുമാനം ഉള്ളവർ 3% വും, അമ്പതിനായിരത്തി ഒന്നിന് (50,001) ന് മുകളിൽ വരുമാനമുള്ളവർ 1% മാത്രമാണെന്ന് പഠനത്തിൽ നിന്നും മനസ്സിലായി.
- സർവ്വേയിൽ പങ്കെടുത്ത കുട്ടികൾ ഉൾപ്പെടുന്ന സാമൂഹ്യവിഭാഗം വിശകലനം ചെയ്തപ്പോൾ, 56 (30%) കുട്ടികൾ പൊതുവിഭാഗത്തിൽപ്പെടുന്നവരാണ്. 18 (10%) കുട്ടികൾ എസ്.സി/ എസ്.ടി. വിഭാഗത്തിലും, 112 (60%) കുട്ടികൾ ഒ.ബി.സി. വിഭാഗത്തിലും ഉൾപ്പെട്ടവരാണെന്ന് പഠനത്തിൽ കണ്ടെത്തി.
- പരീക്ഷയെക്കുറിച്ചുള്ള വിവരങ്ങൾ ബഹുഭൂരിപക്ഷം കുട്ടികൾക്കും (94%) വിദ്യാലയത്തിൽ നിന്നാണ് ലഭിച്ചതെന്ന് മനസ്സിലാക്കാം. പത്രത്തിലൂടെ 12% കുട്ടികൾക്ക് പരീക്ഷയെക്കുറിച്ചുള്ള വിവരം ലഭ്യമായപ്പോൾ ഇന്റർനെറ്റ് വഴിയും സുഹൃത്ത് വഴിയും 2% കുട്ടികൾക്ക് മാത്രമാണ് അറിവ് ലഭിച്ചിട്ടുള്ളത്. രക്ഷിതാവിൽ നിന്ന് കേവലം 1% കുട്ടികൾക്ക് മാത്രമാണ് അറിവ് ലഭിച്ചിട്ടുള്ളത്.
- പ്രാഥമിക പരീക്ഷയെതുന്നതിനുള്ള പരിശീലനം 62% പേർക്ക് ലഭ്യമായെന്നും, എന്നാൽ 38% കുട്ടികൾ പ്രാഥമിക പരിശീലനം ലഭിക്കാതെയാണ് പരീക്ഷയെഴുതിയത് എന്നും പഠനം വ്യക്തമാക്കുന്നു.
- ഏറ്റവും കൂടുതൽ കുട്ടികൾക്ക് പരിശീലനം ലഭിച്ചത് അവർ പഠിക്കുന്ന വിദ്യാലയത്തിൽ നിന്നാണ് (57%). രക്ഷിതാക്കൾ വഴി പരിശീലനം ലഭിച്ചവർ 14% വും മറ്റ് സ്രോതസ്സുകളെ ആശ്രയിച്ചവർ കേവലം 2% നവുമാണ്.

- പരീക്ഷയ്ക്ക് പ്രത്യേക പരിശീലനം നൽകണമെന്ന അഭിപ്രായത്തോട് ബഹുഭൂരിപക്ഷം (89%) അധ്യാപകരും യോജിച്ചപ്പോൾ 10% പേർ ഏറെക്കുറെ യോജിക്കുകയും 4% പേർ അഭിപ്രായത്തോട് വിയോജിക്കുകയും ചെയ്തു. എൻ.എം.എം.എസ്. പരീക്ഷയ്ക്ക് കുട്ടികൾക്ക് പ്രത്യേകം പരിശീലനം ആവശ്യമാണെന്ന് പഠനം വ്യക്തമാക്കുന്നു.
- പരീക്ഷയിൽ വിദ്യാലയതലപിന്തുണ തൃപ്തികരമാണെന്ന അഭിപ്രായമാണ് 66% അധ്യാപകർക്കും. എന്നാൽ 27% പേർ പ്രസ്താവനയോട് ഏറെകുറെ യോജിച്ചപ്പോൾ 7% അധ്യാപകർക്ക് ഈ പ്രസ്താവനയോട് തീരെ യോജിപ്പില്ല.
- വിദ്യാലയത്തിൽ നിന്ന് നിരവധി പിന്തുണകൾ നൽകാറുണ്ടെന്ന് അധ്യാപകർ അഭിപ്രായപ്പെട്ടു. പ്രത്യേക പരിശിലീനം നൽകുന്നുവെന്ന് 71% അധ്യാപകരും കൈപുസ്തകം നൽകുന്നുവെന്ന് 40% പേരും, മാതൃകാ ചോദ്യപേപ്പർ പരിശീലനം നൽകുന്നുവെന്ന് 39% പേരും രേഖപ്പെടുത്തി.
- അധിക പിന്തുണയെ സംബന്ധിച്ച്, 66% അധ്യാപകർ പാഠപുസ്തകവുമായി ബന്ധപ്പെട്ട അധികപ്രവർത്തനം വേണമെന്നും 40% പേർ കൈപുസ്തകം വേണമെന്നും 21% പേർ പ്രത്യേക പരിശീലനം വേണമെന്നും അഭിപ്രായപ്പെട്ടു. ഇരുപത്തിരണ്ട് ശതമാനംപേർ മാതൃകാ പരീക്ഷയും 9% പേർ ഒ.എം.ആർ. പരിശീലനവും വേണമെന്ന് ആവശ്യപ്പെടുകയുണ്ടായി.
- ഡിപ്പാർട്ട്മെന്റിൽ നിന്നും നിങ്ങൾ പ്രതീക്ഷിക്കുന്ന അധികപിന്തുണ എന്ന പ്രസ്താവനയോട് പ്രതികരിച്ചവരിൽ 63% പേർ അധ്യാപക പരിശീലനത്തിൽ ഊന്നൽ നൽകണമെന്നും 12% പേർ മാതൃകാപരീക്ഷയും കൈപുസ്തകവും ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടു.
- പരീക്ഷയെഴുതുന്ന സമയത്ത് യാതൊരുവിധ മാനസിക സമ്മർദ്ദവും 69% കുട്ടികൾക്കും അനുഭവപ്പെടുന്നില്ലെന്ന് കണ്ടെത്തിയപ്പോൾ, 31% കുട്ടികൾക്ക് പരീക്ഷാ സമയത്ത് മാനസിക സമ്മർദ്ദം അനുഭവപ്പെടുന്നെന്ന് പഠനം വ്യക്തമാക്കുന്നു.
- ചോദ്യങ്ങൾ വായിച്ച് പൂർണ്ണമായും ഗ്രഹിക്കാൻ സാധിച്ച കുട്ടികൾ 71% ആണ്. എന്നാൽ 32% കുട്ടികൾക്ക് ഭാഗീകമായേ ചോദ്യങ്ങൾ ഗ്രഹിക്കാൻ കഴിഞ്ഞുള്ളൂ. തീർത്തും ഗ്രഹിക്കാൻ കഴിയാതിരുന്നവർ 2% കുട്ടികളാണ്.
- എസ്.എ.റ്റി, എം.എ.റ്റി എന്നീ രണ്ട് വിഭാഗങ്ങളായിട്ടാണ് ചോദ്യങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിൽ, എസ്.എ.റ്റി.യിൽ ഓർമ്മപരിശോധനയ്ക്കാണ് കൂടുതൽ വെയ്റ്റേജ് - 66% (2016), 49% (2017), 58% (2018) എന്നിങ്ങനെയാണ് ചോദ്യങ്ങൾ നൽകിയിരിക്കുന്നത്.
- എം.എ.റ്റി.യിൽ 41% (2016), 58% (2017), 54% (2018), പ്രശ്നനിർദ്ധാരണം 42% (2016), 14% (2017), 27% (2018) എന്നിങ്ങനെയാണ് വെയ്റ്റേജ് കല്പിച്ചിരിക്കുന്നത്.
- സ്കോളർഷിപ്പ് ലഭിക്കുന്നതുകൊണ്ട് കുട്ടിക്കും വിദ്യാലയത്തിനും ഒട്ടേറെ നേട്ടങ്ങളുണ്ട് എന്ന് എല്ലാ അധ്യാപകരും അഭിപ്രായപ്പെട്ടു. കുട്ടിയുടെ പഠനമികവിന്റെ അംഗീകാരം എന്ന് 52% അധ്യാപകരും പറഞ്ഞപ്പോൾ 45% പേർ സാമ്പത്തിക സഹായം ലഭിക്കുന്നതായി അഭിപ്രായപ്പെട്ടു.

**എൻ.ടി.എസ്.**

- സ്കോളർഷിപ്പ് പരീക്ഷയെ കുറിച്ച് 48% കുട്ടികൾ രക്ഷിതാവിൽ നിന്നും അറിഞ്ഞു. 32% പേർ വിദ്യാലയത്തിൽ നിന്നും 22% പേർ ഇന്റർനെറ്റ് സംവിധാനം വഴിയും 22% പേർ

സുഹൃത്തിൽ നിന്നും 4% പേർ പത്രത്തിൽ നിന്നും പരീക്ഷയെക്കുറിച്ച് അറിഞ്ഞു എന്ന് പഠനം സൂചിപ്പിക്കുന്നു.

- പഠനത്തിൽ മികവുള്ള കുട്ടികളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനുള്ള മികച്ച ഇട പെടലാണ് എൻ.റ്റി.എസ്. പരീക്ഷ എന്ന് ഭൂരിപക്ഷം അധ്യാപകരും (75%) യോജിച്ചപ്പോൾ 20% ഏറെക്കുറെ യോജിക്കുകയും 5% പേർ യോജിക്കുന്നില്ല എന്നും അഭിപ്രായപ്പെട്ടു.
- പ്രധാന പരീക്ഷയ്ക്ക് പ്രാഥമിക പരീക്ഷ നൽകിയ പിന്തുണ വിശദമാക്കിയപ്പോൾ 42% പേർ പൂർണ്ണമായും 56% പേർ ഭാഗീകമായും പ്രയോജനപ്രദമായിരുന്നുവെന്ന് പറഞ്ഞ പ്പോൾ 2% പേർ തീരെ പ്രയോജനപ്രദമായിരുന്നില്ല എന്ന് പറഞ്ഞു.
- പരീക്ഷാ നടപടികളുടെ തുടക്കം മുതൽ ഒടുക്കം വരെ ഡിപ്പാർട്ട്മെന്റ് നല്ല ജാഗ്രത യോടെ ഇടപെടുന്നു എന്ന് ഭൂരിപക്ഷം അധ്യാപകരും (75%) യോജിച്ചപ്പോൾ 20% ഏറെ ക്കുറെ യോജിക്കുകയും 5% യോജിക്കുന്നില്ല എന്നും അഭിപ്രായപ്പെട്ടു.
- സർട്ടിഫിക്കറ്റ്, സ്കോളർഷിപ്പ് തുക എന്നിവ ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നു എന്ന് കുറച്ച് രക്ഷിതാക്കൾ അഭിപ്രായപ്പെട്ടു.
- എൻ.റ്റി.എസ്.ഇ. യിൽ നിലവിൽ കേരളത്തിന്റെ വിജയശതമാനം തൃപ്തികരമാണെന്ന് 21% അധ്യാപകർ യോജിച്ചപ്പോൾ 27% ഏറെക്കുറെ യോജിക്കുകയും 52% യോജിക്കുന്നില്ല എന്നും അഭിപ്രായപ്പെട്ടു.
- കുട്ടികളുടെ സാമൂഹ്യ-സാമ്പത്തികസ്ഥിതി പരീക്ഷാവിജയത്തെ സ്വാധീനിക്കുന്നുണ്ട് എന്ന പ്രസ്താവനയോട് (44%) അധ്യാപകർ യോജിച്ചപ്പോൾ 46% ഏറെക്കുറെ യോജിക്കുകയും 10% യോജിക്കുന്നില്ല എന്നും അഭിപ്രായപ്പെട്ടു.
- 2016-17 വർഷത്തിൽ അപേക്ഷിച്ചവരുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2017-18 വർഷം വീണ്ടും കുറഞ്ഞതായി കാണുന്നു. പാസ്സായവരുടെ എണ്ണത്തിൽ 2015-16 വർഷ ത്തേക്കാളും (0.19%) കുറവാണ് (0.12%) 2016-17 ൽ ഉള്ളത്. 2017-18 വർഷത്തെ പരീക്ഷാ ഫലം വിലയിരുത്തിയപ്പോൾ വിജയശതമാനം 0.22% എന്ന് കണ്ടെത്തി.
- രണ്ടാം ഘട്ടത്തിലെ പരീക്ഷയ്ക്ക് ആകെ തിരഞ്ഞെടുത്ത 111 കുട്ടികളിൽ, 24 (22%) സ്കോളർഷിപ്പിന് അർഹരായി. ഇതിൽ 21 (88%) ജനറൽ വിഭാഗക്കാരും 2 (8%) ഒ.ബി. സി. വിഭാഗത്തിലുള്ളവരും 1 കുട്ടി (4%) എസ്.സി/എസ്.റ്റി. വിഭാഗത്തിലും ഉൾപ്പെട്ടവ രാണ്. സംസ്ഥാനതലത്തിൽ വിജയശതമാനം കുറവാണെന്ന് പഠനത്തിൽ നിന്നും മന സ്സിലാക്കാം. സ്കോളർഷിപ്പ് ലഭിച്ചവരിൽ ഭൂരിഭാഗംപേരും ജനറൽ വിഭാഗത്തിൽപ്പെട്ട കുട്ടികളാണ്.
- പരീക്ഷയിൽ പങ്കെടുത്ത 111 കുട്ടികളിൽ 11 പേർ (10%) ഒരു ലക്ഷത്തിൽ താഴെ വരുമാന മുള്ളവരും 2 പേർ (2%) ഒന്ന് തൊട്ട് 2 ലക്ഷം രൂപ വരെ വരുമാനമുള്ളവരും 5 പേർ (4%) രണ്ട് മുതൽ മൂന്ന് ലക്ഷം രൂപ വരുമാനമുള്ളവരും 4 പേർ (4%) മൂന്ന് മുതൽ നാല് ലക്ഷം രൂപ വരുമാനമുള്ളവരും 13 പേർ (12%) 5 ലക്ഷം രൂപ വരെ വരുമാനമുള്ളവരും 74 പേർ (66%) 5 ലക്ഷത്തിനു മുകളിൽ വരുമാനമുള്ളവരുമാണെന്ന് പഠനത്തിൽ നിന്നും മനസ്സി ലായി.
- പ്രാഥമിക പരീക്ഷ എഴുതുന്നതിന് 58% കുട്ടികൾക്ക് പരിശീലനം ലഭിച്ചിരുന്നു. എന്നാൽ, 42% പേർക്ക് പരിശീലനം ലഭിച്ചിട്ടില്ലെന്ന് പഠനം വ്യക്തമാക്കുന്നു.

- പ്രാഥമിക പരീക്ഷയിൽ 14% കുട്ടികൾക്ക് രക്ഷിതാവിൽനിന്നും, 6% പേർക്ക് വിദ്യാലയ ത്തിൽ നിന്നും, 48% പേർക്ക് കോച്ചിങ് സെന്റർ വഴിയുമാണ് പ്രാഥമിക പരീക്ഷ എഴുതാൻ പരിശീലനം ലഭിച്ചത്.
- പ്രധാന പരീക്ഷയക്ക് 42% പേർക്ക് എസ്.സി.ഇ.ആർ.ടി. യിൽ നിന്നാണ് പരിശീലനം ലഭി ച്ചത്. 12% പേർക്ക് കോച്ചിങ് സെന്റർ വഴിയും, 6% പേർക്ക് രക്ഷിതാവിൽ നിന്നും സഹായം ലഭിച്ചതായിട്ടാണ് കണ്ടെത്തിയിട്ടുള്ളത്.
- പഠനമികവുള്ളവരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനുള്ള സംവിധാനം എന്ന നില യിൽ എൻ.റ്റി.എസ്. പരീക്ഷയിൽ കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകേണ്ടത് ആവ ശ്യമാണ് എന്ന പ്രസ്താവനയോട് ഭൂരിപക്ഷം അധ്യാപകരും (88%) യോജിച്ചപ്പോൾ 9% ഏറെക്കുറെ യോജിക്കുകയും 3% യോജിക്കുന്നില്ല എന്നും അഭിപ്രായപ്പെട്ടു.
- എൻ.ടി.എസ്. പരീക്ഷയ്ക്ക് വേണ്ടി എസ്.സി.ഇ.ആർ.ടി. നടത്തുന്ന പരിശീലനം തൃപ്തി കരമാണെന്ന് 20% പേർ യോജിച്ചപ്പോൾ 43% ഏറെക്കുറെ യോജിക്കുകയും 37% യോജി ക്കുന്നില്ല എന്നും അഭിപ്രായപ്പെട്ടു.
- ചോദ്യങ്ങൾ സ്വയം വായിച്ച് ഗ്രഹിക്കാൻ കഴിയുന്ന തരത്തിലാണെന്ന് 82% കുട്ടികൾ പറ ഞ്ഞിട്ടുണ്ട്. ഭാഗീകമായി മനസിലാക്കാൻ കഴിയുന്നു എന്ന് 14% പേർ പറഞ്ഞപ്പോൾ, 4% പേർക്ക് സ്വയം വായിച്ച് മനസിലാക്കാൻ കഴിഞ്ഞിരുന്നില്ല എന്ന് പറഞ്ഞിട്ടുണ്ട്.
- എൻപത് ശതമാനം കുട്ടികൾക്ക് ബുദ്ധിമുട്ടേറിയ മേഖല എസ്.എ.റ്റി. (സാറ്റ്) ആണെന്നും 20% പേർക്ക് എം.എ.റ്റി. (മാറ്റ്) ആണെന്നും രേഖപ്പെടുത്തി.
- പ്രതികരിച്ചവരിൽ 60% അധ്യാപകരും പാഠപുസ്തകങ്ങളിലെ അധികപ്രവർത്തനങ്ങൾ അധിക പിന്തുണയായി പരീക്ഷാർത്ഥികൾക്ക് നൽകണമെന്ന് പറഞ്ഞു. പഠനസഹായി കൾ വിതരണം ചെയ്യണമെന്നും ചോദ്യബാങ്ക് കുട്ടികൾക്ക് ലഭ്യമാക്കണമെന്നും 24% പേർ പറഞ്ഞു. വിദഗ്ധരുടെ ക്ലാസ് ആവശ്യമാണെന്ന് 22% പേർ അഭിപ്രായപ്പെട്ടു. മാനസിക പിരിമുറുക്കം കുറയ്ക്കാനുള്ള കൗൺസിലിങ് വേണമെന്ന് 8% പേർ പറഞ്ഞു.
- തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്നും സന്നദ്ധസംഘടനകളിൽ നിന്നും അധിക പ്രവർത്തനത്തിനുള്ള സഹായം വേണമെന്ന് 22% പേരും വിദഗ്ധരുടെ ക്ലാസ് വേണ മെന്ന് 36% പേരും മോഡൽ പരീക്ഷ നടത്തണമെന്ന് 31% പേരും അധികപരിശീലന സമ യത്ത് കുട്ടികൾക്ക് ലഘുഭക്ഷണം ലഭ്യമാക്കണമെന്ന് അഭിപ്രായപ്പെട്ടു. പ്രത്യേക കൈപ്പു സ്തകം ലഭ്യമാക്കണമെന്ന് 17% പേരും അഭിപ്രായപ്പെട്ടു.

## നിർദ്ദേശങ്ങൾ

### എൽ.എസ്.എസ്.

- പ്രതിഭാധനരായ വിദ്യാർത്ഥികളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിന് അനുയോജ്യ മായ കൂടുതൽ പ്രവർത്തനങ്ങൾ വിദ്യാലയങ്ങളിൽ നടപ്പിലാക്കേണ്ടതാണ്.
- ക്ലാസ്സ് ചാർജുള്ള അധ്യാപകർക്ക് പുറമെ എല്ലാ അധ്യാപകരും സ്കൂൾതലത്തിൽ തിര ഞ്ഞെടുക്കപ്പെടുന്ന കുട്ടികൾക്ക് അംഗീകാരവും പ്രോത്സാഹനവും പരിശീലനവും നൽകേ ണ്ടതാണ്.
- പരിചയപ്പെടുത്തുന്ന ചോദ്യങ്ങൾ കുട്ടികൾക്ക് ഗ്രഹിക്കാൻ പറ്റുന്ന തരത്തിൽ ലളിതവും ശിശുസൗഹൃദപരവുമായിരിക്കേണ്ടതാണ്.
- യാതൊരുവിധ സമ്മർദ്ദവും ഇല്ലാതെ തന്നെ സ്കോളർഷിപ്പ് പരീക്ഷ എഴുതാൻ കുട്ടി കളെ സജ്ജരാക്കേണ്ടതുണ്ട്.

- സ്കോളർഷിപ്പ് പരീക്ഷയുടെ പ്രാധാന്യത്തെ കുറിച്ച് മുഴുവൻ രക്ഷിതാക്കൾക്കും യഥാസമയം ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും, അക്കാദമിക പിന്തുണ നൽകുവാൻ ആവശ്യമായ സാമഗ്രികൾ കുട്ടികൾക്ക് നൽകുന്നതിന് നൽകുന്നതിന് അവരെ നിർദ്ദേശിക്കുകയും ചെയ്യേണ്ടതാണ്.
- പാഠപുസ്തകത്തിലെ ഉള്ളടക്കത്തിന്റെ അടിസ്ഥാനത്തിൽ തന്നെയാണ് പരീക്ഷയുടെ ചോദ്യങ്ങൾ തയ്യാറാക്കിയിരിക്കുന്നത് എന്നു ഉറപ്പുവരുത്തണം.
- പരീക്ഷയുടെ മൂല്യനിർണ്ണയസൂചകങ്ങൾ കൃത്യതയുള്ളതായിരിക്കണം. ചോദ്യങ്ങളുടെ ഉത്തരസൂചിക വ്യക്തവും, പൂർണ്ണവും, സ്പഷ്ടവും ആയിരിക്കാൻ ശ്രദ്ധിക്കേണ്ടതായുണ്ട്.
- സാമ്പത്തിക, സാമൂഹിക സ്ഥിതിമോശമായ കുട്ടികൾക്ക് പിന്തുണയും പ്രത്യേക പരിഗണനയും നൽകേണ്ടതാണ്.
- തുടക്കം മുതൽ ഫലപ്രഖ്യാപനം വരെയുള്ള വിവിധ ഘട്ടങ്ങളിൽ നിലവിലുള്ള രീതിയിൽ തന്നെ ഫലപ്രദമായ മോണിറ്ററിങ്ങിന് വിധേയമാക്കേണ്ടതാണ്.
- പരീക്ഷയുമായി ബന്ധപ്പെട്ട് ഡിപ്പാർട്ട്മെന്റ് യഥാസമയം സ്കൂളുകൾക്ക് പിന്തുണ നൽകേണ്ടതുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സന്നദ്ധസംഘടനകളും പരീക്ഷയ്ക്കു ആവശ്യമായ സഹായ സഹകരണം നൽകേണ്ടതുണ്ട്.
- ഗണിതത്തിലേയും ജി.കെ.യിലെയും ചോദ്യങ്ങളുടെ നിലവാരം വളരെയധികം കൂടിപ്പോകാതെയിരിക്കാൻ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്.
- കുട്ടികളെ തിരഞ്ഞെടുത്ത വിവരം വൈകി മാത്രം അറിയുന്ന അവസ്ഥ പരീക്ഷയ്ക്ക് വേണ്ടിയുള്ള തയ്യാറെടുപ്പിനെ പ്രതികൂലമായി ബാധിക്കും എന്നതിനാൽ ഒന്നാം പാദ വാർഷിക പരീക്ഷയിൽ കുട്ടിയുടെ മികവിന്റെ അടിസ്ഥാനത്തിൽ എൽ.എസ്.എസ്. പരീക്ഷയ്ക്ക് കുട്ടികളെ സെലക്ട് ചെയ്തു കഴിഞ്ഞാൽ കഴിവതും വേഗത്തിൽ പ്രസ്തുത കുട്ടികളേയും രിക്ഷിതാക്കളേയും സ്കൂളിൽ നിന്ന് വിവരം അിറയിക്കേണ്ടതുണ്ട്.

**യു.എസ്.എസ്.**

- വിദ്യാലയത്തിൽ വെച്ച് ലഭിക്കുന്ന സ്കോളർഷിപ്പ് പരിശീലനം ഒരു പരിധി വരെ കുട്ടികളെ സ്കോളർഷിപ്പ് നേടുന്നതിന് സഹായിക്കുന്നു. ക്ലാസ്റൂം അനുഭവങ്ങൾക്ക് പുറമെ മികവുറ്റ പരിശീലനം കുട്ടികൾക്ക് ലഭിക്കാൻ വിദ്യാലയം, ലോക്കൽ സെൽഫ് ഗവൺമെന്റ്, സന്നദ്ധസംഘടനകൾ എന്നിവ കൈകോർക്കണം. ഇത്തരത്തിലുള്ള തീരുമാനമുണ്ടാകാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കണം.
- യു.എസ്.എസ്. പരീക്ഷ പോലുള്ള മത്സരപരീക്ഷകളുടെ പ്രാധാന്യത്തെക്കുറിച്ച് രക്ഷിതാക്കൾക്ക് യഥാസമയം ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും, രക്ഷിതാക്കളുടെ ഭാഗത്തുനിന്നും പരീക്ഷാർത്ഥികൾക്ക് ലഭ്യമാകേണ്ടതായ പിന്തുണ യഥാസമയം ലഭിക്കുന്നുവെന്ന് ഉറപ്പു വരുത്തുകയും വേണം.
- ഡിപ്പാർട്ട്മെന്റ് തലത്തിൽ ഔദ്യോഗികമായി തന്നെ യു.എസ്.എസ്. മോക്ക് പരീക്ഷ നടത്തുകയും പരീക്ഷാർത്ഥികളായ മുഴുവൻ കുട്ടികൾക്കും ചോദ്യമാതൃകകളും ഒ.എം.ആർ. രീതികളും പരിചയപ്പെടാൻ അവസരമൊരുക്കുകയും വേണം.
- പരീക്ഷയുടെ ഭാഗമായി വിദ്യാലയങ്ങളിൽ നടക്കുന്ന വിവിധങ്ങളായ അക്കാദമിക പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുവേണ്ടി എ.ഇ.ഒ. തലത്തിൽ അജണ്ടവെച്ചു കൊണ്ടുള്ള ചർച്ചയും സബ്ജില്ലാതല മോണിറ്ററിങ്ങും നടത്തേണ്ടതാണ്.
- പരീക്ഷാ അപേക്ഷകരായ പ്രതിഭാധനരായ വിദ്യാർത്ഥികളുടെ കൂടിച്ചേരലും വിദ്ഗധരുടെ ക്ലാസ്സും മാസത്തിൽ ഒന്നു വീതം ഗ്രാമപഞ്ചായത്തുകളുടെ ആഭിമുഖ്യത്തിൽ സംഘ

ടിപ്പിച്ച് പരമാവധി വിജയം ഉറപ്പിക്കാനുള്ള നടപടികൾ എൽ.എസ്.ജി.ഡി. കൈക്കൊള്ളണം.

- പരീക്ഷയുമായി ബന്ധപ്പെട്ട ഭയം, ജയപരാജയത്തെ സംബന്ധിച്ച ആശങ്കകൾ, മാനസിക സമ്മർദ്ദം എന്നിവ ദൂരീകരിക്കാനുള്ള കൗൺസിലിങ് ക്ലാസ്സുകൾ ഓരോ വിദ്യാലയത്തിലും സംഘടിപ്പിക്കുന്നത് ഉചിതമായിരിക്കും.
- പരീക്ഷയിലെ ചോദ്യങ്ങളിലെ ഭാഷാ പ്രയോഗങ്ങൾ കുട്ടികൾക്ക് എളുപ്പത്തിൽ ഗ്രഹിക്കത്തക്കതാകാൻ ചോദ്യകർത്താക്കൾ ശ്രദ്ധിക്കേണ്ടതുണ്ട്.
- സ്കോളർഷിപ്പ് ലഭിക്കുകയെന്നത് ഏതൊരു കുട്ടിയുടെയും സ്വപ്നമാണ്. സ്കോളർഷിപ്പ് നേടി കഴിഞ്ഞാൽ കുട്ടികൾക്ക് ലഭിക്കേണ്ടുന്ന സർട്ടിഫിക്കറ്റ്, സാമ്പത്തിക ആനുകൂല്യങ്ങൾ, അനുമോദനങ്ങൾ എന്നിവ സമയബന്ധിതമായി നൽകാനുള്ള തയാറെടുപ്പുകൾ ഡിപ്പാർട്ട്മെന്റ് തലത്തിലും സമൂഹത്തിലും ഉണ്ടാകണം.
- സ്കോളർഷിപ്പ് പരീക്ഷകളിലെ വിജയം വിദ്യാലയത്തിനും നാടിനും അഭിമാകനകരമായതിനാൽ, വിജയം കരസ്ഥമാക്കിയ പാവപ്പെട്ട വിദ്യാർത്ഥികളുടെ തുടർപഠനം സാമൂഹ്യസന്നദ്ധ സംഘടനകൾ ഏറ്റെടുക്കാനുള്ള നടപടികൾ കൈക്കൊള്ളണം. പഠന ചെലവിലേക്കുള്ള ഫണ്ട് മൊബിലെസേഷൻ പി.ടി.എ. കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തി പാവപ്പെട്ട കുട്ടികളുടെ പഠനം ഉറപ്പുവരുത്തണം.
- പരീക്ഷയിലെ എല്ലാ വിഷയങ്ങൾക്കും പ്രത്യേക പരിശീലനങ്ങൾ ആവശ്യമാണ്. എന്നാൽ കുട്ടികൾക്ക് ഏറ്റവും കൂടുതൽ വിഷമം അനുഭവപ്പെടുന്ന വിഷയങ്ങളായ ഗണിതം, ഇംഗ്ലീഷ് എന്നിവയ്ക്ക് അടിസ്ഥാനപരവും സമഗ്രവുമായ കോച്ചിങ്ങ് നൽകേണ്ടത് ആവശ്യമാണ്.
- പരീക്ഷാ സാമഗ്രികളായ കൈപ്പുസ്തകങ്ങൾ മാതൃകാ ചോദ്യപേപ്പർ ശേഖരം, പരീക്ഷയ്ക്ക് സഹായകരമാകുന്ന പ്രസിദ്ധീകരണങ്ങൾ എന്നിവ കുട്ടികൾക്ക് എത്തിച്ചു നൽകാൻ പഞ്ചായത്തുതല വിദ്യാഭ്യാസസമിതിയുടെ മേൽനോട്ടത്തിൽ നടക്കണം.
- പരീക്ഷയ്ക്ക് വേണ്ടി കുട്ടികളെ തിരഞ്ഞെടുത്ത് കഴിഞ്ഞാൽ രേഖാമൂലം തന്നെ കുട്ടികളേയും രക്ഷിതാക്കളെയും അറിയിക്കാനുള്ള സംവിധാനം സ്കൂൾതലത്തിൽ ഉണ്ടാവണം.
- ഭൂരിപക്ഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മെറിറ്റ് സ്കോളർഷിപ്പ് പരീക്ഷകളിൽ ഫലം മെച്ചപ്പെടുത്താനുള്ള ഒരു പ്രവർത്തനവും ഏറ്റെടുക്കുന്നില്ലെന്ന് പഠനത്തിലൂടെ മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. സ്കോളർഷിപ്പ് പരീക്ഷകളിലെ വിജയം അക്കാദമിക നിലവാരത്തിന് പൂരകമായതിനാലും വിദ്യാഭ്യാസ നിലവാരം ഉയർത്തേണ്ടുന്ന ഉത്തരവാദിത്വം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായതിനാലും സജീവമായ ഇടപെടൽ ഈ കാര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗത്ത് നിന്നും ഉണ്ടാകേണ്ടതാണ്.

**എൻ. എം. എം. എസ്.**

- പരീക്ഷാ തയാറെടുപ്പിനുവേണ്ട വിദഗ്ധ പരിശീലനങ്ങൾ കുട്ടികൾക്കും അധ്യാപകർക്കും വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ നൽകണ്ടേതാണ്.
- പരീക്ഷയ്ക്ക് വീട്ടിൽനിന്നു തന്നെ കുട്ടികളെ തയാറെടുപ്പിക്കാനാവശ്യമായ അറിവ് നൽകും വിധത്തിലുള്ള ഓറിയന്റേഷൻ വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ രക്ഷിതാക്കൾക്ക് നൽകണം.
- പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിക്കേണ്ടതിനു വേണ്ട യോഗ്യത, അപേക്ഷിക്കേണ്ട തീയതി, ആവശ്യമായ രേഖകൾ എന്നിവ മുഴുവൻ കുട്ടികളും മുൻകൂട്ടി അറിയാൻ വേണ്ട നടപടികൾ വിദ്യാലയത്തിന്റെ നേതൃത്വത്തിൽ നൽകേണ്ടതിനാൽ വിദ്യാഭ്യാസവകുപ്പിന്റെ സർക്കുലർ സമയാസമയത്ത് വിദ്യാലയത്തിൽ എത്തിക്കേണ്ടതാണ്.

- കൈപ്പുസ്തകങ്ങൾ, മാതൃകാ പരീക്ഷാസഹായികൾ, പരീക്ഷാപാഠങ്ങൾ എന്നിവ തയാറാക്കുന്നതിലും അവ യഥോചിതം പരിചയപ്പെടുത്തുന്നതിലും, ലഘുഭക്ഷണം, കൂട്ടായ പഠനത്തിനാവശ്യമായ സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തുന്നതിനും മുഴുവൻ പ്രാദേശിക ഭരണകൂടങ്ങളും, സാമൂഹ്യ-സന്നദ്ധസംഘടനകളും മുൻകൈ എടുക്കേണ്ടതാണ്.
- പരീക്ഷയ്ക്ക് കുട്ടികൾക്ക് തയാറെടുക്കാൻ വേണ്ട വിഷയ സംബന്ധമായ നിർദ്ദേശങ്ങളും, ആത്മവിശ്വാസം വളർത്താനാവശ്യമായ പിന്തുണയും നൽകിക്കൊണ്ടാവണം അധ്യാപകർ ക്ലാസ്സുകൾ കൈകാര്യം ചെയ്യേണ്ടത്.
- പരീക്ഷാ കേന്ദ്രങ്ങളിലെ പ്രവർത്തനങ്ങൾ സുഗമമാക്കാനും സമയബന്ധിതമായി പ്രവർത്തനങ്ങൾ നടക്കുന്നുവെന്ന് ഉറപ്പുവരുത്താനും മോണിറ്ററിങ് ടീം എല്ലാ കേന്ദ്രങ്ങളും സന്ദർശിക്കാനുള്ള നടപടികൾ കൈക്കൊള്ളേതാണ്.
- കുട്ടികൾക്ക് ഭയരഹിതമായി പരീക്ഷ എഴുതാനാവശ്യമായ തരത്തിലുള്ള കൗൺസിലിങ്, പാഠഭാഗങ്ങൾ പഠിപ്പിച്ചു തീർത്തതിനുശേഷമുള്ള മാതൃകാപരീക്ഷകൾ, ഗണിത ചോദ്യങ്ങൾക്ക് കൂടുതൽ സമയം, വിജയികൾക്കുള്ള അനുമോദന ചടങ്ങുകൾ തുടങ്ങിയവ ഉറപ്പുവരുത്താൻ ബന്ധപ്പെട്ട അധികാരികൾ ശ്രദ്ധിക്കേണ്ടതുണ്ട്.
- മത്സരപരീക്ഷയിലെ വിജയം കുട്ടികളുടെ തുടർപഠനത്തേയും ജീവിതത്തേയും തന്നെ ഗുണപരമായി ബാധിക്കുമെന്ന കാര്യം സ്കൂൾതലത്തിൽ എസ്.എം.സി, പി.ടി.എ, എം.പി.ടി.എ, ക്ലാസ് സി.ടി.എ, എസ്.ആർ.ജി, സബ്ജക്ട് കൗൺസിൽ എന്നീ തലങ്ങളിലെല്ലാം യോഗത്തിന്റെ ഒരു അജണ്ടയാക്കി കൊണ്ട് സജീവമായ ചർച്ചയാകാൻ നിർദ്ദേശങ്ങൾ നൽകേണ്ടതുണ്ട്.
- പരീക്ഷയ്ക്ക് അപേക്ഷിക്കാനുള്ള യോഗ്യതകളിൽ ഒന്നായ വരുമാനത്തിന്റെ പരിധി കുറച്ച് പരമാവധി കുട്ടികൾക്ക് അവസരം ലഭ്യമാക്കുക, സ്കോളർഷിപ്പ് തുകയും സർട്ടിഫിക്കറ്റും വേഗത്തിൽ ലഭ്യമാക്കുക, ആനുകാലിക ചോദ്യങ്ങൾ ഉൾപ്പെടുത്തുക എന്നീ നിർദ്ദേശങ്ങൾ കൂടി പരിഗണിക്കേണ്ടതുണ്ട്.
- പരീക്ഷാ സമയം കൂട്ടണം, ചോദ്യങ്ങൾ പെട്ടെന്ന് വായിച്ച് മനസ്സിലാക്കാൻ പറ്റുന്ന രീതിയിലുള്ളതാവണം, ഗണിതത്തിലെ ചോദ്യങ്ങൾ ലളിതമാവണം, SAT ലെ ചോദ്യങ്ങൾ ലളിതമാവണം, ചോദ്യമാതൃകകൾ പരിചയപ്പെടുത്തണം, പാഠഭാഗവുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ ഉൾപ്പെടുത്തണം, മാതൃകാ പരീക്ഷ നടത്തണം, വർഷാവസാനം പരീക്ഷ നടത്തണം, കൈപുസ്തകം ലഭ്യമാക്കണം എന്നിങ്ങനെ കുട്ടികൾ അഭിപ്രായപ്പെട്ടു.
